
# NEW VISION FOR A CHANGING WORLD

VOL. 3 ■ ISSUE 9 ■ MAY 2003

"AND BEGAN TO WASH THE FEET OF DISCIPLES" - John 13:5



ഈ ലക്കത്തിൽ

കാന്റർബറി ആർച്ച്ബിഷപ്പ് ഡോ. റോവൻ വില്യംസ് ● റവ. ഡോ. വത്സൻ തമ്പു ● ഡോ.ഡി.ബാബുപോൾ

തുടങ്ങിയവരുടെ ലേഖനങ്ങളും

ഡോ. ജോർജ് എം. തോമസ് ● ഡോ.സി.ജെ.റോയ് ● ഫാദർജി

തുടങ്ങിയവരുടെ പംക്തികളും

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 04733-214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Sunil Raj Philip, Neerattukavu**
Phone: 04735 - 570422

**Mr. M. Kurian, Manganam**
Phone: 95481-2578599

**Mr. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam - 1**
Phone: 95481-2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu• Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt.Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacobp@telusplanet.net

***Contact person in USA***
Mr. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr.Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

ഒരു വർഷത്തേക്ക് : 75/- രൂപ (വിദേശത്തുള്ളവർക്ക് US $12)
രണ്ടു വർഷത്തേക്ക് : 140/- രൂപ ( " US $22)
മൂന്നു വർഷത്തേക്ക് : 200/- രൂപ ( " US $30)

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

ലൈഫ് മെമ്പർഷിപ്പ് : 1000/- രൂപ ( " US $150)
പേട്രൺ മെമ്പർഷിപ്പ്: 10,000/- രൂപ ( " US $1000)

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

***(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)***

### മാസിക ലഭിക്കുന്ന ഏജൻസികളിലും വരിസംഖ്യയൊടുക്കാവുന്നതാണ്.

ഡയോസിസൻ ബുക്കു ഡിപ്പോ, കോട്ടയം
ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല
ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി, തിരുവനന്തപുരം

### പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 04733 - 214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


'NEW VISION FOR A CHANGING WORLD' is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

VOL. 3 ■ ISSUE 9 ■ MAY 2003



## CONTENTS


- **Iraq Crisis** — 2
  Iraq Crisis & The Dilemma of Peace
  *Rev. Dr. Valson Thampu*
- **Portrayal** — 3
  നമുക്കും വേണ്ടേ ഒരു തോക്ക്
  *ഫാദർജി*
- **Ethics** — 4
  കുറുന്തോട്ടിക്കു വാതം പിടിച്ചാൽ
  *ഡോ. ജോസ് പാറക്കടവിൽ*
- **Science** — 5
  നവഗ്രഹങ്ങളിൽ ജീവന്റെ തുടിപ്പ്...
  *ഡോ. ജോർജ് എം. തോമസ്*
- **Spirituality** — 6
  സ്വയം പ്രത്യക്ഷീഭവിക്കുന്ന ദൈവം
  *പ്രൊഫ. കോശി ഏബ്രഹാം*
- **Interview** — 7
  കുടിക്കാഴ്ച
  *ഡോ. മാത്യു കോശി പുന്നയ്ക്കാട്*
- **Devotional** — 8
  Pen from Den
  *Daniel Babu Paul*
- **Current Affairs** — 9
  മുത്തങ്ങയിലെ മനുഷ്യാവകാശ...
- 11
  കുഞ്ഞാടുകളുടെ ദൈവവും...
  *റവ. വൈ.ടി. വിനയരാജ്*
- **Literary Review** — 12
  പാർശ്വചിന്തകൾ
  *ഡോ. സി.ജെ. റോയ്*
- **Ecology** — 13
  നിങ്ങളുടെ കൺഫ്യൂഷനിലാണ്...
  *ഡോ. മാത്യു കോശി പുന്നയ്ക്കാട്*
- **Sermon** — 14
  The vision of glory...
  *Archbishop of Canterbury*
- **Psychology** — 15
  മനുഷ്യബന്ധങ്ങളുടെ സാധ്യതകൾ
  *ജോർജ് ബഹനാൻ ടി.*
- **General** — 16
  ആധുനിക പാശ്ചാത്യ...
  *ഡോ. മിസ്സസ് അന്നമ്മ ജോർജ്*
- **Glimpses** — 17
  കഥയില്ലാത്ത അൽപം...
  *ഡോ. കെ.വി. വർഗീസ്*
- **Old Age Corner** — 19
  വാർധക്യം...
  *പ്രൊഫ. സി. മാമച്ചൻ*
- **Testimony** — 20
  The testimony of my conversion
  *Geeta Mondol*


## EDITORIAL

# യുദ്ധവിരുദ്ധപ്രസ്ഥാനങ്ങൾ വിജയിപ്പിക്കൂ

ഇറാഖ് അമേരിക്കൻ സഖ്യസേനയുടെ നിയന്ത്രണത്തിലായി. ഇറാഖിന്റെ മേൽ ആക്രമണം അഴിച്ചുവിടാനായി അമേരിക്ക നേരത്തെ ഉന്നയിച്ചിരുന്ന വാദഗതികളൊന്നുംതന്നെ ശരിയല്ലായിരുന്നുവെന്ന് വ്യക്തമായിക്കഴിഞ്ഞു. മുമ്പെങ്ങുമുണ്ടാകാത്തവിധം അതിശക്തമായ യുദ്ധവിരുദ്ധപ്രക്ഷോഭം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായിട്ടും അമേരിക്കയും ബ്രിട്ടനും എന്തിന് ഈ യുദ്ധത്തിലേക്കെടുത്തുചാടി?

ഇതിനിടയാക്കിയത് കച്ചവടക്കണ്ണാണ്. എണ്ണയും കുടിവെള്ളവുമാണ് ഇതിൽ പ്രധാനം. കൂടാതെ, യുദ്ധത്തിൽ തകരുന്ന ഇറാഖിന്റെ പുനർനിർമാണജോലികളും. ഇതിനുവേണ്ടിയാണ് അമേരിക്കൻ, ബ്രിട്ടീഷ് ബഹുരാഷ്ട്രകമ്പനികൾ യുദ്ധം ചെയ്യാൻ ബുഷിനെ പ്രേരിപ്പിച്ചത്. യുദ്ധത്തിലും പിന്നീട് ഇറാഖിൽ നടത്താനുദ്ദേശിക്കുന്ന പുനർനിർമാണത്തിലും ചെലവാകുന്ന തുകയുടെ സിംഹഭാഗവും ബഹുരാഷ്ട്രഭീമന്മാരുടെ കീശയിലാണെത്തുക. ബുഷിന്റെയും കൂട്ടരുടെയും കൂറ് ബഹുരാഷ്ട്രകമ്പനികളോടാണ്. ഈ കച്ചവടത്തിന്റെ മത്സരത്തിൽ നഷ്ടമായത് അനവധി വിലപ്പെട്ട ജീവിതങ്ങളാണ്. ബഹുരാഷ്ട്രകമ്പനികളുടെ താൽപര്യങ്ങൾക്കിണങ്ങാത്ത രാജ്യങ്ങൾ അമേരിക്കയുടെ ശത്രുക്കളാണ്. അത്തരം രാജ്യങ്ങളുടെ ഭരണാധികാരികളെ പേപ്പട്ടികളായി ചിത്രീകരിച്ചതിനു ശേഷമാണ് അവരെ തല്ലിക്കൊല്ലുവാൻ അവർ ശ്രമിക്കാറുള്ളത്. അമേരിക്കയുടെ സമ്പത്ത് നിലനിർത്തുന്നത് അവരുടെ ചിറകിൻ കീഴിലുള്ള ബഹുരാഷ്ട്രകമ്പനികളും അവർ കൊള്ളചെയ്തു കൂട്ടുന്ന ഡോളറുമാണ്. ഈ സമ്പത്താണ് അവരുടെ ആയുധശേഷിയ്ക്കാധാരം. ഈ ആയുധ മേൽക്കോയ്മയാണ് ഇറാഖിലെന്നപോലെ അനഭിമത രാജ്യങ്ങളിൽ കടന്നുകയറി ആക്രമിക്കാനുള്ള ധാർഷ്ട്യം അവർക്കു നൽകുന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്തെ കൊമ്പുകുത്തിക്കുന്നതായി ഗാന്ധിജി ആവിഷ്കരിച്ച ബഹിഷ്കരണം തന്നെയാണ് ഇപ്പോൾ ഏറ്റവും പ്രസക്തമായ പ്രതിഷേധ സമരമുറ. എന്റെ പണമുപയോഗിച്ച് ഇനിയും യുദ്ധം നടത്തേണ്ടെന്നു പറയുവാൻ നമുക്കു സാധിക്കണം. യുദ്ധത്തിനെതിരെ പ്രസംഗിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത അനവധി സഭകളുണ്ട്. സമാധാനത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ പങ്കാളികളാകുവാൻ ഒരവസരം അവർക്കു കൈവന്നിരിക്കുകയാണ്. ബഹുരാഷ്ട്രകമ്പനികളുടെ ഉൽപന്നങ്ങൾ ബഹിഷ്കരിക്കുവാൻ സഭകൾ ആഹ്വാനം ചെയ്യണം. യുദ്ധവിരുദ്ധപ്രസ്ഥാനങ്ങൾക്കു ശക്തിയേകുവാൻ, സമാധാനപ്രവർത്തനങ്ങൾക്ക് ആവേശം പകരുവാൻ, സ്വദേശി ഉൽപന്നങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ, 'ബഹിഷ്കരണം' സഹായിക്കും. ആദ്യപടിയായി ബഹുരാഷ്ട്രകമ്പനികളുടെ സോപ്പും കോളയും ഉപേക്ഷിക്കുവാനുള്ള ഒരാഹ്വാനം നൽകുന്നതോടെ സഭകൾ വലിയൊരു സമാധാനപ്രസ്ഥാനത്തിന്റെ ഭാഗമായിത്തീരുകയാണ്.

*ചീഫ് എഡിറ്റർ*

IRAQ CRISIS

# IRAQ CRISIS AND THE DILEMMA OF PEACE



Rev. Dr. VALSON THAMPU

There is something significant yet simplistic, noble yet naive, about the resistance put up by peace activists to the Anglo-American misadventure in Iraq. It is naive, for example, to assume that the cause of peace is served merely by opposing war, as though peace implies nothing more than the absence of war. Enmity to war need not, in itself, amount to a sufficient espousal of the cause of peace.

The dilemma that confronts peace activists is this: how can the evil of unilateral aggression by the Allies be opposed without legitimising Saddam's repressive regime? The long-suffering people of Iraq deserve something better than the yoke of Saddam. But will they be allowed to combine freedom with dignity? Regrettably, worldwide anti-war rallies have transformed Saddam into a secular icon and potential martyr, which he does not deserve to be. How come it never bothered us when over 400000 children were dying over a period of ten years in Iraq, from avoidable malnutrition and infectious diseases? It is doubtful if the total of the current war would even remotely approach this. What are we to make of the one million Iraqi and Iranian lives sacrificed in the ten- year long senseless war between these two countries, besides the thousands of Kurds gassed or Shi'as massacred? It would be pity if peace activism were to lend legitimacy, even unwittingly, to dictators and tyrants.

It would seem plausible to argue that only the people of Iraq have the right to overthrow Saddam. Granted; but are they in a position to do this, if they wish to? If they were, wouldn't Saddam have been eliminated years ago? The Basra uprisings of 1991 that the Allies betrayed and Saddam so brutally crushed still rankle in the memory of that city. Has any dissenter, including his own kinsmen, ever survived, much less succeeded, in Saddam's Iraq? Could Germans in the '30s of the last century have brought down Hitler? Even if they could, would they have wished to, given the deception and power of propaganda?

It is high time peace activism evolved for itself a radical vision for peace within the unfolding global scenario. It is common knowledge that all through history wars have been mostly economic enterprises masquerading themselves as political compulsions. It is when you do not part with your purse voluntarily, for instance, that the highway robber holds a knife to your throat. If he had a propaganda machine at his disposal, he too would have convinced the rest of the world that it was only your intransigence that forced him, much against his will, to use the knife. Difference in scale apart, it is this principle that operates in the international domain also.

Peace activists, especially in the Euro-American bloc, need to know that the logic of war is written into the lifestyle they endorse and enjoy. Surely, they would not want to believe that their inflated and wasteful lifestyles could be sustained on the resources of their own economies. From the colonial period onwards the West has plundered, by force or fraud, the resources of peoples in non-western societies. Globalisation is-and evidence continues to mount to this effect-colonisation by other means; and economic and military aggression is encoded into it. George Bush cannot give tax cut to the tune of 670 billion US dollars to his people, without bringing in commensurate revenue from some source or the other. No one is in any doubt as to how allergic the Americans, including the peace activists there, are to the idea of scaling down their lifestyle. The American way of life, as Bush (Sr.) declared a decade ago, is not up for negotiation. If the Americans cannot pay, someone somwhere must. For the time being, it will be the Iraqis. The irony of the anti-war heroics in the US is that most of opponents of war would be upset if President Bush were to advocate downsizing American spending.

> **Weapons of mass destruction are a moral and human abomination, irrespective of who owns them. There are only two recipes for peace: "balance of terror" or the path of non-violence. Both will work only if they are implemented uniformly, and not selectively.**

Oil and arms are the two wheels on which the juggernaut of western prosperity runs relentlessly. That being the case, can war-making be honestly and effectively opposed without fighting arms-making and the unsustainable life styles it subsidises? The already obscene, and still aggravating, economic disparities are the main catalysts for tension and conflict in the global village. Hence the resonant symbolism of bringing down the World Trade Centre. A single major terrorist episode on the American soil-smaller in human toll than Bhopal gas tragedy-has plunged that country into a paranoia of insecurity. This feeds into the compulsion for economic and military domination and activates the logic for war that defies the authority of the UN. It is not enough, in such a scenario, that thousands of Americans protest. From their protest to translate into an authentic commitment to peace, it is imperative that they address the issue of Euro-American life styles. To see this in perspective, it is only necessary to note the instructive predicament of Jaques Chirac. The French President is as keen to secure for France an ample share in the spoils

*(Cont'd..... Page 4)*

# നമുക്കും വേണ്ടേ ഒരു തോക്ക്

ഫാദർജി

'**വെ**ളുപ്പാൻകാലത്ത് വീടിന്റെ പുറകിലെ ഓടു പൊളിച്ച് അതിക്രമിച്ചുകടന്ന് ഭർത്താവിനെയും മകനെയും കുത്തി പരുക്കേൽപ്പിച്ച കവർച്ചസംഘത്തെ പിറകിൽ നിന്ന് കോടാലിക്കു വെട്ടി വീട്ടമ്മ എതിരിട്ടു.'-പത്രവാർത്ത. 'മഠത്തിൽ അതിക്രമിച്ചുകയറിയ മോഷ്ടാവിനെ കന്യാസ്ത്രീകൾ വെടിവെച്ചു കൊന്നു. സെൻട്രൽ കൊളംബിയയിലെ റോമൻ കാതലിക് മഠത്തിൽ രാത്രി കയറാൻ ശ്രമിച്ച മോഷ്ടാവാണ് വെടിയേറ്റു മരിച്ചത്. പ്രതികളായ രണ്ടു കന്യാസ്ത്രീകളെയും ജാമ്യത്തിൽ വിട്ടു. മുമ്പ് ഏഴു തവണ ഈ മഠത്തിൽ മോഷണശ്രമം നടന്നിരുന്നു. ഇതേത്തുടർന്ന് കന്യാസ്ത്രീകൾ സ്വയം നൈറ്റ് പെട്രോളിംഗ് നടത്തിവരികയായിരുന്നു. പ്രാദേശിക സേനാ കമാൻഡർമാരാണ് ഇവർക്ക് തോക്കും ലൈസൻസും നൽകിയത്.'- പത്രവാർത്ത.

രാജ്യം ഭരിക്കുവാൻ നേതാക്കന്മാർ ഡസൻ കണക്കിനുണ്ടെങ്കിലും നമുക്ക് സമാധാനത്തോടെ കിടന്നുറങ്ങുവാൻ പറ്റുന്നില്ല. മനുഷ്യബോംബുകൾ, വിമാന-തീവണ്ടി-ബസ് ബോംബുകൾ തുടങ്ങിയവ എപ്പോൾ എവിടെയാണ് പൊട്ടുന്നതെന്ന് മന്ത്രിക്കോ പൊലീസിനോ പറയുവാൻ പറ്റുന്ന കാര്യമാണോ? മുഖംമൂടി സാറന്മാർ രാത്രിയിൽ വാതിലിൽ മുട്ടി വിളിച്ചെഴുന്നേൽപ്പിച്ച് പണ്ടങ്ങളും പണസഞ്ചിയുമെടുക്കാൻ പറയുമ്പോൾ ടെലഫോണെടുത്ത് പൊലീസിനെ വിളിച്ചിട്ടൊന്നും കാര്യമില്ല. സന്ധ്യയാകുന്നതിനു മുമ്പുതന്നെ ഫോൺ ഊരി, വാതിൽ കുറ്റിയിട്ട് കാക്കിയും പുതച്ച് അവർ ഉറങ്ങിയിരിക്കും. സാധാരണക്കാരേക്കാൾ ജീവനിൽ കൊതിയുള്ള വർഗമാണ് പൊലീസേമാന്മാർ. മന്ത്രിക്കും തന്ത്രിക്കും അകമ്പടിയും ആലവട്ടവുമുണ്ട്. വെറും ദരിദ്രപ്പരിഷകളായ നമ്മുടെ ജീവൻ രക്ഷിക്കാനാരുണ്ട്? ജീവനും സ്വത്തിനും സുരക്ഷിതത്വം വേണമെങ്കിൽ തോക്കെടുത്തേ മതിയാവൂ എന്നാണ് റവ. സിസ്റ്റേഴ്സ് നമുക്കു പറഞ്ഞുതരുന്ന സദ്വാർത്ത. അല്ലെങ്കിൽ, വീട്ടമ്മയുടെ കോടാലി.

അയ്യേ, ക്രിസ്ത്യാനികൾ ആയുധമെടുക്കുകയോ?

അതിലെന്താണു സുഹൃത്തേ ഇത്ര ഞെട്ടാൻ. ലോകത്തിലെ ക്രിസ്ത്യൻ രാഷ്ട്രങ്ങളിൽ തോക്കില്ലേ? ബോംബില്ലേ? യുദ്ധമില്ലേ? കാർഗിൽ പൂരം നടന്നപ്പോൾ ധീരജവാന്മാർക്കുവേണ്ടി പള്ളികളിൽ നമ്മൾ ലുത്തിനിയ നടത്തിയില്ലേ? പാകിസ്ഥാൻ സഹോദരങ്ങൾക്കെതിരെ നിറയൊഴിക്കുന്ന ജവാന്മാരുടെ കൈകൾക്ക് കരുത്തേകുവാനായിരുന്നില്ലേ 'കർത്താവിന്റെ പ്രാർത്ഥന' ചൊല്ലി പ്രാർത്ഥിച്ചത്.

മിനിമം ഒരു മാരകായുധമെങ്കിലുമില്ലാത്ത അരമനകളുണ്ടോ? എതിർകക്ഷികളുടെ പള്ളി കയ്യേറാൻ കുരിശുയുദ്ധത്തിനു വിശ്വാസികളെ നയിക്കുന്ന ഇടയൻസിന്റെ കോട്ടിനുള്ളിൽ ഒരു വെടിയ്ക്കെങ്കിലുമുള്ള മരുന്നുണ്ടാവില്ലേ? സത്യവിശ്വാസം കാക്കുവാൻ തലേക്കെട്ടുമായിറങ്ങിയിരിക്കുന്ന വിശ്വാസികൾ കയ്യിൽ പടവലങ്ങയും ബൈബിളുമല്ലല്ലോ പിടിച്ചിരിക്കുന്നത്? ക്രൂസേഡ് മുതൽ ക്രിസ്ത്യാനികൾ സർവായുധവർഗമായി മാറി. സ്നേഹം, കരുണ, ആർദ്രത തുടങ്ങിയവ വെറും പ്രസംഗവിഷയങ്ങളും. നിന്നുപൊറുക്കണമെങ്കിൽ ആയുധമെടുക്കണമെന്നും അന്നുമുതൽ വിശ്വാസികൾ പഠിച്ചു. ഇന്നും സാധാരണക്കാരന്റെ ജീവനും സ്വത്തിനും ഉറപ്പു കൊടുക്കുവാൻ സഭയ്ക്കോ സർക്കാരിനോ കഴിയുമോ? ആ സ്ഥിതിക്ക് നാം തോക്കെടുത്തേ മതിയാകൂ.

എല്ലാവരും തോക്കെടുത്താൽ കലാപമാവില്ലേ?

ഇല്ല. സമാധാനത്തിനുള്ള ഏകവഴി അതുമാത്രമാണ്. പാകിസ്ഥാനും ഇന്ത്യയും 'ആണവ ഗുണ്ട്' നിർമിച്ചപ്പോൾ രണ്ടുകൂട്ടർക്കും പരസ്പരം പേടിയായി, ബഹുമാനമായി. എല്ലാവരുടേയും കയ്യിൽ തോക്കുണ്ടെങ്കിൽ വെറുതെ വിരട്ടാമെന്ന തോന്നൽ മാറിക്കിട്ടും.

ജനങ്ങളുടെ ജീവന് ഉറപ്പു കൊടുക്കുവാൻ ഗവൺമെന്റ് പരാജയപ്പെടുന്നതുകൊണ്ട് മാവേലിസ്റ്റോർവഴി ഓരോ പൗരനും സൗജന്യമായി ഓരോ തോക്കും, അത്യാവശ്യം 'ഉണ്ടകൾ' റേഷൻ വിലയ്ക്കും വിതരണം ചെയ്യുക. സിക്കുകാർക്ക് കൃപാൺ കൊണ്ടുനടക്കാമെങ്കിൽ നമുക്കൊരു കൊച്ചുതോക്കായിക്കൂടെ? തോക്കുനിർമാണം കുടിൽവ്യവസായമാക്കുകയോ, തികയുന്നില്ലെങ്കിൽ ബോഫോഴ്സ് വഴി ഇറക്കുമതി ചെയ്യുകയോ ആവാം. അദ്ധ്യാപകർ, ഡോക്ടർമാർ, മാതാപിതാക്കൾ തുടങ്ങിയവരുടെ തൊഴിൽ മേഖല വളരെ റിസ്കുള്ളതാകയാൽ ഒന്നോ രണ്ടോ തോക്ക് അനുവദിച്ച് ഉത്തരവാകേണ്ടതാണ്. പട്ടക്കാർക്കും മേൽപ്പട്ടക്കാർക്കും വെഞ്ചരിച്ച തോക്കുപയോഗിക്കുവാൻ ഭരണഘടന ഭേദഗതി ചെയ്യണം. ദൈവത്തെ പേടിക്കേണ്ട, സമ്മതിച്ചു. പക്ഷേ പിറകിൽ നിൽക്കുന്ന മുട്ടാടുകളും പള്ളാടുകളും മുക്രയിട്ടു വരുമ്പോൾ 'പ്രെയ്സ് ദ ലോർഡ്' പറഞ്ഞാൽ മതിയോ?

സാധാരണക്കാരന്റെ കൈയിൽ തോക്കുള്ളപ്പോൾ സർക്കാരിന്റെ ബസ് നിർത്താതെ പോകില്ല, പൊലീസ് സ്റ്റേഷനിൽ മാന്യമായ പരിഗണന ലഭിക്കും, ഗവൺമെൻറ് ഓഫീസിൽ കൈക്കൂലി ചോദിക്കില്ല, ടെലിഫോൺ-ഇലക്ട്രിസിറ്റി ജോലിക്കാർ മാന്യരാകും. വോട്ടറുടെ കയ്യിൽ തോക്കിരിക്കുമ്പോൾ ഏതു നേതാവാണ് കാലുമാറുക?

വർഗീയ ലഹളകളിൽ കക്ഷികൾ തമ്മിൽ വെടിവയ്ക്കുന്നതുകൊണ്ട് പൊലീസിന് 'അമ്പയർ' ആയി നിന്നാൽ മതി. ജുഡീഷ്യൽ അന്വേഷണമൊഴിവാക്കാം.

പൊതുസ്ഥലത്തും ബസിലും സ്ത്രീകളെ തോണ്ടുന്ന ഞരമ്പുരോഗികളും, തണ്ണിയടിച്ച് ഭാര്യാപീഡനം നടത്തുന്ന ഭർത്താവു സാറന്മാരും എക്സ്ട്രാ ഡീസന്റാകും. പെൺബുദ്ധിക്കാരുടെ കയ്യിലിരിക്കുന്നതു തോക്കാണ്, കഞ്ഞിക്കലമല്ല. മടിയിൽ തോക്കുമായി വരുന്ന ഉപഭോക്താവിന്റെ അടുത്ത് കരിഞ്ചന്ത-മായംചേർക്കൽ പരിപാടിക്ക് ജീവനിൽ കൊതിയുള്ള വ്യാപാരി-വ്യവസായി ഏകോപനസമിതിക്കാർ തയാറാവില്ല; തീർച്ച. വീട്ടിൽ പട്ടിയെ വളർത്തുകയോ സെക്യൂരിറ്റിയെ നിർത്തുകയോ വേണ്ട. 'തോക്കുണ്ട്, സൂക്ഷിക്കുക' എന്നൊരു ബോർഡുവച്ചാൽ മതി. അതിക്രമിച്ചുവരുന്ന സകല ഈഴജാതികൾക്കും പിന്നെന്തും സംഭവിക്കാമെന്നാണതിന്റെ അർത്ഥം.

വെടിവയ്ക്കുവാൻ പ്രത്യേകിച്ച് പരിശീലനമാവശ്യമില്ല. രണ്ടു നിയമം മാത്രം ഓർത്തിരുന്നാൽ മതി. ഭീഷണിപ്പെടുത്തുവാൻ ആകാശത്തേക്കും, സ്വയരക്ഷ അപകടത്തിലാകുമ്പോൾ ഒരു നിവൃത്തിയുമില്ലാതെ വരുമ്പോൾ മാത്രം രണ്ടാം നിവൃത്തിയായി അരയ്ക്കു കീഴ്പോട്ടും കാച്ചുക. വികലാംഗ പെൻഷനിൽ പെടുത്തി ശേഷംഭാഗം ഗവൺമെന്റ് നോക്കിക്കൊള്ളും. പൊലീസ്, സൈന്യ, അർദ്ധസൈന്യവിഭാഗങ്ങളെ മുഴുവൻ പിരിച്ചുവിടാം. പൊലീസ് സ്റ്റേഷനുകൾ 'മാർജിൻ ഫ്രീ' തോക്കു വിൽപന കടകളാക്കി മാറ്റാം. സ്വദേശി വിദേശി നാണ്യമെത്ര ലാഭം!

സൈന്യമില്ലാതായാൽ അതിരുമാന്തികളായ അയൽരാജ്യക്കാർ കുഴപ്പമുണ്ടാക്കില്ലേ?

നൂറുകോടി ജനങ്ങൾ തോക്കും പിടിച്ചു നിൽക്കുമ്പോൾ ആരെന്തുചെയ്യാനാണ്? കരയിലെ കാര്യങ്ങൾ ജനങ്ങൾ നോക്കിക്കൊള്ളും. വ്യോമ-നാവിക റൂട്ടുകൾ സംരക്ഷിക്കാനുള്ള കുത്തകപ്പാട്ടം ടെൻഡർ വിളിച്ച് കൊട്ടോറോച്ചിയെ ഏൽപിച്ചാൽ

*(ശേഷം പേജ് 6)*

# കുറുന്തോട്ടിക്കു വാതം പിടിച്ചാൽ!



ഡോ. ജോസ് പാറക്കടവിൽ

കേരളത്തിന്റെ ക്രമസമാധാനച്ചുമതല വഹിക്കുന്ന ഡി. ജി. പി. അടുത്തയിടെ കോട്ടയം ലയൺസ് മീറ്റിംഗിൽ ചെയ്ത പ്രസംഗം സാമൂഹികക്ഷേമതൽപരരായ ആരെയും ചിന്തിപ്പിക്കുവാൻ പോരുന്നതാണ്. കേരളസമൂഹത്തിൽ അഭൂതപൂർവമായ മാറ്റങ്ങൾ സംഭവിക്കുന്നുവെന്നദ്ദേഹം പറഞ്ഞു. അനാശാസ്യ പ്രവണതകൾ പെരുകുന്നു. അവഗണിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. മക്കളുടെ അവഗണന നിമിത്തം ക്ലേശിക്കുന്ന മാതാപിതാക്കളുടെ സംഖ്യ ഉയരുന്നു. കുറ്റകൃത്യങ്ങൾ പെരുകുന്നതിനൊപ്പം അതിന്റെ സ്വഭാവത്തിലും മാറ്റം വന്നിരിക്കുന്നു. ഒരിക്കലും സംഭവിക്കാനിടയില്ലെന്നു നമ്മൾ കരുതിയ കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. കൊള്ളാവുന്ന കുടുംബത്തിലെ ചെറുപ്പക്കാർ പോലും ഇതിനുത്തരവാദികളാണ്. പ്രതിഷേധങ്ങൾ തീവയ്പും അക്രമവുമായി മാറുക സാധാരണമായിരിക്കുന്നു. ഇങ്ങനെ നിരവധി മാറ്റങ്ങൾ ചൂണ്ടിക്കാട്ടിയ പൊലീസ് മേധാവി ഇതിന്റെ കാരണവും വ്യക്തമാക്കി. **“കേരളത്തിൽ ഇപ്പോൾ സാമൂഹികപരിഷ്കർത്താക്കളില്ല. സാമൂഹികോന്നമനത്തിനായി പ്രവർത്തിക്കുന്ന ഒരു നേതാവും ഇവിടെയില്ല. സാംസ്കാരികനായകരെന്നു പറയപ്പെടുന്നവർ പലപ്പോഴും സംസ്കാരമില്ലാതെ പെരുമാറുന്നു. രാഷ്ട്രീയപാർട്ടികൾക്കോ സമുദായങ്ങൾക്കോ സ്വാർത്ഥതാൽപര്യങ്ങൾക്കോ വേണ്ടി മാത്രമാണ് മിക്കവരും പ്രവർത്തിക്കുന്നത്. സമൂഹത്തെ ചിന്തിപ്പിക്കാനും നല്ല വഴിക്കു തിരിച്ചുവിടാനും കഴിയേണ്ട മാധ്യമരംഗവും നേരായ പാതയിലല്ല.”**

പൊലീസിന്റെ പരമോന്നത ഉദ്യോഗസ്ഥൻ സമൂഹത്തിന്റെ വിലക്ഷണമായ ജീവിതശൈലിയെപ്പറ്റി തുറന്നു പറഞ്ഞുവെന്നതല്ല, അതിന്റെ കാരണമായി അദ്ദേഹം ചൂണ്ടിക്കാട്ടിയ വസ്തുതകളാണ് നമ്മെ ചിന്താഗ്രസ്തരാക്കുന്നത്. സമൂഹത്തെ നേർവഴിക്കു നയിക്കുവാൻ കഴിവുള്ള വ്യക്തികൾ കേരളത്തിൽ ഇല്ലാതായിരിക്കുന്നുവെന്ന ദുഃഖസത്യം വെളിപ്പെടുത്തിയത് ഒരുന്നത പൊലീസുദ്യോഗസ്ഥനാണ്. ഇന്നത്തെ സമൂഹത്തിന്റെ ഏറ്റവും വലിയ ദൈന്യത ഇവിടെയാണു പ്രകടമാകുക. കാരണം, ഇന്നെല്ലാവരും കരുതിയിരിക്കുന്നത് സമൂഹത്തിന്റെ ഭദ്രത നിലനിർത്തുന്ന ജോലി നിർവഹിക്കേണ്ടതു പൊലീസാണെന്നാണല്ലോ. കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്തോറും പൊലീസ് കാര്യക്ഷമമല്ലെന്ന പരാതിയാണ് എല്ലാവർക്കും വിളിച്ചുകൂകുവാനുള്ളത്.

പൊലീസും കോടതിയും വിചാരിച്ചാൽ മാത്രം ലോകം നന്നാവുകയില്ലെന്ന തിരിച്ചറിവ് മലയാളികൾക്ക് ഇനിയുണ്ടാകുമോ, എന്തോ?. അത്രമാത്രം നമ്മൾ വഴിതെറ്റി ബഹുദൂരം സഞ്ചരിച്ചുകഴിഞ്ഞു. മനുഷ്യനിലെ തമോവാസനകളെ ദൂരീകരിക്കുവാനും സാത്വികാവസ്ഥയിലേക്കുയർത്തുവാനും പണ്ടുമുതലേ സഹായിച്ചുവന്ന ഇരട്ടശക്തികൾ മതവും വിദ്യാഭ്യാസവുമാണ്. ഇവ രണ്ടും ക്ഷയിച്ചുപോയതാണ് ഇന്നത്തെ പ്രശ്നങ്ങളുടെ മൂലകാരണമെന്നു മനസ്സിലാക്കുവാൻ ഈ പൊലീസുദ്യോഗസ്ഥന്റെ വാക്കുകൾ സഹായകമായെങ്കിൽ! പൊലീസിന്റെയും കോടതിയുടെയും സഹായമില്ലാതെ ജീവിക്കുന്നതിന് മനുഷ്യരെ പരിശീലിപ്പിക്കേണ്ട സ്ഥാപനങ്ങളാണ് മതവും വിദ്യാഭ്യാസവും. ഇപ്പോൾ അവ നിലനിൽക്കുന്നതുതന്നെ പൊലീസിന്റെയും കോടതിയുടെയും സഹായത്താലാണ്. ഈ ആശ്രയത്വം വെടിഞ്ഞ് ആന്തരികവിശുദ്ധിയുടെയും ത്യാഗത്തിന്റെയും ശക്തികൊണ്ട് ഈ സ്ഥാപനങ്ങളെ നിലനിർത്തുവാൻ കഴിയുന്ന വ്യക്തികളുണ്ടാകണം. സമൂഹത്തെ നേർവഴിക്കു നയിക്കുവാൻ കഴിവുള്ള വ്യക്തികളെ സൃഷ്ടിക്കുവാൻ നമ്മുടെ കാലഘട്ടത്തിനു കഴിയാത്തത് മതവും വിദ്യാഭ്യാസവും അത്രയേറെ മൂല്യങ്ങളിൽ നിന്ന് അകന്നുപോയതിനാലാണ്.

ഡോ. സുകുമാർ അഴീക്കോട് കൊച്ചിയിൽ ഒരു വിദ്യാഭ്യാസസമ്മേളനത്തിൽ പറയുകയുണ്ടായി, ‘ഒരു ക്രിസ്തുവിനെ, ഒരു നബിയെ, ഒരു ഗാന്ധിജിയെ, ഒരു ആൽബർട്ട് ഷൈറ്റ്സറെ സൃഷ്ടിക്കുവാൻ ഇന്നത്തെ വിദ്യാഭ്യാസത്തിനു കഴിയുമോയെന്നു സംശയമാണ്.’ ***ഈ കൊച്ചുകേരളത്തിൽ സമൂഹത്തെ നേർവഴിക്കു നയിക്കുവാൻ കഴിയുന്ന എത്രയോ വലിയ മനുഷ്യരുണ്ടായിരുന്നു. അത്തരമാളുകളെ സൃഷ്ടിക്കുവാനാകാത്ത വിധം നമ്മുടെ മതവും വിദ്യാഭ്യാസവും വന്ധ്യമായിപ്പോയത് ആരും ശ്രദ്ധിക്കുന്നില്ല.*** ദൈവത്തെയും മാമോനെയും ഒരുമിച്ചു സേവിക്കുവാനുള്ള തിടുക്കത്തിൽ ഇതൊക്കെ ശ്രദ്ധിക്കുവാൻ ആർക്കാണു സമയം. കുറുന്തോട്ടിക്കു പോലും വാതം! ●

---

## IRAQ CRISIS... (Cont'd..... Page 2)

of re-building post-Saddam Iraq as he is to oppose the war to oust him!

Peace activists must recognise the similarity between the antagonists in the Iraqi theatre. ***Bush and Saddam are but country cousins: they know only one language, that of might. Idioms and turns of speech from morality are superimposed on their bully speak only to sugarcoat pills of power. Bombs and bullets are the articles of their faith.*** It took the amassing of an awesome fighting machine at his doorstep to tame Saddam into paying heed to resolution 1441 of the UN. Could it have been expected that an assemblage that cost the US 30 billion dollars would be de-mobbed and sent home to oblige the UN, merely to do an encore when it pleased Saddam to play up again? Simple common sense has it that once a situation is allowed to progress to a critical stage, it assumes a momentum of its own and drags its protagonists along with it. Time is of the essence even for the strategy for peace intervention. For the soldiers of peace to keep quiet until the simmering situation reaches boiling point and then to cut a caper in the public square as the hell-broth begins to overflow, is as comic as it is heroic.

The pullback, from the brink of war, in the case of t he recent Indo-Pak standoff, in which a million soldiers stood eye-to-eye for months and retreated, reportedly under American pressure, does not contradict our argument here. This huge mobilisation that cost us 8000 crores, given its inequalities of size, would have eventuated into war but for the nuclear twist that compensated Pak disadvantage. In the case of Iraq too it was the overwhelming superiority of the Allied forces that settled the issue in favour of war. The moral of the story is that peace activism needs to expose the UN hypocrisy that degrades disarmament discourse into a means for perpetuating inequalities that makes aggression on some nations an attractive proposition. The irony in the Iraq scenario is that it is disarmament that paved the way for the war! That leaves us with only two options to choose from: either all must disarm or none should. Weapons of mass destruction are a moral and human abomination, irrespective of who owns them. There are only two recipes for peace: "balance of terror" or the path of non-violence. Both will work only if they are implemented uniformly, and not selectively. ●

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി 55 വർഷം മുമ്പാണ് വെടിയേറ്റു മരിച്ചത്. അദ്ദേഹത്തിന്റെ അന്ത്യശ്വാസത്തിലെ തന്മാത്രകൾ ഇന്ന് ലോകം മുഴുവനും അന്തരീക്ഷത്തിൽ ഇടകലർന്നിരിക്കയാണ്. നാം ഓരോ പ്രാവശ്യം ശ്വസിക്കുമ്പോഴും ഒന്നോ രണ്ടോ 'മഹാത്മാഗാന്ധി തന്മാത്രകൾ' അതിൽ കാണും! സാധ്യതാസിദ്ധാന്തപ്രകാരമാണ് ഈ കണ്ടെത്തൽ.



# നവഗ്രഹങ്ങളിൽ ജീവന്റെ തുടിപ്പ് ഭൂമിയിൽ മാത്രം !

ഡോ. ജോർജ് എം. തോമസ്

**ജ**നനം, വളർച്ച, മരണം ഇവയെല്ലാമുള്ള ജീവജാലങ്ങളെ ഭൂമിയിൽ മാത്രമേ ഇതുവരെ കണ്ടിട്ടുള്ളൂ. എന്തുകൊണ്ടാണിത്? ജീവൻ നിലനിർത്താനാവശ്യമായ വെളിച്ചം , വെള്ളം, വായു എന്നീ ഘടകങ്ങൾ വേണ്ട ക്രമീകരണങ്ങളോടുകൂടി ഭൂമിയിൽ മാത്രമേയുള്ളൂ.

***വെളിച്ചം*** : സൂര്യനാണ് ഭൂമിയിലെ ഊർജ്ജത്തിന്റെ ഉറവിടം. അതിന്റെ ചൂട് വെളിച്ചവും ക്രമീകരിക്കുന്നു. മഞ്ഞുകാലം, മഴക്കാലം, വേനൽക്കാലം ഇവയെല്ലാം സൂര്യന്റെ ക്രമീകരണങ്ങളാണ്. സൂര്യന്റെ ഊർജ്ജം വെള്ളം ആവിയാക്കി മഴ പെയ്യിക്കുന്നു; വായു ചൂടാക്കി കാറ്റടിപ്പിക്കുന്നു. ക്രമീകരണത്തിനു വേണ്ട ഊർജ്ജം എപ്പോഴും സൂര്യനിൽ നിന്നു ലഭിക്കുന്നു. സൂര്യന് പവർ കട്ടും റേഷൻ സമ്പ്രദായവും ഇല്ല. ഇഷ്ടം പോലെ ഊർജ്ജം, അതു ക്രമീകരിക്കണമെന്നു മാത്രം. പ്രകൃതിയിൽത്തന്നെ വേണ്ട ക്രമീകരണമുണ്ട്. മനുഷ്യൻ അതു വിവേകത്തോടെ ഉപയോഗിക്കുകയേ വേണ്ടൂ.

സൂര്യനിൽ നിന്നുള്ള ചൂടും വെളിച്ചവും വൈദ്യുതകാന്തികതരംഗങ്ങളായി (electromagnetic waves) സെക്കൻഡിൽ 30 കോടി മീറ്റർ ദൂരം സ്പീഡിൽ ഭൂമിയിലെത്തുന്നു. ഈ തരംഗങ്ങൾക്ക് മാധ്യമമാവശ്യമില്ല. ശൂന്യതയിൽക്കൂടി അവ സഞ്ചരിക്കും. സൂര്യനിൽ ഒരു സ്ഫോടനമുണ്ടായാൽ എട്ടു മിനിട്ട് കഴിഞ്ഞ് ഇവിടെയിരുന്ന് അതു കാണാം. പൊട്ടിത്തെറി കേൾക്കണമെങ്കിൽ ശബ്ദതരംഗം ഇവിടെയെത്തണം. വായുവിലെ ശബ്ദവേഗത സെക്കൻഡിൽ 340 മീറ്റർ. അപ്പോൾ ശബ്ദം ഇവിടെയെത്താൻ ഏതാണ്ട് 32 വർഷം വേണം; എന്നാലും, ഇങ്ങെത്തുകയില്ല. കാരണം, വായുമാധ്യമം സൂര്യൻ വരെയില്ല. ശൂന്യതയിൽക്കൂടി ശബ്ദതരംഗം സഞ്ചരിക്കയുമില്ല.

ഇടിമിന്നൽ ഭൂമിക്കു സമീപമാണുണ്ടാകുന്നത്. അതുകൊണ്ട് മിന്നൽ കഴിഞ്ഞ് സെക്കൻഡുകൾക്കുള്ളിൽ ഇടി കേൾക്കാം. ശബ്ദത്തെ മിന്നൽവേഗത്തിൽ കടത്തിവിടാൻ നാം ഒരു വിദ്യ കണ്ടുപിടിച്ചിട്ടുണ്ട്. വൈദ്യുതകാന്തികതരംഗങ്ങളാക്കി മിന്നൽവേഗത്തിൽ ശൂന്യതയിൽ കൂടിയോ അല്ലാതെയോ സഞ്ചരിപ്പിച്ച് വീണ്ടും ശബ്ദതരംഗങ്ങളാക്കാം. ഇതാണ് റേഡിയോയിലും മൊബൈൽ ഫോണിലുമൊക്കെ നടക്കുന്നത്. ഏതായാലും, സൂര്യനിൽ നിന്നുള്ള ഊർജ്ജം (വെളിച്ചം) തടസ്സം കൂടാതെ സുലഭമായി നമുക്കു ലഭിക്കുന്നു.

***വെള്ളം***:ജീവൻ നിലനിർത്താൻ അവശ്യംവേണ്ട ഒന്നാണ് വെള്ളം. മണമില്ല, നിറമില്ല, രുചിയോ അരുചിയോ ഇല്ല. നീരാവി, വെള്ളം, മഞ്ഞുകട്ട എന്നിങ്ങനെ മൂന്ന് അവസ്ഥകൾ. ഭൂമിയിൽ മൂന്നിൽ രണ്ടു ഭാഗം സമുദ്രമാണ്, ഒരു ഭാഗം കരയും. വെള്ളം പിടിച്ചുനിർത്താനാവശ്യമായ ഗുരുത്വാകർഷണവുമുണ്ട്. സൂര്യന്റെ ചൂടിൽ സമുദ്രജലം നീരാവിയായി ഉയരുന്നു. തണുത്തുകഴിയുമ്പോൾ കടലിലും കരയിലും മഴയായോ മഞ്ഞായോ പെയ്യുന്നു. വെള്ളത്തിന്റെ ഈ അവസ്ഥാന്തരം അതിനെ സംശുദ്ധമായി സൂക്ഷിക്കുന്നു. വെള്ളത്തിന്റെ സാന്ദ്രത കൂടുതലുള്ളത് 4°c ഊഷ്മാവിലാണ്. 4°c ൽ മഞ്ഞിന്റെ ആവരണമുള്ളപ്പോഴും നദികളുടെ അടിത്തട്ടിൽ ജലമുണ്ട്. ജലജീവികൾ നശിക്കുന്നതുമില്ല.

വെള്ളം ഒരു നല്ല ലായകമാണ്. എല്ലാ പദാർത്ഥങ്ങളും വെള്ളത്തിൽ അലിയും. കടൽവെള്ളത്തിന് ഉപ്പുരസമാണ്. പക്ഷേ അതിൽ നിന്നുള്ള നീരാവി ശുദ്ധമാണ്. 'വെള്ളം, വെള്ളം സർവത്ര, തുള്ളി കുടിപ്പാനില്ലത്രെ'. അണുക്കളെ ഭയക്കുന്നവർ വെള്ളം തിളപ്പിച്ചാറിച്ചു കുടിക്കും. ഭൂഗർഭത്തിൽ വെള്ളമുണ്ട്. കിണർ കുഴിച്ചു കിട്ടുന്ന വെള്ളം താരതമ്യേന ശുദ്ധമാണ്. കുഴൽവെള്ളത്തിൽ ക്ലോറിൻ ചേർത്താൽ കീടങ്ങളെ നശിപ്പിക്കാം. പക്ഷേ, അരുചി രൂക്ഷം. വലിയ തണുപ്പുള്ളപ്പോഴും ചൂടുള്ളപ്പോഴും കീടങ്ങൾ നശിക്കും. എസ്കിമൊകൾ കൊടുംതണുപ്പിൽ ഐസ്കട്ട കൊണ്ടു വീടുകെട്ടി സുഖമായി വസിക്കുന്നു. കീടശല്യമോ രോഗങ്ങളോ ഇല്ല. പക്ഷേ രോഗപ്രതിരോധശക്തി വളർന്നിട്ടില്ല. അവരെ പുനരധിവസിപ്പിച്ചാൽ അവിടുത്തെ സ്ഥിരതാമസക്കാർക്കുള്ള രോഗപ്രതിരോധശക്തിയില്ലാത്തതിനാൽ ജീവിക്കാൻ പ്രയാസപ്പെടും.

രണ്ട് ഹൈഡ്രജൻ അണുക്കളും ഒരു ഓക്സിജൻ അണുവും ചേർന്ന തന്മാത്ര (molecule) യാണ് വെള്ളം. വൈദ്യുതിയുപയോഗിച്ച് വിഭജിച്ചാൽ ഹൈഡ്രജനും ഓക്സിജനും തിരികെ കിട്ടും. തുറന്നു വിട്ടാൽ ഹൈഡ്രജൻ സ്ഥലം വിടും. ഗുരുത്വാകർഷണം പോരാത്തതാണു കാരണം. കൂട്ടിന് ഓക്സിജൻ കൊടുത്താൽ കത്തിജ്വലിച്ച് വെള്ളമാകും. എല്ലാ ജീവജാലങ്ങൾക്കും സസ്യങ്ങൾക്കും വെള്ളം വേണം. പ്രകൃതിയിൽത്തന്നെ അതു വിതരണം ചെയ്യാനും മാലിന്യമകറ്റാനുമുള്ള സംവിധാനമുണ്ട്. മനുഷ്യൻ ഇടപെട്ടാൽ അതു ചിലപ്പോൾ തകരാറിലാകും.

ഒരു തുള്ളി വെള്ളത്തിൽ ഏകദേശം $2x10^{21}$ (രണ്ടു കോടി കോടി കോടി)ജലതന്മാത്രകളുണ്ട്! എല്ലാ തന്മാത്രകളും ഒരുപോലെയിരിക്കും, തിരിച്ചറിയാൻ പറ്റില്ല. അവയിലൊന്നിനെ നാം ദത്തെടുത്തതായി സങ്കൽപിച്ച് കുട്ടൻ എന്നു പേരിടാം. അതിനെ സ്വതന്ത്രമായി വീക്ഷിക്കാൻ ഒരു സംവിധാനമുണ്ടെന്നും വിചാരിക്കുക. ഒരു തുള്ളി വെള്ളത്തിലെ കോടാനുകോടി തന്മാത്രകളിലൊന്നാണ് കുട്ടൻ. തുള്ളി വെള്ളം പറമ്പിൽ വീണു. കൂട്ടുകാരോടൊപ്പം മണ്ണിൽ നീങ്ങിക്കൊണ്ടിരുന്ന കുട്ടൻ എത്തിപ്പിടിച്ചത് ഒരു വൃക്ഷത്തിന്റെ വേരിലാണ്. വേരിൽക്കൂടെ അവൻ മേലോട്ടുകയറി. ഒപ്പം ധാരാളം കൂട്ടുകാരുമുണ്ട്. അവസാനം, മരത്തിന്റെ ഒരു പൂവിൽ ചെന്നുപറ്റി. പൂവ് കായായി പഴുത്തു. കുട്ടൻ അതിനുള്ളിലായി. വീട്ടിലെ പയ്യൻ പഴുത്ത കായ് പറിച്ചുതിന്നു. അങ്ങനെ കുട്ടൻ അവന്റെ വയറ്റിലെത്തിച്ചേർന്നു. സംഭവിക്കാവുന്ന ഈ കഥ ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നത് രസകരമല്ലേ.

***വായു***: വായുവിനെ പിടിച്ചുനിർത്താൻ തക്ക ഗുരുത്വാകർഷണം ഭൂമിയ്ക്കുണ്ട്.

# സ്വയം പ്രത്യക്ഷീഭവിക്കുന്ന ദൈവം



പ്രൊഫ. കോശി ഏബ്രഹാം

ചരിത്രത്തിലെ അതിഭീകരമായ ഒരു പ്രതിസന്ധിഘട്ടത്തിലാണ് മാനവരാശി ഇന്നകപ്പെട്ടിരിക്കുന്നത്. ശാസ്ത്ര, സാങ്കേതിക വിദ്യകളിലുണ്ടായ അതിവിപുലമായ കുതിച്ചുചാട്ടങ്ങൾക്കൊപ്പമെത്താനും അതിനുതക്ക വിധത്തിൽ സ്വയം പരിവർത്തനവിധേയനാകാനും മനുഷ്യനു സാദ്ധ്യമാകാതെ വന്നതാണ് ഈ വിപത്തിനു വഴിതെളിച്ചത്. അഭൂതപൂർവവും വിപ്ലവകരവുമായ ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ പ്രകൃതിയുടെ അടിമത്വത്തിൽ നിന്നും മനുഷ്യനെ വിമോചിപ്പിച്ചുവെങ്കിലും ലോകവ്യാപകമായ ഒരു സാംസ്കാരികമൂല്യത്തകർച്ചയിൽ നിന്നുണ്ടായ ഒരു തരം മാനസിക വൈകല്യത്തിനു നാം വിധേയരായെന്നതു നിഷേധിക്കാനാവാത്ത വസ്തുതയാണ്. മാനവരാശിയെ കാർന്നുതിന്നുന്ന ദാരിദ്ര്യത്തിൽ നിന്നും, മാരകരോഗങ്ങളുടെ ഫലമായി അനുഭവിക്കേണ്ടിവരുന്ന ശാരീരിക പീഡനങ്ങളിൽ നിന്നും ശാസ്ത്രം മനുഷ്യനു വിമുക്തി നേടിക്കൊടുത്തു. പക്ഷേ, മനുഷ്യന്റെ മാനസികമായ ഒറ്റപ്പെടൽ വർദ്ധിച്ചുവന്നിട്ടേയുള്ളൂ. വ്യാപകമായിട്ടാണെങ്കിലും ഒറ്റപ്പെട്ട ഈ അഗ്നിപരീക്ഷണങ്ങളെ നാം അതിജീവിക്കണമെങ്കിൽ ലോകത്തെ പൂർണമായും ആമഗ്നമാക്കുന്ന ഒരു ആത്മീയ വിപ്ലവമത്രെ നമുക്കിന്നാവശ്യം.

ക്രിസ്തുമതത്തിലും ക്രൈസ്തവരിലും എന്താണു പ്രത്യേകത? നാം പരിഗണിക്കുന്ന ഈ യാഥാർത്ഥ്യം മാനവ അന്വേഷണതിഷ്ണയുടെ അചേതനമായ ഒരു സങ്കൽപമല്ല; പ്രത്യുത, സജീവമായ ദൈവം നമ്മിൽ പ്രവർത്തിച്ച് തന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നു. ദൈവം തന്നെക്കുറിച്ചു സ്വയം വ്യക്തമാക്കിയതുകൊണ്ടു മാത്രമാണ് നമുക്ക് യഥാർത്ഥമായ ദൈവികശക്തി മനസ്സിലാക്കാൻ കഴിഞ്ഞത്. ദൈവം എങ്ങനെയാണ് തന്റെ സാന്നിദ്ധ്യം വ്യക്തമാക്കുക? കവികളുടെ ചൈതന്യവത്തും ക്രിയാത്മകവുമായ കാവ്യഭാവനയിലൂടെ, അനേക യുഗങ്ങളിൽ മാനവരാശിയെ നയിച്ച പ്രവാചകന്മാരുടെയും തത്വചിന്തകരുടെയും പ്രബോധനങ്ങളിലൂടെ, ദൈവം മനുഷ്യനെ തന്റെ സാന്നിദ്ധ്യമറിയിക്കുന്നു. ലോകത്തിലെ എല്ലാ മതങ്ങളിലും കൂടി അദ്ദേഹം തന്റെ അസ്തിത്വം വിളിച്ചോതുന്നു. ദൈവം സ്വയം പ്രത്യക്ഷീഭവിക്കുന്ന എല്ലാ മാദ്ധ്യമങ്ങളെയും മാർഗങ്ങളെയും ബഹുമാനപുരസ്സരം വീക്ഷിക്കുന്നുണ്ടെങ്കിലും മാനവചരിത്രത്തിൽ ദൈവത്തിന്റെ മഹത്വപൂർണമായ ചിത്രം രചിക്കപ്പെട്ടത് ദൈവത്തിന്റെ ഏകജാതനായ പുത്രനിൽക്കൂടിയാണെന്ന് ഒരു ക്രിസ്ത്യാനി വിശ്വസിക്കുന്നു. യേശു പറഞ്ഞു: "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു." രണ്ടു വസ്തുതകളാണ് ക്രൈസ്തവ വിശ്വാസത്തിന്റെ മാറ്റുരച്ചുനോക്കുക. സമ്പൂർണ സ്നേഹത്തിലൂടെ അയാൾ തന്റെ വിശ്വാസം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നുണ്ടോ എന്നതാണ് ആദ്യത്തേത്. യേശുവിന്റെ കൽപനകളിൽ ആദ്യത്തേത് "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കണം" എന്നും, രണ്ടാമത്തേത് "നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്നുമാണല്ലോ. കാണപ്പെടുന്ന തന്റെ സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കും? എന്ന് തിരുവചനത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ക്രൈസ്തവവിശ്വാസത്തിന്റെ മറ്റൊരു സവിശേഷത, ക്രൈസ്തവൻ ഭൂമിയിലെ ദുരിതങ്ങളിലും പാപങ്ങളിലും വേരൂന്നി നിൽക്കുമ്പോൾ യാഥാർത്ഥ്യബോധത്തോടെ ലോകത്തെ നോക്കിക്കാണുന്നതും നിരാശാബോധം അവനെ കീഴ്പെടുത്താതിരിക്കുന്നതുമത്രെ. ഒരിക്കലുമണയാത്ത അചഞ്ചലമായ ഒരു ശുഭാപ്തിവിശ്വാസം അവനിൽ കുടികൊള്ളുന്നുണ്ട്. ലോകം വിഭജിക്കപ്പെട്ട് പാപങ്ങളിലും ക്രൂരതയിലും തൽഫലമായുണ്ടാകുന്ന ദുഃഖങ്ങളിലും അകപ്പെട്ടുപോയെങ്കിലും അനന്തകാരുണികനായ ദൈവത്തിന്റെ സദുദ്ദേശ്യം നിറവേറ്റുകയാണ് അവയുടെയെല്ലാം അവസാനലക്ഷ്യം. അന്തിമമായി ദൈവം വിജയിക്കുകയും എല്ലാം നേരെയാകയും ചെയ്യുമെന്നുള്ള വിശ്വാസം ദൈവം മനുഷ്യനിൽ രൂഢമൂലമാക്കിയിരിക്കുന്നു. ●

---

സൂര്യന്റെ സഹായത്താൽ വായുവും മർദ്ദ വ്യത്യാസം കൊണ്ട് ചുറ്റിക്കറങ്ങുന്നു- കടൽക്കാറ്റ്, കരക്കാറ്റ്, കൊടുങ്കാറ്റ്. പായ്കപ്പൽ സഞ്ചരിക്കുമ്പോൾ വെള്ളത്തിൽ ഓളം സൃഷ്ടിക്കുന്നു. മനുഷ്യനും മൃഗങ്ങൾക്കും വൃക്ഷലതാദികൾക്കും ശ്വസിക്കാൻ വായു വേണം. ശ്വസിച്ച വായു തിരികെ കിട്ടുകയും വേണം. വായുവിന് പൊതുവിൽ നഷ്ടമൊന്നുമില്ല. ഓക്സിജൻ കാർബൺ ഡയോക്സൈഡായും, കാർബൺ ഡയോക്സൈഡ് ഓക്സിജനായും പുറത്തുവരും.

വായു തന്മാത്രകൾ വലിപ്പത്തിൽ വളരെ ചെറുതെങ്കിലും അവയുടെ എണ്ണം അനന്തമത്രെ. നമ്മുടെ ഓരോ ശ്വാസത്തിലുമുള്ള വായു തന്മാത്രകളുടെ എണ്ണം 500000 കോടി കോടിയും (5x$10^{19}$), ലോക ജനസംഖ്യ 500 കോടിയും (5x$10^{9}$) ആണ്. ഒരു ശ്വാസത്തിലെ തന്മാത്രകൾ ലോകത്തെല്ലാവർക്കും തുല്യമായി വീതിച്ചാൽ ഓരോരുത്തർക്കും ഏകദേശം ആയിരം കോടി വായു തന്മാത്രകൾ കിട്ടുമെന്ന് കണക്കാക്കാമല്ലോ. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി 55 വർഷം മുമ്പാണ് വെടിയേറ്റു മരിച്ചത്. അദ്ദേഹത്തിന്റെ അന്ത്യശ്വാസത്തിലെ തന്മാത്രകൾ ഇന്ന് ലോകം മുഴുവനും അന്തരീക്ഷത്തിൽ ഇടകലർന്നിരിക്കയാണ്. നാം ഓരോ പ്രാവശ്യം ശ്വസിക്കുമ്പോഴും ഒന്നോ രണ്ടോ 'മഹാത്മാഗാന്ധി തന്മാത്രകൾ' അതിൽ കാണും! സാധ്യതാസിദ്ധാന്തപ്രകാരമാണ് ഈ കണ്ടെത്തൽ. പരീക്ഷിച്ചു നോക്കാൻ പറ്റില്ലല്ലോ. ഒരു നാണയം മേലോട്ടെറിഞ്ഞാൽ അതു വന്ന് വീഴുന്ന വശം തലയോ വാലോ ആകാനുള്ള സാധ്യത (probability) അമ്പതു ശതമാനം വീതമാണ്. കണക്കിലെ ഇത്തരം കളികൾ കൊണ്ടാണ് സാധ്യത നിർണയിക്കുന്നത്. ●

---

## നമുക്കും വേണ്ടേ... ( പേജ് 3 തുടർച്ച)

അക്കാര്യവും ഭദ്രം. ശത്രുക്കളെ സ്നേഹിക്കാനും കരണത്തടിക്കുന്നവന് 'നെക്സ്റ്റ് വൺ' കാണിച്ചു കൊടുക്കുവാനും പറഞ്ഞ ക്രിസ്തുവിന്റെ കക്ഷികൾ തന്നെ തോക്കെടുക്കുന്നത് ചിന്തിക്കാൻ പറ്റുന്നില്ലട്ടോ.

ഹെസക്കിയ രാജാവിനുവേണ്ടി യെശയ്യാപ്രവാചകൻ 'റെക്കമെൻഡ്' ചെയ്തപ്പോൾ ദൈവം കയറൂരിവിട്ട സംഹാരദൂതൻ ഒരൊറ്റ രാത്രികൊണ്ട് പണിക്കൂട്ട് തീർത്തത് 185,000 അസീറിയക്കാരെയാണ്. സ്നേഹത്തിന്റെ സുവിശേഷം മൂന്നുവർഷക്കാലം തകർത്തുപ്രസംഗിച്ച ക്രിസ്തുവിന് ഒടുവിലെങ്കിലും ചാട്ടവാറെടുക്കേണ്ടി വന്നു. ഒന്നാം പാത്രിയർക്കീസ് മൂന്നുവർഷക്കാലം ഉറയിലിട്ടു നടന്ന വാൾ ക്രിസ്തു കാണാതിരുന്നിട്ടുണ്ടാവില്ല. അന്ത്യ അത്താഴസമയത്തും പത്രോസിന്റെ കൈയിൽ 'സാധനം' ഉണ്ടായിരുന്നിരിക്കണം. പത്രോസിന് ക്രിസ്തു കൊടുത്ത ഉപദേശം 'വാൾ ഉറയിലിടുക' എന്നാണ്, സാധനം ഉപേക്ഷിക്കുക എന്നായിരുന്നില്ല.

നമ്മുടെ തോക്ക് മടിയിലിരുന്നാൽ മതി. മെക്കിട്ടു കേറാൻ വരുന്നവർക്ക് മുന്നറിയിപ്പായി ഒരു തോക്ക് നിന്റെ ബാഗിലുമിരിക്കട്ടെ, സഹോദരീ. പീസാകുന്നതുവരെ നമുക്ക് നിന്നുപിഴയ്ക്കണ്ടേ? ആത്മരക്ഷയോടൊപ്പം സ്വയരക്ഷയും നോക്കണ്ടേ? ●



# കൂടിക്കാഴ്ച

*ക്രിസ്ത്യൻ എഡിറ്റേഴ്സ് & റൈറ്റേഴ്സ് സൊസൈറ്റി അംഗങ്ങൾ സംഘടനയുടെ രക്ഷാധികാരി കൂടിയായ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയെ സന്ദർശിക്കുകുയണ്ടായി. സംഭാഷണവേളയിൽ തിരുമേനിയുടെ നർമോക്തികളിൽ ചിലതിങ്ങനെ:-*

***നിങ്ങളോടൊത്ത് മനസ്സു തുറന്ന് ചിരിക്കുവാൻ കിട്ടിയ അവസരമാണിത്. രാവിലെ മുതൽ പ്രശ്നങ്ങൾ തീർക്കുന്ന പരിപാടിയാണ് എന്റേത്. ചെറിയ കേസുകെട്ടുകൾ മറ്റുള്ളവർ പരിഹരിക്കും. അവരെല്ലാം ഒഴിയുന്നവ തീർക്കുന്ന ചുമതലയാണ് എന്റേത്.***

• *തിരുമേനിക്കു കാൻസറാണെന്നറിഞ്ഞപ്പോൾ എന്തായിരുന്നു പ്രതികരണം?*

പരിഭ്രമിച്ചു പോയി.

• *അതെന്താ അങ്ങനെ?*

മരിക്കുവാൻ ഇഷ്ടമില്ലായിരുന്നു. അത്ര തന്നെ. മരിക്കാനായിരുന്നെങ്കിൽ ഇവിടെയങ്ങു കിടന്നാൽ പോരായിരുന്നോ. സുഖമായി മരിക്കാനുള്ള എല്ലാ സൗകര്യവുമുണ്ട്. അതിനു താൽപര്യമില്ലാത്തതു

---

***നമ്മുടെ കുട്ടികൾ എങ്ങനെയാ പ്രാർത്ഥിക്കുന്നതെന്നറിയാമോ? "കർത്താവേ, എന്നെ അനുഗ്രഹിക്കണേ. പപ്പായെയും മമ്മിയെയും അനുഗ്രഹിക്കണേ. പിന്നീട് പതുക്കെ മനസ്സിൽ പറയും, വേറെ ആരെയും അനുഗ്രഹിക്കരുതേ! എല്ലാവരേയും ദൈവം അനുഗ്രഹിക്കുവാൻ തുടങ്ങിയാൽ പിന്നെയെനിക്കു ലഭിക്കുന്ന അനുഗ്രഹത്തിനെന്താ വില?" ഇതാണ് നമ്മുടെ ജനങ്ങളുടെ ചിന്താഗതി.***

***ഞാൻ കുമ്പനാട്ടുകാരനാ. ചെറുപ്പത്തിലേ ഇംഗ്ലീഷ് സംസാരിക്കുമായിരുന്നു. അവിടെ ബ്രദറൻ മിഷനിൽ ഒരു സായ്പ് താമസിച്ചിരുന്നു. അദ്ദേഹത്തോടു ഇംഗ്ലീഷിൽ എന്നും സംസാരിക്കുമായിരുന്നു, What is your name? How old are you? പിന്നെ ഞങ്ങൾ മലയാളത്തിലാണു സംഭാഷണം!***

---

കൊണ്ടാണ് ചികിത്സാർത്ഥം ഞാൻ വെല്ലൂരാശുപത്രിയിൽ പോയത്.

• *അപ്പോൾ മരണത്തെ ഭയക്കുന്നു, അല്ലേ?*

മരിക്കാൻ ആർക്കാ താൽപര്യം. പക്ഷേ മരണത്തെക്കുറിച്ച് എനിക്കു വ്യക്തമായ കാഴ്ചപ്പാടുണ്ട്. മരണംകൊണ്ട് എല്ലാ അവസാനിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

• *രോഗലക്ഷണങ്ങൾ എന്തെങ്കിലുമുണ്ടായിരുന്നോ?*

ചുമയ്ക്ക് ചികിത്സിക്കുവാനാണ് കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിൽ ചെന്നത്. ഡോക്ടറുടെ കയ്യിൽ എന്നെ കിട്ടിയതല്ലെ. പരിശോധനയിൽ ഹിമോഗ്ലോബിൻ വളരെ കുറവാണെന്നു കണ്ടപ്പോൾ ഡോക്ടർക്കൊരു സംശയം. എറണാകുളം ലേക് ഷോർ ആശുപത്രിയിലെ ഡോ. ഫിലിപ്പ് അഗസ്റ്റിൻ എനിയ്ക്കടുപ്പമുള്ള ഒരു ഡോക്ടറാണ്. അദ്ദേഹത്തെ കാണുവാൻ തീരുമാനിച്ചു. വിദഗ്ധ പരിശോധനയ്ക്കുശേഷം അദ്ദേഹം പറഞ്ഞു: തിരുമേനീ, you are not alright.

ഞാൻ പറഞ്ഞു: എന്റെ ഡോക്ടറേ, ഇത് ദിവസവും രാവിലെ ഞാൻ കേൾക്കുന്ന ഒരു വാചകമാണ്. എന്റെ ദൈവം എന്നും രാവിലെ എന്നോടു പറയും: മകനേ, you are not alright.

തിരുമേനിയുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ സ്വന്തം സഹോദരൻ ഡോക്ടർ പറയുമെന്നായി ഫിലിപ്പ് അഗസ്റ്റിൻ. എനിക്ക് കാൻസർ പിടിപെട്ടുവെന്ന കാര്യം എന്റെ സഹോദരൻ എന്നെയറിയിച്ചു. ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ഞാൻ വെല്ലൂർക്കു പോയി തിരിച്ചെത്തിയപ്പോൾ ഒരു ആയുർവേദഡോക്ടർ എന്നെ ചികിത്സിച്ചു ഭേദമാക്കാമെന്നു പറഞ്ഞ് സമീപിച്ചു. ഞാൻ പറഞ്ഞു: 'എന്നെ ചികിത്സിച്ചുകൊണ്ടിരിക്കുന്ന ഡോക്ടറോടു എനിക്കു സംസാരിക്കണം. എന്നിട്ടാകാം ആയുർവേദചികിത്സ.' ഡോക്ടർ പറഞ്ഞു: തിരുമേനിക്ക് രോഗമില്ലല്ലൊ. പിന്നെന്തിനാ ചികിത്സാ. അപ്പോളെനിക്ക് മറ്റൊരു ചിന്തയാണുണ്ടായത്. ഈ അലോപ്പതി ഡോക്ടർമാർക്കെല്ലാം ഒരു ധാരണയുണ്ട്, അവർ മാത്രമേ ശരിയുള്ളൂവെന്ന്. നമ്മൾ ക്രിസ്ത്യാനികളും അങ്ങനെയല്ലേ കരുതുന്നത്!

• *വിഷ്ണുനാരായണൻ നമ്പൂതിരിയെക്കുറിച്ചു തിരുമേനി കേട്ടിട്ടുണ്ടോ?*

കേട്ടിട്ടുണ്ട്.

• *അദ്ദേഹം ക്രൈസ്തവകാഹളത്തിലെഴുതിയ ഒരു ലേഖനം ന്യൂ വിഷനിൽ പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ, ഭാരതത്തിലും ക്രൈസ്തവർ സുവിശേഷീകരണത്തിലൂടെ ഇവിടുത്തെ സംസ്കാരത്തെ നശിപ്പിക്കുന്നുണ്ടെന്ന് അദ്ദേഹം പറയുന്നു. അതിനോട് എന്താണു പ്രതികരണം.*

അദ്ദേഹം പറഞ്ഞത് ശരിയാണെന്നാ എന്റെയഭിപ്രായം. ദേശീയ സംസ്കാരത്തെ നശിപ്പിക്കുന്നതു ശരിയല്ല.

• *എപ്പിസ്കോപ്പൽ കനകജൂബിലിയാഘോഷിക്കുന്ന തിരുമേനിക്കു നൽകുവാൻ ഒരു ഉപഹാരം ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ട്...*

നിങ്ങളൊന്ന് നോക്കിക്കെ. ഈ മുറിയിൽ കാണുന്നതെല്ലാം എന്നോടു സ്നേഹം പ്രദർശിപ്പിക്കുവാൻ പലരും തന്നതാണ്. ഇങ്ങനെ പോയാൽ സമ്മാനങ്ങൾ വയ്ക്കുവാൻ ഒരു മുറി കൂടി പണിയേണ്ടി വരും. പി. കെ. നാരായണപ്പണിക്കർ ഒരിക്കൽ എൻ.എസ്.എസ്. കരയോഗക്കാരോടു പറഞ്ഞു: നിങ്ങളീ മാലയ്ക്കും ബൊക്കെയും കളയുന്ന പണം എനിക്കു നേരിട്ടു തന്നാൽ, അതു എന്റെ ചുമതലയിൽ നടത്തപ്പെടുന്ന അനാഥാലയത്തിനു പകരിക്കും.

• *ചില സന്ദർഭങ്ങൾ ഓർമയിൽ നിലനിർത്തുവാൻ ഇതുപോലുള്ളവ ഉപകരിക്കില്ലെ?*

തീർച്ചയായും. ചില 'ലക്ഷറികൾ' ആവശ്യമായി വന്നേക്കാം.

*(മാത്യു കോശി പുന്നയ്ക്കാട്)*

# Pen from Den



DANIEL BABU PAUL

As Lent draws to a close in the Syrian tradition I wish to share the thought that has become uppermost in my mind at this time. It was not a gradual unfolding but a sudden revelation I had during the Holy Quorbona at the St. Peter's Church in Trivandrum on Sunday, April 6. And that message which I got loud and clear while I served as an altar boy is that ***we cannot realize God unless we cease to be judgmental in our relationships.***

April 6 this year was the Samiyo Sunday. The reading of the day, according to the Antiochean Lectionary, was John 9, the longest Gospel portion during the whole year, barring perhaps some occasion during the Holy Week. I remember a priest ending the reading after the blind man had seen; a natural end in itself? I also remember how judgmental I was that Sunday while we had breakfast after the Service. The Pauline reading for the day was from Romans 14. St. Paul here warns against being judgmental. That set me to meditate on the Gospel, and I discovered that most of the characters in the episode narrated therein are indeed judgmental. I am amazed by the connection provided by the early fathers in arranging the Lectionary, and I generally try to draw some connecting link among the reading every Sunday when I preach. Interestingly the Holy Spirit shows some connection that I had hitherto not noticed, or read about.

Now to John 9. At the outset we find the disciples being judgmental. They saw the blind man. They had no doubt at all that sin was behind the plight of this poor guy. Their only doubt was about the source of that guilt. They judged the blind man and all his ancestors in one stroke. The Jews had some interesting ideas about pre existence and hence their innocent query about the man himself being responsible for his being blind from birth. Anyway they were judgmental in their basic approach to the whole case. Then we see the Pharisees and the church leaders. They had no doubt that Jesus was not from God. Else, how can he break the regulations and heal on a Sabbath? The sad part of the story is that even the cured man shows a tendency to judge, though out of desperation and with a tinge of sarcasm. Finally we see the cured man accepting Christ as the Lord. There are

*Are we not judgmental in our day-to-day lives? K. P. Yohannan Thirumeni must have had some ulterior motive in seeking consecration. The CSI Moderator must have had some less-than-noble reason to oblige Metropolitan K. P. Yohannan. Catholicose Mathews II is not being sufficiently generous to Catholicose Thomas I. Catholicose Thomas I is not being a good Christian in trying to subvert the rule of law. Archbishop Powathil has some secret agenda in the liturgy issue. Cardinal Vithayathil does not show enough moral strength. Vellappally Natesan is communal. Pushpagiri Management is unchristian in their approach. Examples can be multiplied. In personal life, Church life and Social life.*

many steps he traverses before he could do that. To begin with, Jesus for him was just *a man called Jesus.* At the second stage he sees him as *a prophet.* Then he comes to the conclusion that the one who cured him had been *a good soul, one sent by God.* The Establishment at this stage throws out this "cantankerous" character. That is when the Good Shepherd seeks out the sheep. That interesting confrontation is at the initiative of Jesus. At that stage the salutation becomes *Master.* And finally he confesses his faith. *Lord, I believe.* Although John does not say how that confession changed th recipient of grace we can presume tha he reached the state of Christ actualisation with that confession.

Are we not judgmental in our day-to-day lives? K. P. Yohannan Thirumen must have had some ulterior motive in seeking consecration. The CS Moderator must have had some less than-noble reason to oblig Metropolitan K. P. Yohannan Catholicose Mathews II is not bein sufficiently generous to Catholicos Thomas I. Catholicose Thomas I is no being a good Christian in trying t subvert the rule of law. Archbisho Powathil has some secret agenda in th liturgy issue. Cardinal Vithayathil doe not show enough moral strength Vellappally Natesan is communal Pushpagiri Management is unchristia in their approach. Examples can b multiplied. In personal life, Church lif and Social life. Yet, can we do withou judgment totally? That is not possibl either. In matters connected with lif on this earth we have to mak decisions. We have to judge the merit and demerits. Is this, then, a *cul de sac* It need not be, provided we surrende totally to Him and reconcile ou equations with His equation. That i what the Lord's Prayer also says. Th will be done on earth as it is in heave In heaven His will is supreme. On eart we have the freedom to change tha equation. It is when we bend our will t synchronise with His will that Hi Kingdom comes. When we reach tha state of mind we can make judgment without being judgmental. That is wha He expects from us. Whenever we ar tempted to judge, let us remember tha we cannot destroy any for savin whom He shed His blood. Does Le teach us this?

ആശ്വാസ
എ.എം.എം.
പ്രകൃതിചികിത്സാകേന്ദ്രം
മാരാമൺ - 689 548
ഫോൺ: 04733-660531
&
പുന്നയ്ക്കാട് - 689 652
പത്തനംതിട്ട ജില്ല

# മുത്തങ്ങയിലെ മനുഷ്യാവകാശ ധ്വംസനം

കേരളത്തിലെ ആദിവാസിസമൂഹം മുഖ്യധാരയിൽ നിന്ന് അന്യവത്കരിക്കപ്പെട്ടവരും, കഴിഞ്ഞ അരനൂറ്റാണ്ടു കാലത്തെ വികസനപ്രക്രിയയുടെ യാതൊരു ഫലവും സ്വായത്തമാക്കാൻ കഴിഞ്ഞിട്ടില്ലാത്തവരുമാണ്. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥകൊണ്ട് ഇന്ത്യയിലെ മറ്റെല്ലാ സമൂഹങ്ങളെയും അപേക്ഷിച്ച് ഏറ്റവും ശക്തിരഹിതവും അസംഘടിതവുമായ അടിസ്ഥാനസമൂഹമാണ് ആദിവാസിസമൂഹം.

കേരളത്തിലെ ക്രൈസ്തവസഭകളുടെ ഔദ്യോഗിക എക്യുമെനിക്കൽ വേദിയായ കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെയും കാസയുടെയും പ്രതിനിധിസംഘത്തിന് മുത്തങ്ങയിൽ അഭിമുഖീകരിക്കേണ്ടിവന്നത് ഭരണകൂടഭീകരതയുടെ ചിത്രങ്ങളാണ്. വന്യമൃഗസങ്കേതമെന്നറിയപ്പെടുന്ന മുത്തങ്ങ വനത്തിൽ ഗ്വാളിയർ റയോൺസിനുവേണ്ടി യൂക്കാലിപ്റ്റസ് മരങ്ങൾ വച്ചുപിടിപ്പിച്ച് മുറിച്ചു നൽകിയ തരിശുഭൂമിയിലാണ് ആദിവാസികൾ കുടിലുകൾ കെട്ടിയത്. നിബിഡവനമാണെന്ന വാദം തികച്ചും കളവാണ്. ക്രൂരമായ പൊലീസ് പീഡനത്തിന്റേയും മർദ്ദനത്തിന്റേയും ഹൃദയഭേദകമായ അനുഭവങ്ങളാണ് കോളനികളിലെ ആദിവാസികൾക്കു പറയാനുള്ളത്. കുട്ടികളും സ്ത്രീകളും പുരുഷന്മാരോടൊപ്പം അതിക്രൂരമായി മർദ്ദിക്കപ്പെട്ടു. കണ്ണംകോട് ആദിവാസി കോളനിയിലെ രാമനും അമ്മിണിക്കും പൊലീസ് പീഡനം ഒരു നടുക്കത്തോടെ മാത്രമേ ഓർക്കാൻ കഴിയുന്നുള്ളൂ. കോളിപ്പാടി, നെന്മേനിക്കുന്നു കോളനിയിലെ 'പാല' പറഞ്ഞതിങ്ങനെയാണ്: 'പൊലീസുകാർ വെടിവച്ചപ്പോൾ എങ്ങോട്ടെന്നില്ലാതെ ഓടി. ചിലർ മറിഞ്ഞുവീണു. അവരെ പൊലീസു വളഞ്ഞിട്ട് തല്ലി. അവരെ തല്ലുന്നതു കണ്ടപ്പോൾ ഞങ്ങൾ തിരിച്ചുവന്ന് അടി കൊള്ളുന്നവരോടൊപ്പം നിന്നു.' നമ്പിക്കൊല്ലിയിലെ ആദിവാസി കുട്ടികളോട് പൊലീസ് മർദ്ദനത്തെക്കുറിച്ച് ചോദിച്ചപ്പോൾ അവർ ഇങ്ങനെയാണ് പ്രതികരിച്ചത്. 'ഞങ്ങളെ ക്രൂരമായി തല്ലി പൊലീസ് സന്തോഷിച്ചു. ഭൂമി കിട്ടും വരെ ജാനുചേച്ചിയോടൊപ്പം ഇനിയും ഞങ്ങൾ സമരം ചെയ്യും.' ആരോടൊക്കെയോ ഉള്ള പ്രതികാരത്തിന്റെ ചിത്രങ്ങൾ ആ കണ്ണുകളിൽ മിന്നിമറയുന്നത് കാണാമായിരുന്നു.

എല്ലാം നഷ്ടപ്പെട്ടവരാണ് ഈ ആദിവാസികൾ. വീട്ടുസാധനങ്ങളും ആഹാരപദാർത്ഥങ്ങളും എന്തിനേറെ, ഉടുതുണി ഒഴിച്ചുള്ളതെല്ലാം നഷ്ടമായി. അതൊക്കെ പൊലീസുകാർ നശിപ്പിച്ചു. മുത്തങ്ങസംഭവത്തിൽ പങ്കെടുത്ത ഈ ആദിവാസി കോളനികളിൽ പട്ടിണിയും രോഗവും മൂർച്ഛിക്കുമ്പോഴും പൊലീസ് ഈ കോളനികളിൽ തുടരെ കയറിയിറങ്ങി ഭീഷണിപ്പെടുത്തുകയും അറസ്റ്റുചെയ്യുകയും ചെയ്യുന്നു. മുത്തങ്ങയിൽ നടന്ന മനുഷ്യാവകാശധ്വംസനത്തിന്റെ യഥാർത്ഥചിത്രം വ്യക്തമാകണമെങ്കിൽ ഗൗരവമായ ഒരു ജൂഡീഷ്യൽ അന്വേഷണം തന്നെ നടത്തേണ്ടതുണ്ട്. നിലനിൽപിനായി പോരാടുന്ന ഈ ദുർബലജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ട ഉത്തരവാദിത്തം മനുഷ്യാവകാശങ്ങളുടെ സംരക്ഷണം പ്രധാനമായി കാണുന്ന എല്ലാ മനുഷ്യസ്നേഹികൾക്കുമുണ്ട്. കേരള കൗൺസിൽ ഓഫ് ചർച്ചസ് ആദിവാസി ഭൂസമരത്തോടുള്ള ഐക്യദാർഢ്യം അറിയിക്കുകയും ആദിവാസി പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് കേരളസർക്കാർ ആദിവാസി ഗോത്രമഹാസഭാനേതാക്കളുമായി ഉണ്ടാക്കിയ കരാർ എത്രയും വേഗം നടപ്പിലാക്കണമെന്നുമാണ് കേരളസർക്കാരിനോടാവശ്യപ്പെടുകയും ചെയ്യുന്നു.



അന്വേഷണസംഘം മുത്തങ്ങയിൽ

## സി. കെ. ജാനു, ഗീതാനന്ദൻ എന്നിവരുമായി കോഴിക്കോട് ജയിലിൽ നടത്തിയ അഭിമുഖം

- ***മുത്തങ്ങയിൽ സമരമാരംഭിക്കുവാനുള്ള കാരണമെന്തായിരുന്നു?***

ആദിവാസി ഭൂസമരത്തെ ആന്റണി സർക്കാർ വീണ്ടും വീണ്ടും തിരസ്കരിക്കുകയും ആദിവാസികളെ കബളിപ്പിക്കുകയും ചെയ്ത സാഹചര്യത്തിലാണ് മുത്തങ്ങ കേന്ദ്രീകരിച്ച് വീണ്ടും ആദിവാസി ഭൂപ്രശ്നം സ്വയംഭരണവും ചർച്ചയ്ക്കു വിഷയീഭവിപ്പിക്കുവാനായി കുടിൽകെട്ടി സമരമാരംഭിച്ചത്.

- ***മുത്തങ്ങ വന്യമൃഗസങ്കേതമല്ലേ? അവിടെ കയ്യേറ്റം നടത്തിയത് നിയമലംഘനമല്ലേ?***

വന്യജീവി സംരക്ഷണമേഖലയാണ് മുത്തങ്ങ എന്നത് രേഖകളിൽ മാത്രമേയുള്ളൂ. ഗ്വാളിയോർ റയോൺസിനുവേണ്ടി യൂക്കാലിപ്റ്റസ് മരങ്ങൾ വച്ചുപിടിപ്പിക്കുകയും പിന്നീട് മുറിച്ചു മാറ്റപ്പെടുകയും ചെയ്ത സ്ഥലമാണത്. അവിടെപ്പോകുന്ന ആർക്കും അതു ബോധ്യമാകും. മരക്കുറ്റികൾ മാത്രമാണിപ്പോൾ അവിടെയുള്ളത്. ആദിവാസിസമരം പൊളിക്കുന്നതിനായി സർക്കാർ ഇറക്കിയ ഒരു രാഷ്ട്രീയതന്ത്രമാണീ കള്ളപ്രചാരണം. എന്നാൽ മാധ്യമങ്ങൾ അത് പൊതുജനമദ്ധ്യത്തിൽ പൊളിച്ചുകൊണ്ടിരിക്കുന്നു.

- ***മുത്തങ്ങയിൽ താമസിച്ചാൽ പൊലീസ് നടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നില്ലേ?***

മുത്തങ്ങ തിരഞ്ഞെടുക്കുമ്പോൾ അവിടെ എക്കാലവും ആദിവാസികൾക്ക് താമസിക്കാമെന്നു കരുതിയിരുന്നില്ല. കാട് ആദിവാസികൾക്കുള്ളതാണെന്ന പ്രഖ്യാപനത്തിന്റെ പ്രതീകാത്മകമായ സമരം മാത്രമായിരുന്നു അത്. ഈ സമരം ശക്തിപ്പെടുമ്പോൾ സർക്കാർ ചർച്ചയ്ക്കു തയാറാകുമെന്നും, പകരം ഭൂമി നൽകുമെന്നും കരുതിയിരുന്നു. കാടിന് അവകാശികൾ

ആദിവാസികളാണെന്നും ഭരണകൂടത്തിന്റെ നിഷേധാത്മക നിലപാട് വഞ്ചനയാണെന്നും കേരളത്തിന്റെ പ്രധാന വനസ്രോതസ്സുകളൊക്കെ സ്വകാര്യമേലാളന്മാർക്ക് സർക്കാർ മാടമ്പികൾ തീറെഴുതിക്കൊടുത്തുവെന്നും പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ സാധിക്കുമെന്നു ഞങ്ങൾ കരുതി. എന്നാൽ ഈ സമരം പൊളിക്കാൻ സർക്കാർ ഗൂഢതന്ത്രം മെനഞ്ഞു. യാതൊരുവിധ ചർച്ചകൾക്കോ, അറസ്റ്റു പോലുള്ള ന്യായമായ നിയമനടപടികൾക്കോ മുതിരാതെ കടന്നാക്രമിക്കുകയും ക്രൂരമായി മർദ്ദിക്കുകയും വെടിവയ്ക്കുകയുമാണ് പൊലീസ് ചെയ്തത്.

● ***പൊലീസുകാരൻ മരിക്കാനിടയായതെങ്ങനെയാണ്?***

പൊലീസുകാരന്റെ കൊലപാതകം സർക്കാരിന്റെയും പൊലീസിന്റെയും ഗൂഢതന്ത്രമായിരുന്നു. തലേദിവസം ഫോറസ്റ്റുഗാർഡുകളെക്കൊണ്ട് ചുറ്റുമുള്ള കാടിന് തീ വച്ചിരുന്നു. ആദിവാസികൾ കാട് നശിപ്പിക്കുന്നുവെന്ന് കള്ളപ്രചാരണം നടത്താനായിരുന്നു പരിപാടി. കാടിനു തീ വയ്പ് ചില ഗാർഡുകളെ ഞങ്ങൾ ബന്ദികളാക്കിയിരുന്നു. അവർ സർക്കാരിന്റെ തന്ത്രങ്ങൾ ഞങ്ങളോടു സമ്മതിച്ചിരുന്നു. കലക്ടറുടെ സാന്നിദ്ധ്യത്തിൽ അവരുടെ മൊഴിയെടുപ്പിക്കാനാണ് അവരെ ബന്ദികളാക്കിയത്. കലക്ടർ വരികയും അവരുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തതിന്റെ വെളിച്ചത്തിൽ ബന്ദികളെ വിട്ടയച്ചിരുന്നു. എന്നാൽ യാതൊരുവിധ പ്രകോപനവും കൂടാതെ ചർച്ചകൾക്കുള്ള എല്ലാ സാധ്യതകളും നഷ്ടമാക്കിക്കൊണ്ട് പൊലീസ് അപ്രതീക്ഷിതമായി കടന്നുകയറി വെടിവയ്ക്കുകയായിരുന്നു. മൂന്നു പേർക്ക് ആദ്യമേ തന്നെ വെടിയേറ്റിരുന്നു. അവിടെ സംഘർഷാവസ്ഥ സംജാതമായി. ചില ആദിവാസി ചെറുപ്പക്കാർ ചെറുത്തുനിൽക്കാനും തിരിച്ചടിക്കാനും തുടങ്ങി.



സി.കെ. ജാനു

വിനോദ് എന്ന പൊലീസുകാരനെ മുന്നിൽ നിർത്തിയായിരുന്നു ആദിവാസികൾ ചെറുത്തുനിന്നത്. വിനോദിന് വെടിയേറ്റിട്ടുണ്ടാവണം. അതല്ലാതെ തരമില്ല. വിനോദിനെ ഉപദ്രവിക്കാൻ ചില ആദിവാസി ചെറുപ്പക്കാർ മുതിർന്നിരുന്നു. കാരണം, അപ്പോഴത്തെ ഭീകരാവസ്ഥയിൽ എന്താണു ചെയ്യേണ്ടതെന്നാർക്കുമറിയില്ലായിരുന്നു. ഞങ്ങളെ കിട്ടിയിരുന്നെങ്കിൽ അവിടെ വച്ചു തന്നെ പൊലീസ് വെടിവച്ചു കൊല്ലുമായിരുന്നു.

● ***നിങ്ങളുടെ കയ്യിൽ ആയുധങ്ങളുണ്ടായിരുന്നുവെന്ന് പറയുന്നതിനെക്കുറിച്ച്.....?***

ആയുധങ്ങളെന്ന് സർക്കാരും പൊലീസുകാരും പറയുന്നത് ഞങ്ങളുടെ പണിയായുധങ്ങൾ മാത്രമാണ്. അമ്പും വില്ലും വെറും പ്രതീകങ്ങൾ മാത്രമായിരുന്നു. ചെറുത്തുനിൽപിനുള്ള ആയുധങ്ങളൊന്നുമല്ലായിരുന്നു അത്. അങ്ങനെയൊരു ചെറുത്തുനിൽപ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതേയില്ല.

● ***നിങ്ങളെ പൊലീസ് ക്രൂരമായി മർദ്ദിച്ചുവോ?***

അതിക്രൂരമായാണ് ഞങ്ങളെ പൊലീസ് തല്ലിയത്. എന്നെ തല്ലിയത് പുരുഷപൊലീസുകാരാണ് (ജാനു). എന്റെ നട്ടെല്ല് അടിച്ചുപൊട്ടിച്ചു (ഗീതാനന്ദൻ). കൊച്ചുകുട്ടികളെയും സ്ത്രീകളെയും പൊലീസ് ഭീകരമായാണ് തല്ലിച്ചതച്ചത്.

● ***കൂടുതൽ മരണങ്ങളുണ്ടായി എന്നത്.....?***

പുറത്തിറങ്ങിയാലേ വ്യക്തമായി അന്വേഷിക്കാൻ സാധിക്കൂ. കൂടുതൽ പേർക്ക് വെടിയേറ്റിട്ടുള്ളതുകൊണ്ട് കൂടുതൽ മരണങ്ങളുണ്ടാകാനാണ് സാധ്യത. ജയിലിൽ നിന്ന് ആരൊക്കെയാണ് ഓടിപ്പോയത്. ഇതൊക്കെ കണ്ടുപിടിച്ചാലേ വ്യക്തമായി പറയാൻ സാധിക്കൂ.

● ***ആദിവാസിഭൂസമരംമുത്തങ്ങയ്ക്കു ശേഷം.....?***

ഞങ്ങൾ പുറത്തിറങ്ങിക്കഴിഞ്ഞാൽ കൂടുതൽ തീക്ഷ്ണമായി ഈ സമരം മുന്നോട്ടു കൊണ്ടുപോകും. ആദിവാസി ഭൂപ്രശ്നം മാത്രമല്ല, സ്വയംഭരണം എന്ന വിഷയവും ഉയർത്തിക്കൊണ്ടാണ് സമരം പ്രഖ്യാപിക്കുവാൻ പോകുന്നത്. ഈ സമരത്തിൽ ഞങ്ങളോടൊപ്പം എല്ലാ മനുഷ്യാവകാശപ്രസ്ഥാനങ്ങളും ഉണ്ടാവണം.

● ***കെ.സി.സി. പോലുള്ള സംഘടനകളിൽ നിന്ന് എന്താണു നിങ്ങൾ പ്രതീക്ഷിക്കുന്നത്?***

ആദിവാസിഭൂസമരം ആദിവാസികൾ നയിക്കുന്ന സമരമാണ്. ഇതൊരു മനുഷ്യാവകാശപ്രശ്നമായതുകൊണ്ട് സാമൂഹ്യപ്രതിബദ്ധതയുള്ള പ്രസ്ഥാനങ്ങൾ ചെയ്യേണ്ടത് പ്രാഥമികമായി സർക്കാരിന്റെ കള്ളപ്രചാരണങ്ങളെയും കുതന്ത്രങ്ങളെയും പൊതുജനമദ്ധ്യെ പൊളിച്ചുകാണിക്കുകയെന്നതാണ്.

*കൂടിക്കാഴ്ച നടത്തിയവർ:–*

*ഫാ. ഡോ. എ. ടി. ഏബ്രഹാം*
*റവ. വൈ. ടി. വിനയരാജ്*
*പ്രൊഫ. ഫിലിപ്പ് എൻ. തോമസ്*
*റവ. ഡോ. പി. വി. ജോസഫ്*


# പാപികളുടെ ദൈവം

ഗ്രന്ഥകർത്താവ്: ജോർജ് വർഗീസ് നെടുങ്ങാടപ്പള്ളി

വില : 40/- രൂപ

'ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നത്' (മത്തായി 9 : 13)
എന്നു പറഞ്ഞ ക്രിസ്തു ഒരുക്കിയിരിക്കുന്ന സൗജന്യരക്ഷയെപ്പറ്റിയും ആ രക്ഷയുടെ
ഭദ്രതയെപ്പറ്റിയും വിശദീകരിക്കുന്ന ഗ്രന്ഥം:
(കോപ്പികൾ ക്രിസ്ത്യൻ ബുക്ക് സ്റ്റോളുകളിൽ ലഭ്യമാണ്.)

# കുഞ്ഞാടുകളുടെ ദൈവവും ചെറുത്തുനിൽപിന്റെ ആത്മീയതയും

റവ. വൈ. ടി. വിനയരാജ്

രാഷ്ട്രീയ-സാമുദായിക ബലതന്ത്രങ്ങളിലൂടെ അവകാശം സ്ഥാപിച്ചെടുക്കാനാവാത്ത, കേരളജനസംഖ്യയിൽ ഒരു ശതമാനം മാത്രം വരുന്ന ആദിവാസികളുടെ അതിജീവനത്തിനായുള്ള ചെറുത്തുനിൽപാണ് മുത്തങ്ങയിൽ കണ്ടത്. കേരളത്തിലെ ആദിവാസി ഭൂസമരം ജനകീയ സമരമാണ്. ഭൂമി അവർക്കു ജീവനാണ്. ഭൂമിയുടെ നിഷേധം മരണത്തിനു തുല്യമാണവർക്ക്. കേരള രാഷ്ട്രീയ മേലാളന്മാർ നിരന്തരം കബളിപ്പിക്കുകയും തിരസ്കരിക്കുകയും ചെയ്യുന്ന ഒരു ജനതയുടെ "ജനിച്ച മണ്ണിൽ ജീവിക്കുവാനുള്ള, ജീവിച്ച മണ്ണിൽ മരിക്കുവാനുള്ള, മരിച്ചാൽ മണ്ണിൽ കുഴിച്ചിടപ്പെടാനുള്ള" അടിസ്ഥാനപരമായ അവകാശത്തിനുവേണ്ടിയുള്ള പ്രതിരോധമായിരുന്നു അത്. ഈ 'ഉറുമ്പുകളുടെ പ്രതിരോധ'ത്തെ യുദ്ധസമാനമായ സന്നാഹങ്ങളോടു കൂടി വളരെ പൈശാചികമായി നേരിട്ട ഭരണകൂടത്തിന്റെ ക്രൂരത, ഗ്യാസ് ചേമ്പറുകളിൽ കൂട്ടക്കൊലകൾ നടത്തിയ ഹിറ്റ്ലറെപ്പോലും ലജ്ജിപ്പിക്കുന്നതാണെന്നു പറയാതെ വയ്യ.

ആദിവാസികളുടെ ഭൂമിയ്ക്കുവേണ്ടിയുള്ള അവകാശസമരത്തെ തീവ്രവാദമായി ചിത്രീകരിച്ച് അടിച്ചമർത്തുന്നത് ജനാധിപത്യ ധ്വംസനമാണ്; മനുഷ്യാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണ്. ആദിവാസി ഭൂപ്രശ്നത്തെ അടിച്ചമർത്തുന്നതിനായി ആദിവാസികളെ ഭീകരരായും തീവ്രവാദികളായും ചിത്രീകരിക്കുക വഴി ഹിറ്റ്ലറും ജോർജ് ബുഷും പ്രയോഗിച്ച രാക്ഷസീകരണം എന്ന തന്ത്രം ആവർത്തിക്കുകയായിരുന്നു കേരളത്തിലെ ഭരണകൂടവും. തങ്ങളുടെ അധികാരത്തിന്റെ നിലനിൽപിനായി, അധികാരകേന്ദ്രീകരണത്തെ ചോദ്യം ചെയ്യുന്ന അടിസ്ഥാനസമൂഹങ്ങളെ തീവ്രവാദികളായി ചിത്രീകരിക്കുകയെന്ന രാഷ്ട്രീയതന്ത്രം. ഇവിടെ ഭരണകൂടം ജനാധിപത്യ സംരക്ഷണമല്ല, മറിച്ച് ദുർബലരുടെ വംശഹത്യയാണ് ചെയ്യുന്നത്. അഫ്ഗാനിസ്ഥാനിലും ഗുജറാത്തിലും മുത്തങ്ങയിലും കാണുന്നത് ഈ ഭരണകൂട ഭീകരതയുടെ ഇരകളെയാണ്. കയ്യേറ്റക്കാർക്കും മാടമ്പിമാർക്കും വിടുപണി ചെയ്യുന്ന ഈ രാഷ്ട്രീയ നേതൃത്വം പ്രബുദ്ധകേരളത്തിന് അപമാനമാണ്.

ആദിവാസിഭൂപ്രശ്നം മുത്തങ്ങയിൽ ആരംഭിച്ചതോ അവസാനിക്കുന്നതോ അല്ല. ലാഭക്കണ്ണോടുകൂടി കടന്നുകയറി ഭൂമിയേയും അതിന്റെ പ്രാഥമിക ജനതയേയും ഇരകളാക്കിയ അടിമത്തത്തിന്റെ ജാതീയതയുടെ, കോളനിവത്കരണത്തിന്റെ, കുടിയേറ്റത്തിന്റെ ചരിത്രഘട്ടങ്ങൾ അതിനു പിന്നിലുണ്ട്. സി. കെ. ജാനു നയിക്കുന്ന ആദിവാസി പ്രതിരോധങ്ങളെ ഭൂമിക്കുവേണ്ടിയുള്ള വിലപേശൽ സമരങ്ങളായല്ല കാണേണ്ടത്. മറിച്ച്, ആഗോളവത്ക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ സംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ മൂലധനത്തിന്റെ അവകാശികളായി ആദിവാസികളെ സ്വയം നിർണയിക്കാനുള്ള രാഷ്ട്രീയ ഇടപെടലായിട്ടാണു കാണേണ്ടത്. കേന്ദ്രീകൃത വികസന തന്ത്രങ്ങളോടും ദുർബലരെ പ്രാന്തസ്തിതരാക്കുന്ന പുത്തൻ സാമ്പത്തിക ക്രമീകരണങ്ങളോടുമുള്ള പ്രതിഷേധമാണിത്. മണ്ണിനെ അദ്ധ്വാനത്തിലൂടെ പുഷ്കലമാക്കുന്ന സംസ്കൃതിയെ നെഞ്ചിലേറ്റുന്ന ഒരു ആത്മീയതയാണ് അതിന്റെ കാതൽ. എല്ലാ ജീവൽ സങ്കേതങ്ങളിലും കുടികൊള്ളുന്ന ദൈവികത ജീവൻ നിഷേധത്തിന്റെ സമരമുഖങ്ങളിൽ ദുർബലരോടൊപ്പം പക്ഷംചേരുന്ന ദൈവികതയുടെ ശ്രേഷ്ഠമായ പ്രകാശനമാണിത്. മനുഷ്യസമ്പൂർണതയുടെ കിനാവും ദൈവികതയുടെ നിറവും ജീവിതാനുഭവമായി തിരിച്ചറിയുന്ന ദർശനത്തിന്റെ സമരമുഖങ്ങളാണിത്.

ഫറവോന്റെ ദൈവത്തെ നിഷേധിച്ച് യഹോവയായ ദൈവത്തെ കണ്ടെത്തുന്നത് വേദപുസ്തകത്തിലെ അടിമജനത്തിന്റെ പുതിയൊരു തിരിച്ചറിവാണ്. മനുഷ്യവിമോചനത്തിന്റെ നവ അനുഭവങ്ങളാണ് യഹോവയായ ദൈവത്തിന്റെ ആരാധകരാക്കി അവരെ മാറ്റിയത്. ഫറവോന്റെ ദൈവനിഷേധം ഒരു രാഷ്ട്രീയ പ്രതിഷേധമായിരുന്നു. അധികാരകേന്ദ്രീകരണത്തിന്റെ നിഷേധവും ദുർബലരോടുള്ള പക്ഷംചേരലിന്റെ പ്രഖ്യാപനവുമായിരുന്നു ആ പുതിയ ദൈവവ്യവഹാരം സൃഷ്ടിച്ചത്. അടിമജനതയുടെ വിമോചനാനുഭവങ്ങളിലാണ് ഈ ദൈവികത പ്രകാശിതമാകുന്നത്. അതുകൊണ്ട് യഹോവയായ ദൈവത്തിലുള്ള വിശ്വാസം ഇസ്രയേൽ ജനത മുറുകെപ്പിടിച്ചത് അധികാര കേന്ദ്രീകരണത്തോടും സൈനിക മർദ്ദനങ്ങളോടും ദുർബലരെ അന്യവൽക്കരിക്കുന്ന സാമ്പത്തിക വ്യവഹാരങ്ങളോടും പ്രതിഷേധിച്ചുകൊണ്ടായിരുന്നു. ഈ ബദൽ നിലപാടാണ് അവരെ ദൈവജനമാക്കിത്തീർക്കുന്നതും.

***ഭൂമിയുടെയും അതിന്റെ വിഭവങ്ങളുടെയും വിതരണം കേന്ദ്രീകരിക്കപ്പെടുകയും ദുർബലർ ഈ അധികാരവ്യവഹാരത്തിൽ നിന്നു പുറന്തള്ളപ്പെടുകയും ചെയ്യുന്നതിനോടുള്ള രാഷ്ട്രീയപ്രതിഷേധമാണ് ശബത്തിനെ കുറിച്ചും യോവേൽ സംവത്സരത്തെക്കുറിച്ചുമുള്ള ബദൽ വ്യവഹാരചിന്തകൾ സൃഷ്ടിച്ചത്.*** യേശു പിൻതുടരുന്നതും ഈ ബദൽ ദൈവികതയാണ്. യോവേൽ സംവത്സരത്തിന്റെ സന്ദേശവുമായാണ് യേശു പ്രവേശിക്കുന്നത്. റോമൻ ഭരണകൂടത്തിന്റെ അധീശത്വ സമാധാനചിന്തകൾക്കു വിപരീതമായി ബഹിഷ്കൃതരുടെയും കുട്ടികളുടെയും സ്ത്രീകളുടെയും വിടുതലിന്റെ ഘോഷയാത്ര (ഹോശന്ന) നയിക്കുകയാണ് യേശു. അധികാരത്തിന്റെ പങ്കുകാരും കുഴലൂത്തുകാരുമായ കപട മതനേതാക്കളുടെ അരാഷ്ട്രീയ ദൈവസങ്കൽപങ്ങളെ പൊളിക്കാനാണ് ഈ ഘോഷയാത്ര യെരുശലേം ദേവലായത്തിലേക്കു നീങ്ങുന്നത്. മനുഷ്യന്റെ അടിസ്ഥാനയവകാശങ്ങളുടെ സംരക്ഷണത്തിനും നിലനിൽപിനും സഹായകമല്ലാത്ത മതാധിഷ്ഠിത അനുഷ്ഠാനങ്ങളെയും പഠിപ്പിക്കലുകളെയും യേശു തിരസ്കരിക്കുന്നു. അടിമജനത്തിന്റെ ബദൽ ദൈവചിന്തയെ തിരികെപ്പിടിക്കാനുള്ള ശ്രമമായിരുന്നു അത്. മനുഷ്യന്റെ ജീവൽ പ്രശ്നങ്ങളുടെ ഭൂമികയിലേക്ക് ദൈവികതയെ പുനഃപ്രതിഷ്ഠിക്കുവാനുള്ള ചരിത്രപരമായ നിയോഗമായിരുന്നു യേശുവിന്റേത്.

മനുഷ്യത്വരഹിതമായ ഭരണകൂടത്തോടും അധീശത്വ വ്യവസ്ഥയോടുമുള്ള ചെറുത്തുനിൽപും പ്രതിഷേധവുമായിരുന്നു യേശുവിന്റെ കുരിശ്. പീഡിതജനത്തിന്റെ ചരിത്രപ്രത്യാശയാണ് യേശുവിന്റെ ഉത്ഥാനത്തിൽ പ്രകാശിതമായത്. പീഡിത ജനം നവ യരുശലേമിന്റെ കേന്ദ്രമായിക്കാണുന്നത് അറുക്കപ്പെട്ട കുഞ്ഞാടിനെയാണ്. കമ്പോളം സൃഷ്ടിക്കുന്ന നിഷ്ക്രിയതയുടെയും നിസ്സംഗതയുടെയും അരാഷ്ട്രീയതയുടെയും ആക്രമണോന്മുഖ സാങ്കേതികതയുടെയും അദൈവാരാധനയിലാണിന്ന് അഭിനവ ദൈവജനം. ഈ അദൈവത്തെ തിരസ്കരിച്ച് ദുർബലരോടു പക്ഷംചേരുന്ന, അവരുടെ പുനരുദ്ധാരണവും ജീവനുമായിരിക്കുന്ന യഹോവയായ ദൈവത്തെ കണ്ടെത്തേണ്ടത് ചരിത്രപരമായ ബാധ്യതയാണ്. ജീവൻ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രതിബദ്ധതയിലുമാണ്, ഈ ബദൽ ആത്മീയത പ്രകാശനം ചെയ്യപ്പെടുന്നത്. ജീവനെ നശിപ്പിക്കുന്ന സമസ്തശക്തികളോടുമുള്ള രോഷവും എതിർപ്പുസമരവും ഈ ആത്മീയതയുടെ അടിസ്ഥാനഘടകമാണ്. ***ഇവിടെ വിശ്വാസം ചലനരഹിതമാവുകയും വിശ്വാസസമൂഹം സ്ഥാപനവത്കരിക്കപ്പെടുകയും ചെയ്യുമ്പോൾ യഹോവയായ ദൈവത്തെ നിഷേധിക്കുകയും ഫറവോന്റെ ദൈവത്തെ ആരാധിക്കുകയുമാണ് ചെയ്യുന്നതെന്നോർക്കുക.*** സ്വാർത്ഥലാഭത്തിനായി മാത്രം അവകാശങ്ങളെ നിർവഹിക്കുകയും അനീതി നിറഞ്ഞ സാഹചര്യങ്ങളോടു മൗനം പാലിക്കുകയും ചെയ്യുമ്പോൾ, നെബുക്കദ്നേസറിന്റെ സ്വർണബിംബത്തെ നിഷേധിച്ച് അഗ്നികുണ്ഡം കൈനീട്ടി വാങ്ങിയ ശദ്രക്കിന്റെയും മേശക്കിന്റെയും അബേദ്നഗോവിന്റെയും ദൈവം നമുക്കന്യമാകുന്നുവെന്ന് തിരിച്ചറിയുക. ക്രൈസ്തവസമൂഹമേ, ഈ മൗനം ദൈവനിഷേധമാണ്.

## കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## ധർമബോധം: ക്രൈസ്തവവും അക്രൈസ്തവവും

തെറ്റും ശരിയും തമ്മിൽ വേർതിരിക്കാനുള്ള മനുഷ്യന്റെ കഴിവാണ് ധർമബോധം. മനുഷ്യനിൽ അതിന്റെ അളവ് അൽപമോ അധികമോ ആകാം. എങ്കിലും, ക്രൈസ്തവമെന്നും അക്രൈസ്തവമെന്നും ഒരു ഭേദകൽപന സാധ്യമാണോ ധർമബോധത്തിൽ? ഇത്തരമൊരു ചിന്തയ്ക്കുള്ള പ്രേരണ 'ക്രൈസ്തവകാഹളം' മാർച്ച് ലക്കത്തിലെ ഒരു ചർച്ചയാണ്. വിഷയം 'സ്വാശ്രയ പ്രൊഫഷനൽ കോളജ് പ്രവേശനം'. സ്വാശ്രയ പ്രൊഫഷനൽ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനാനുപാതം എങ്ങനെയായിരിക്കണമെന്നതു സംബന്ധിച്ച് മാനേജ്മെന്റും സർക്കാരും തമ്മിലുള്ള അഭിപ്രായഭിന്നതയാണല്ലോ പ്രശ്നം. പ്രവേശനത്തിൽ 50% സീറ്റ് മാനേജ്മെന്റിനും ബാക്കി 50% സർക്കാരിന്റെ മെറിറ്റ് ലിസ്റ്റിൽ നിന്നുമാകണമെന്നാണ് സർക്കാർ നിലപാട്. സ്വന്തം മുതൽ മുടക്കി തങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിൽ അങ്ങനെയൊരു സൗജന്യം സർക്കാരിനു നൽകാൻ സാധ്യമല്ലെന്നു മാനേജ്മെന്റ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം മാനേജ്മെന്റുകളുടെ മേലുള്ള ഈ നിയന്ത്രണം സാമൂഹികനീതിയുടെ സംരക്ഷണമാണ്. മാനേജ്മെന്റുകളാകട്ടെ ന്യൂനപക്ഷമെന്ന നിലയ്ക്കുള്ള തങ്ങളുടെ അവകാശത്തിൽ സർക്കാരിന്റെ കൈകടത്തലായി അതിനെ കാണുന്നു.

പ്രൊഫഷനൽ വിദ്യാഭ്യാസത്തിൽ സ്വകാര്യമേഖലയെ പങ്കാളിയാക്കാനുള്ള സർക്കാർ തീരുമാനത്തിന്റെ പശ്ചാത്തലം വിശദമാക്കിക്കൊണ്ടാണ് ചർച്ചയിൽ പങ്കെടുത്ത അടപ്പൂരിന്റെ പ്രബന്ധമാരംഭിക്കുന്നത്. പ്രത്യയശാസ്ത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസരംഗത്തു നിന്ന് ഏറെക്കാലമായി സ്വകാര്യഏജൻസികളെ അകറ്റി നിർത്തിയിരുന്നു. അതിന്റെ ഫലമായി തമിഴ്നാടു പോലുള്ള അയൽസംസ്ഥാനങ്ങളിലേക്ക് വൻതോതിലുണ്ടായി ഇവിടെ നിന്നുള്ള പ്രവാഹം. അതിന്റെ ഭാഗമായി നമ്മുടെ പണവും അവിടേയ്ക്കൊഴുകി. തൊഴിൽപരവും വ്യവസായപരവുമായ നമ്മുടെ വളർച്ചയ്ക്കു പ്രൊഫഷനൽ കോളജുകളാവശ്യമാണെന്ന് സർക്കാരിനറിയാമായിരുന്നെങ്കിലും സ്വന്തമായി അവ സ്ഥാപിക്കാൻ സർക്കാരിന്റെ സാമ്പത്തിക നില അനുവദിച്ചില്ല. ആ സാഹചര്യത്തിലാണ് സ്വകാര്യ ഏജൻസികളെ ഈ രംഗത്തു പ്രവേശിപ്പിക്കാനുള്ള സർക്കാരിന്റെ തീരുമാനം. പ്രൊഫഷനൽ സ്ഥാപനങ്ങളിലെ സീറ്റുകളിൽ പകുതി വേണമെന്ന സർക്കാർ നിലപാടിനോടാണു മാനേജ്മെന്റുകളുടെ എതിർപ്പ്. തങ്ങളുടെ സമ്പത്തും അദ്ധ്വാനവും ഉപയോഗപ്പെടുത്തി നടത്തുന്ന സ്ഥാപനങ്ങളുടെ ഗുണഭോക്താക്കൾ തങ്ങൾ തന്നെയാകണമെന്നും ഗവൺമെന്റിനെതിരെ ആസ്തി വർദ്ധനയ്ക്കു അവ ഉപയോഗിക്കരുതെന്നും മാനേജ്മെന്റുകൾ കരുതുന്നു. പ്രൊഫഷനൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഭാരിച്ച ചെലവുകൾക്കുള്ള പണം അവിടെ നിന്നുള്ള വിദ്യാഭ്യാസത്തിന്റെ പ്രയോജനം സിദ്ധിക്കുന്ന വിദ്യാർത്ഥികളിൽ നിന്നു പിരിച്ചെടുക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റും പൊതുസ്ഥാപനങ്ങളും സമ്പന്നവ്യക്തികളും മുന്നോട്ടുവരികയും അതിനുള്ള ഉപകരണമായി സർക്കാർ വർത്തിക്കുകയും വേണം.

ഏറെക്കുറെ സമാനമായ അഭിപ്രായഗതികളാണ് ചർച്ചയിൽ പങ്കെടുത്തവരെല്ലാം അവതരിപ്പിക്കുന്നത്. കേരളപ്പിറവിക്കുശേഷം കേരളം കണ്ട ആദ്യവിപ്ലവം ഭൂപരിഷ്കരണവും രണ്ടാമത്തേത് വിദ്യാഭ്യാസരംഗത്തുണ്ടായ വികാസവുമാണ്, അൽഫോൺസ് കണ്ണന്താനത്തിന്റെ ദൃഷ്ടിയിൽ. സാങ്കേതികവിദ്യാഭ്യാസരംഗത്തു സ്വകാര്യമേഖലയ്ക്കു ലഭിച്ച പ്രവേശം നമുക്ക് കൂടുതൽ മികവിന് അവസരം നൽകുന്നു. വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്നുവെന്ന വിമർശനത്തിന് അദ്ദേഹത്തിന്റെ മറുപടി, വിപണിയിലെ മറ്റ് ഏതുൽപന്നവും പോലെ വിദ്യയും കച്ചവടവിഭവമാണെന്നാണ്. ക്രിസ്ത്യൻ സ്ഥാപനങ്ങളുടെ സീറ്റുകളിൽ നല്ലൊരു പങ്ക് സമൂഹത്തിലെ പാവപ്പെട്ടവർക്കായി മാറ്റിവയ്ക്കണമെന്നും മാനേജ്മെന്റുകൾക്കു അതിന്റെ ചെലവ് ഒരു ഭാരമെങ്കിൽ അതിനുള്ള പണം സർക്കാർ കണ്ടെത്തണമെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. വിദ്യാർത്ഥിപ്രവേശനത്തിനുള്ള അവകാശം നൂറു ശതമാനവും മാനേജ്മെന്റിനായിരിക്കണമെന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നു വ്യത്യസ്തമായി ജനസേവനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രൊഫഷനൽ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തരുതെന്നും ചിലർ അഭിപ്രായപ്പെടുകയുണ്ടായി.

'പുഷ്പഗിരിയുടെ നിയമപോരാട്ടം' എന്ന ശീർഷകത്തിലുള്ള അഭിമുഖത്തിൽ ('ഐക്യദീപം'-മാർച്ച്) പുഷ്പഗിരി മെഡിക്കൽ കോളജ് അഡ്മിനിസ്ട്രേറ്റർ പ്രശ്നവുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾക്കു മറുപടി നൽകുന്നു. സ്വാശ്രയമെഡിക്കൽ കോളജിനുള്ള സർക്കാർ അനുവാദം ഒരു സൗജന്യമല്ലെന്നും, പ്രവേശനാനുപാതം സംബന്ധിച്ച് സർക്കാരുമായി ധാരണയെന്നല്ല, ചർച്ച തന്നെയും ഉണ്ടായിട്ടില്ലെന്നും ഉണ്ടായിരുന്നെങ്കിൽത്തന്നെ സുപ്രീംകോടതിയുടെ വിധിയോടെ അത് അസാധുവായെന്നും കോടതി വിധിയനുസരിച്ചുള്ള മാനദണ്ഡങ്ങൾ വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പിൽ ഉപയോഗപ്പെടുത്തുമെന്നും അദ്ദേഹം പറയുന്നു. സർക്കാർ മെഡിക്കൽ കോളജുകൾ വാങ്ങുന്ന നാമമാത്ര ഫീസ് സ്വകാര്യമാനേജ്മെന്റുകളും നടപ്പാക്കണമെന്നു നിർബന്ധം പിടിക്കുന്ന സർക്കാർ, സ്വാശ്രയസ്ഥാപനങ്ങൾ എവിടെ നിന്നു പണം പിരിച്ച് ബാക്കി ചെലവുകൾ നടത്തണമെന്നുകൂടി വ്യക്തമാക്കണമെന്ന് അദ്ദേഹമാവശ്യപ്പെടുന്നു. തീർത്തും വ്യത്യസ്തമയ സമീപനമാണ് ഫാ. ഡോ. ഒ. തോമസ് ന്യൂ വിഷനിൽ (ഏപ്രിൽ ലക്കം) അവതരിപ്പിച്ചിരിക്കുന്നത്. സ്വാശ്രയകോളജുകളിൽ 50% സീറ്റുകൾ സർക്കാരിന്റെ മെറിറ്റ് ലിസ്റ്റിൽ നിന്നാകണമെന്ന. തീരുമാനം സാമൂഹികനീതിയ്ക്കിണങ്ങുന്നതായി അദ്ദേഹം കാണുന്നു. മനുഷ്യരിൽ സംസ്കാരവും സ്നേഹവും വളർത്തേണ്ട വിദ്യാഭ്യാസത്തെ ആഗോളവൽക്കരണത്തിന്റെ ചുവടുപിടിച്ച് കച്ചവടമാക്കാൻ കൂട്ടുനിൽക്കുന്നത് വലിയൊരപരാധമായും അദ്ദേഹം കരുതുന്നു.

ഇവിടെയാണ് അക്രൈസ്തവ ധർമബോധവും ക്രൈസ്തവ ധർമബോധവും തമ്മിലുള്ള വ്യത്യാസം. ആദ്യം പറഞ്ഞവയിലെ ധർമബോധം നിഷേധിക്കാനാവില്ലെങ്കിലും ഒടുവിൽ പറഞ്ഞതിലാകണം നമ്മുടെ ഊന്നൽ. എന്തുകൊണ്ടെന്നാൽ, ക്രിസ്തുവിന്റെ സുവിശേഷത്തോടു ബന്ധപ്പെട്ട ഉത്തരവാദിത്തബോധത്തിൽ നിന്നുണ്ടാകുന്ന ഒന്നാണത്. നാം എന്തായിരിക്കണമെന്നും എങ്ങനെയായിരിക്കണമെന്നുമുള്ള ദൈവഹിതമറിഞ്ഞു പ്രവർത്തിക്കുകയെന്നാണ് അതിനർത്ഥം. ●



# നിങ്ങളുടെ കൺഫ്യൂഷനിലാണ് എന്റെ നിലനിൽപ്

ഡോ. മാത്യു കോശി പുന്നയ്ക്കാട്

'ബിസ്ഫിനോൾ എ'- അതാണെന്റെ പേര്. എന്നെ പരിചയമുള്ളവർ വളരെ കുറവാണ്. കാരണം, നായകനായി ഞാനൊരിടത്തും വരാറില്ല. എനിക്കിഷ്ടപ്പെട്ടവരോടൊപ്പം സഹനടനായി അഭിനയിക്കാനാണ് എനിക്കു താൽപര്യം. ഇങ്ങനെ ആലങ്കാരികഭാഷയിൽ സ്വയം പരിചയപ്പെടുത്തുവാൻ ശ്രമിച്ചത് നിങ്ങളെ അലോസരപ്പെടുത്തിയിട്ടുണ്ടാവണം. ക്ഷമിക്കൂ, ഞാൻ പച്ചയ്ക്ക് എന്നെ പരിചയപ്പെടുത്താം.

ഞാനൊരു രാസവസ്തുവാണ്. 1930-കളിലാണ് എന്നെ കണ്ടുപിടിച്ചത്. സാധാരണഗതിയിൽ പ്ലാസ്റ്റിക് എന്ന പോളിമറിന്റെ കൂടെയാണു കഴിയാറുള്ളത്. എനിക്ക് ഗുണവും മണവുമില്ലാത്തതുകൊണ്ട് ചില കീടനാശിനികളുടെ കൂടെ ഫില്ലറായും ചേർക്കാറുണ്ട്. തീ കെടുത്തുന്നതിനും, റബർ കെമിക്കലായും പി.വി.സി. സ്റ്റെബിലൈസറായും എന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്. ഞാൻ നേരത്തെ പറഞ്ഞില്ലേ പല നായകന്മാരോടൊപ്പം അഭിനയിക്കാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ടെന്ന്. എന്റെ സേവനങ്ങളുപയോഗപ്പെടുത്തുന്ന മേഖലകൾ അനവധിയുണ്ട്. എന്നെ പരിചയപ്പെടുത്തുമ്പോൾ എല്ലാ കാര്യങ്ങളും പറഞ്ഞില്ലെങ്കിൽ അതു ശരിയാവില്ല. 'ബിസ്ഫിനോൾ എ' അടങ്ങിയ പോളികാർബണേറ്റ് കുട്ടികളുടെ പല്ലുകൾക്ക് പോടുകളുണ്ടാകാതെ സംരക്ഷണവലയമായി ഉപയോഗിക്കാറുണ്ട്. ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാറുള്ള ലോഹപാത്രങ്ങളിലെ ലോഹം ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെടാതിരിക്കുവാൻ സഹായിക്കുന്ന പ്ലാസ്റ്റിക് ആവരണത്തിൽ ഞാനുണ്ട്. ബേബി ഫീഡിംഗ് ബോട്ടിലുകൾ, വെള്ളക്കുപ്പികൾ, റഫ്രിജറേറ്റർ ഷെൽഫ്, ഇവയിലെല്ലാം എന്റെ സേവനം ഉപയോഗിക്കുന്നുണ്ട്. ആധുനിക ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായി നിങ്ങൾ വാങ്ങിക്കൂട്ടുന്ന സാധനങ്ങളിൽ മിക്കവയിലും ഞാനുണ്ടെന്നു പറയുന്നതാവും കൂടുതൽ ശരി-കൃത്രിമപ്പല്ല്, മോട്ടോർ വാഹന സ്പെയർ പാർട്ട്സ്, ചില തരം മെഷിനുകൾ, പശകൾ ഇവയിലെല്ലാം ഞാനുണ്ട്.

ഞാനൊരു കൃത്രിമ രാസവസ്തുവാണ്. അതുകൊണ്ട് എന്നെ സ്വാഭാവികമായി പ്രകൃതിയിൽ കാണുവാൻ പറ്റില്ല. പക്ഷേ നദികളിലും കായലുകളിലും മണ്ണിലുമൊക്കെ ഞാനുണ്ട്. അതെങ്ങനെയെന്ന് നിങ്ങൾ ചോദിച്ചേക്കാം. നിങ്ങൾ തനിയെ ആലോചിച്ചു നോക്കൂ. എന്റെ കൃത്രിമ സുഖവാസം മടുക്കുമ്പോൾ നായകനുമായി തെറ്റിപ്പിരിഞ്ഞ് ഞാൻ പ്രകൃതിയിലേക്കിറങ്ങും. ചിലപ്പോൾ മണ്ണിലായിരിക്കും വീഴുക. ചിലപ്പോൾ വെള്ളത്തിൽ. നിങ്ങൾ കരുതുന്നുണ്ടാവും, വെള്ളത്തിൽ വീണാൽ അലിഞ്ഞു പോകുമെന്നും മണ്ണിൽ വീണാൽ വിഘടിച്ച് നശിച്ചുപോകുമെന്നും. പക്ഷേ നിങ്ങൾക്കു തെറ്റി. ജൈവവിഘടനം സംഭവിക്കാതെ വർഷങ്ങളോളം കഴിയുവാൻ കരുത്തുള്ളവനാണ് ഞാൻ. എന്റെ കൂട്ടത്തിൽപ്പെടുന്നവരെ നിങ്ങൾ നേരിട്ടു പരിചയപ്പെട്ടിട്ടുണ്ടാവും. ഡി.ഡി.ടി., ബി.എച്ച്.സി., എൻഡോസൾഫാൻ തുടങ്ങിയ കീടനാശിനികൾ. ഇവ ഓർഗാനോ ക്ലോറിൻ കീടനാശിനികൾ എന്നാണറിയപ്പെടുക. ഇവ വർഷങ്ങളോളം നശിക്കാതെ കഴിയുന്നവയാണ്. ഈ സ്വഭാവം എനിക്കുമുണ്ട്. എന്റെ സ്വഭാവം ശരിക്കും എന്താണെന്നറിയാൻ ഞാൻ മനുഷ്യരിലോ മൃഗങ്ങളിലോ പ്രവേശിച്ചാൽ മതി. ഞാനവിടെ ഒരു 'കൺഫ്യൂഷൻ' തന്നെ സൃഷ്ടിക്കും. എന്റെ സ്വഭാവവിശേഷത്തെക്കുറിച്ചു പഠിക്കുവാൻ ശാസ്ത്രജ്ഞന്മാർ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

എന്നെ ആദ്യമായി പരീക്ഷിച്ചുനോക്കിയത് എലികളിലാണ്. ചെറിയ അളവിൽ ഞാനെവിടെയെങ്കിലും ചെന്നാൽ 'അനുപ്ലോയിഡി' (Aneuploidy) സൃഷ്ടിക്കുന്നുവെന്നാണു കണ്ടെത്തൽ. 'അനുപ്ലോയിഡി' എന്താണെന്നു പറഞ്ഞുതരാം. കോശങ്ങൾ വിഭജിക്കപ്പെട്ട് പുതിയ കോശങ്ങളുണ്ടാകുമ്പോൾ, അവയിൽ ക്രോമോസോമിന്റെ എണ്ണം കുറവായിരിക്കും. 'അനുപ്ലോയിഡി' ഉള്ളവർക്ക് ഗർഭമലസിപ്പോകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഏതെങ്കിലും കാരണവശാൽ കുട്ടി ജനിക്കുകയാണെങ്കിൽ വൈകല്യമുണ്ടാകാനുള്ള സാദ്ധ്യതയുമുണ്ട്. 'ബിസ്ഫിനോൾ എ' ശരീരത്തിൽ കടന്നുകൂടിയാൽ കൊഴുപ്പിന്റെ അംശം വർദ്ധിക്കും. മേദസ്സു കൂട്ടി തടി വർദ്ധിപ്പിക്കുവാനുള്ള കഴിവുണ്ടെന്നാണ് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത്. മറ്റൊരു രോഗം, മന്ദബുദ്ധിയാക്കിത്തീർക്കുകയെന്നതാണ്. പ്രോസ്ടേറ്റ് കാൻസറിനുള്ള സാദ്ധ്യതയും ചില ഗവേഷണങ്ങളിൽ വ്യക്തമാക്കുന്നു.

ഇപ്പോൾ എന്നെക്കുറിച്ച് നിങ്ങൾക്കു വ്യക്തമായി മനസ്സിലായിട്ടുണ്ടാവുമെന്നു ഞാൻ കരുതട്ടെ. ഞാനാദ്യമേ സൂചിപ്പിച്ചല്ലോ എനിക്ക് സഹനടന്റെ പങ്കാണുള്ളതെന്ന്. നായകനോടൊപ്പം കഴിയുമ്പോൾ ഞാനൊരു പ്രശ്നക്കാരനേയല്ല. ആ ബന്ധം വിച്ഛേദിച്ചു പുറത്തുവന്നാൽ ഞാൻ ചിലരെ രോഗികളാക്കി മാറ്റും. പോളികാർബണേറ്റ് പ്ലാസ്റ്റിക് കുപ്പികളിൽ വെള്ളം കൊണ്ടുപോകുന്നതാണ് കൂടുതൽ സൂക്ഷിക്കേണ്ടത്. ഈ കുപ്പികളിൽ നിന്ന് ഞാൻ വെള്ളത്തിൽ ചാടും. ഈ വെള്ളം ശരീരത്തിനുള്ളിൽച്ചെന്നാൽ പിന്നെ ഞാൻ നിങ്ങളെ രോഗിയാക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കും. രക്ഷപ്പെടുവാൻ നിങ്ങൾക്കൊരു വഴിയുണ്ട്-ഞാനില്ലാത്ത ഉപഭോഗസാധനങ്ങൾ വാങ്ങുക. പ്ലാസ്റ്റിക്കിന്റെ കാര്യം തന്നെയെടുക്കൂ. ഞാനില്ലാത്ത പ്ലാസ്റ്റിക് പാത്രങ്ങൾ നിങ്ങളെങ്ങനെ കണ്ടുപിടിക്കും? ഈ കൺഫ്യൂഷൻ നിലനിൽക്കുന്നിടത്തോളം ഞാൻ ലോകത്തിലുണ്ടാകും, നിങ്ങൾക്ക് നിത്യഭീഷണി ഉയർത്തിക്കൊണ്ടുതന്നെ. നിങ്ങളുടെ 'കൺഫ്യൂഷനിലാണ്' എന്റെ നിലനിൽപ്. ●

## THE WEIGHT OF A SNOWFLAKE

A dove and a black bird sat together. The dove asked the black bird, 'do you happen to know the weight of a snowflake?' The black bird answered, "no, not exactly, but I was out one night recently when it was snowing. The flakes came gently floating down and I started counting them, one by one, as they settled on the branch I was sitting on. I counted up to 2,725, 134 and nothing happened. But when the succeeding snowflake came down, my branch snapped and broke under the weight."

The dove reflected on what he had heard. Ever since his adventure with Noah and the ark, the dove had been kind of getting involved in the 'peace-on-earth' process. He now knew: When 2,725,134 people said 'NO' to war-it might not be enough. But when one single voice is added, it might make just the difference; war can be avoided, if people would realize the importance of every single voice!

# The vision of glory and the call to sacrifice


Dr. ROWAN WILLIAMS

പ്രശസ്ത ദൈവശാസ്ത്രജ്ഞൻ കൂടിയായ കാന്റർബറി ആർച്ച്ബിഷപ്പ് ഡോ. റോവൻ വില്യംസിന്റെ പ്രൗഢലേഖനങ്ങൾ ഈ ലക്കം മുതൽ ന്യൂ വിഷനിൽ പ്രസിദ്ധീകരിക്കയാണ്. വായിച്ചു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് പലരും അഭിപ്രായപ്പെട്ടെങ്കിലും മികച്ച ദൈവശാസ്ത്രചിന്തകളാണ് അദ്ദേഹത്തിന്റേതെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. പുതിയ ദൈവശാസ്ത്രചിന്തകൾ അവതരിപ്പിക്കുന്നത് ഞങ്ങളുടെ ദൗത്യത്തിന്റെ ഭാഗമാകയാൽ വായനക്കാർ ഞങ്ങളോടു സഹകരിക്കുമല്ലോ.

- ചീഫ് എഡിറ്റർ

It's only fairly recently that our church has begun to commemorate the transfiguration of Jesus on this Sunday just before Lent. We associate it in the calendar with the festival in August. But here we are, before Easter, celebrating, commemorating, this story in the Gospel, in a way which, at first, seems rather puzzling. But if you think of it, the effect of hearing the story of Jesus' transfiguration just before Lent has the effect of framing the whole of Lent between two parallel stories. A story of Jesus going into a lonely mountainous place to pray, attended by his three closest friends: Peter, James, and John. A story in which Jesus, as he prays in solitude, enters into a mystery so great that His friends shrink from it and have no words for it. Because, you see, at the beginning of Lent we have that story of the transfiguration and at the end of Lent the story of Jesus going to pray alone in the garden of Gethsemane. The same story? Yes, but how very different. In both Jesus prays alone; in both there is a revelation of the Father; in both those three friends shrink in terror.

To frame the season of Lent in that way is to tell us that our Christian life is always, so to speak, lived between those two stories, between those two poles, those two moments of prayer and revelation. On the mountain of transfiguration, as the Gospel tells us, Peter, James and John see the veil lifted. They see, as it were, that behind and within the human flesh and blood of Jesus there is an unbearable light and glory: a radiance better than any light on earth. They see that His flesh and blood is soaked through with that glory and brightness which is the work of God. They see that His human nature is shot through with God's own freedom. And then at the other end of Lent they see that radiance, that glory and brightness and liberty, is exercised and made real in accepting the pain of the cross for the love of humankind. They see that the binding power of God is



exercised not in crushing and controlling, but in the sacrifice of love. Perhaps it begins to make sense that we live between those two visions. ***We can't understand the glorious brightness of God unless we see that God's power and splendour are entirely focused on that sacrifice of love which sets us free and gives us life.*** And we can't understand the darkness and the terror at the end of the story, at the end of Lent, unless we see that in the depths of that is the glory of God. And that, of course, is why St. John, in his Gospel, again and again, refers to the crucifixion itself as Jesus being made glorious. The dazzling freedom of God, the total weakness of God, woven together in one vision, in one person, Jesus Christ.

If our Christian life, like Lent itself, is framed between those two points, that teaches us something of the vision that we need to have as Christians. Things are dark, things are threatening. What do we do, like good Christian human beings? We panic. Or things are going well, things are successful. What do we do, like good Christian human beings? We gloat. But if our lives are lived indeed between those two stories, then both panic and gloating should be impossible for us. Things are dark and difficult. The world is a terrible place, full of the threats of violence. The church is a terrible place. Do we panic? We look into the depth and see how the freedom of God is there even in failure, even in crisis, to bring life and love. Things are going well, the church looks wonderful, the world looks peaceful. What do we do? We think of how power and peace and security must be turned by our sacrificial giving into love. So these stories tell us not only of how glory and sacrifice are blended together, woven together in Jesus. They tell us how to understand His church and His world. How in our discipleship we have to weave together the vision of glory and the call to sacrifice. Black armbands and champagne are equally only a part of the story because the mystery of Jesus Christ is precisely that glory is most fully opened up, its depths revealed and, in the very darkest moment of Jesus' self loss and self sacrifice, all of you and me and the very weakest and most forgotten of God's children.

William Blake, a couple of centuries ago, prayed to be delivered from single vision and Newton's sleep. By Newton's sleep he meant the scientific world view as a thing in itself which gave you a one-eyed vision of the world. But it's not a bad image to think about. ***It's very easy for us to have one-eyed vision and the Gospel requires us to have full, binocular vision.***

Just to finish, I can perhaps share with you a memory from my time in Wales when I made a visit to a primary school and, a week or so later, met one of the parents of a child in that school who told me that she had been very puzzled when her little girl had come home and said they'd had a visit that morning from the optician. She was a bit puzzled about this, she didn't know that opticians regularly went round schools but investigation revealed, in fact, that the visit had in fact been from the optician of Wales no less. Opticians correct your vision and help you to see properly out of both eyes. It may be that modest redefinition of the task of an Archbishop by a primary school child is a vocation worth thinking about.

***(Sermon at the Canterbury Cathedral)***

# മനുഷ്യബന്ധങ്ങളുടെ സാധ്യതകൾ



ജോർജ് ബഹനാൻ ടി.

ഒരു പിതാവും അദ്ദേഹത്തിന്റെ കൗമാരപ്രായക്കാരനായ മകനും തമ്മിൽ എന്നും അഭിപ്രായവ്യത്യാസവും വഴക്കുമാണ്. ഒന്നുകിൽ കാർ, അല്ലെങ്കിൽ കൂട്ടുകാർ, അതുമല്ലെങ്കിൽ പഠിത്തം-ഇതായിരിക്കും വഴക്കിനുള്ള കാരണം. ഒരുമിച്ച് എവിടെ അവർ കണ്ടുമുട്ടുന്നുവോ അവിടെ ഒച്ചയും ബഹളവും മാത്രം. ഒരു ദിവസം പിതാവ് ഒരു പരിപാടി തയാറാക്കി. അവർ രണ്ടുപേരും മാത്രമായി കുറെ മൈലുകൾക്കപ്പുറം ഒരു മലമ്പ്രദേശത്ത് ഒരാഴ്ച കഴിച്ചുകൂട്ടുക. അങ്ങനെ അവർ രണ്ടുപേരും ഒരുമിച്ച് മനോഹരമായ ആ സ്ഥലത്തെത്തി. കാട്ടരുവികളും കാട്ടുമരങ്ങളും കണ്ട് അവർ മല കയറുകയും ഇറങ്ങുകയും ചെയ്തു. നീലാകാശത്തിനു കീഴെ പുൽപ്പുറത്ത് ഒരുമിച്ചു കിടന്നുറങ്ങി. അവർ അന്യോന്യം മനസ്സിലാക്കാൻ തുടങ്ങി. അധികാരം പ്രകടിപ്പിക്കുന്ന പിതാവും, ഏതിനും കലഹിക്കുന്ന മകനും ഇവിടെ യഥാർത്ഥ മനുഷ്യരായി. അവരുടെ സ്നേഹബന്ധത്തിന്റെ ആഴം വർധിച്ച് ഒരു പുതിയ തിരിച്ചറിവിൽ അവരെത്തി. വീട്ടിൽ തിരിച്ചെത്തിയ അവർ പലപ്പോഴും വഴക്കിന്റെ വക്കിലെത്തിയാലും ആരെങ്കിലും ഒരാൾ പറയും, "മലനിരകളെ ഓർക്കുക". അപ്പോൾ വഴക്കില്ലാതാകും. അവരുടെ ജീവിതത്തിൽ മലനിരകൾ സൃഷ്ടിച്ചെടുത്ത ബന്ധം അവരെ ശാന്തരാക്കി.

മനുഷ്യബന്ധങ്ങളുടെ സാധ്യതകൾക്ക് അതിരുകളില്ല. പക്ഷേ ആധുനിക മനുഷ്യൻ മനുഷ്യബന്ധങ്ങളുടെ ശവപ്പറമ്പിലൂടെയാണ് നടന്നുനീങ്ങുന്നത്. ഒരു സുഹൃത്തിന്റെ കത്തിലെ വാക്കുകൾ ശ്രദ്ധിക്കൂ- "മനുഷ്യബന്ധങ്ങളും അവയുടെ സാധ്യതകളും ഇന്നലെയുടെ സ്വപ്നങ്ങളല്ലേ? അതിനായി ഇറങ്ങിപ്പുറപ്പെടുന്നവർ തല കല്ലിലിടിച്ചു ചാകണം". മനുഷ്യബന്ധത്തിന്റെ അതുല്യശക്തിയെപ്പറ്റിയുള്ള അജ്ഞത നമ്മെ കൊണ്ടെത്തിക്കുന്നതു മരണത്തിലാണ്. മനുഷ്യബന്ധം ഫോർമലിൻ എന്ന രാസവസ്തു പോലെയാണ്. അത് മനുഷ്യജീവിതങ്ങളെ ചീഞ്ഞഴുകാതെ സൂക്ഷിക്കും. ***മനുഷ്യരാശിയുടെ ഭാവിപ്രതീക്ഷ പുതിയ കണ്ടുപിടിത്തങ്ങളിലല്ല, പ്രത്യുത, മെച്ചപ്പെട്ട മനുഷ്യബന്ധങ്ങളിലാണ്***-വിക്ടർ കിച്ചന്റെ വാക്കുകളാണിത്. കർത്താവു സംസാരിച്ചത് മനുഷ്യനും മനുഷ്യനും, മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയാണ്. ക്രിസ്തീയത ഒരു മതമല്ല, അതിലുമുപരി, ഒരു സ്നേഹബന്ധമാണ്.

ഒരു ബസ്സിൽ ഒരേ സീറ്റിലിരുന്ന് കിലോമീറ്ററുകൾ സഞ്ചരിച്ചാലും അന്യോന്യം ആശയവിനിമയം നടത്താൻ മെനക്കെടാത്തവരാണു നാം. എന്തെങ്കിലും നേട്ടമുണ്ടെങ്കിലേ നാം ബന്ധങ്ങൾ സ്ഥാപിക്കാറുള്ളൂ. "നീ എന്റെ പുറം ചൊറിഞ്ഞാൽ ഞാൻ നിന്റെ പുറം ചൊറിയാം"- ഇതാണ് നമ്മുടെ ബന്ധങ്ങളുടെ അടിസ്ഥാനതത്വം. കച്ചവട മനഃസ്ഥിതിയോടെ ബന്ധങ്ങളുണ്ടാക്കാനും അങ്ങനെയതിനെ കാണാനും ശ്രമിക്കുമ്പോൾ നമ്മുടെ ജീവിതം അരോചകമായിത്തീരും. പല ബന്ധങ്ങളും നിലനിൽക്കുന്നത് പണത്തിന്റെ മാസ്മരശക്തിയിലാണ്. പല കുടുംബങ്ങളിലും സ്വന്തം അപ്പനെയും അമ്മയെയും, അമ്മായിയപ്പനേയും അമ്മായിയമ്മയെയും സംരക്ഷിക്കുന്നതിന്റെ പ്രചോദനം പണമാണ്. ഇത് നമ്മുടെ കുടുംബങ്ങളെ അപകടകരമായ അവസ്ഥയിലേക്കു നയിക്കുന്നു. ഇടപെടലുകൾ സ്നേഹത്തിലധിഷ്ഠിതമാണെങ്കിൽ അത് ബന്ധങ്ങളായി വളരും. മറ്റുള്ളവരെ അടുത്തറിയാനുള്ള താൽപര്യം ഇന്നില്ലാതായിരിക്കുന്നു. വളരെ സങ്കടകരമായ ഒരവസ്ഥ. ***മനുഷ്യരെ മനസ്സിലാക്കാനാഗ്രഹമുള്ള നേതാക്കന്മാരെയാണിന്നാവശ്യം. പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും വളരുമ്പോൾ അതു വളർത്തിയെടുത്ത മനുഷ്യർ വിസ്മരിക്കപ്പെടുന്നു!***

പടിഞ്ഞാറേ ആഫ്രിക്കയിലെ ഗ്രാമങ്ങൾ സ്ഥിരമായി സന്ദർശിക്കുന്ന ഒരു നരവംശശാസ്ത്രജ്ഞനുണ്ട്. ഗ്രാമങ്ങളിലെ എല്ലാ കാര്യങ്ങളിലും അദ്ദേഹമിടപെടും. എല്ലാവരെയും അറിയുകയും ചെയ്യും. ഒരു ദിവസം ഒരു ഗ്രാമത്തിലെ ആളൊഴിഞ്ഞ വീട്ടിൽ കുറേ ടെലിവിഷൻ സെറ്റുകൾ അദ്ദേഹം കണ്ടെത്തി. വൈദ്യുതി ഈ ഗ്രാമത്തിലെത്തിയിട്ട് അധികനാളുകളായില്ല. അതുകൊണ്ട് ടിവി സെറ്റുകൾ പ്രവർത്തിപ്പിച്ചിട്ടേയില്ല. എന്തുകൊണ്ടാണ് അവ ഇപ്പോഴുമുപയോഗിക്കാത്തതെന്ന് അദ്ദേഹം ഗ്രാമത്തലവനോടു ചോദിച്ചു. "ഞങ്ങളോടു കഥ പറയാൻ ഇവിടെ ആളുണ്ട്", എന്നായിരുന്നു ഗ്രാമത്തലവന്റെ മറുപടി. 'പക്ഷേ ടെലിവിഷനിലൂടെ ധാരാളം കഥകൾ കാണുകയും കേൾക്കുകയും ചെയ്യാമല്ലോ.' "അതു ശരിയാ. പക്ഷേ ഞങ്ങളോടു കഥ പറയുന്നയാൾക്ക് ഞങ്ങളെ അറിയാം," ഗ്രാമത്തലവൻ പറഞ്ഞുനിർത്തി. കഥകൾക്കേ ശക്തിയുള്ളൂ. മറ്റുള്ളതെല്ലാം വെറും ശബ്ദങ്ങൾ. സ്നേഹബന്ധങ്ങൾക്കേ മനുഷ്യരിൽ മാറ്റം വരുത്താൻ സാധിക്കൂ. രാഷ്ട്രീയനേതാക്കൻമാരും സഭാനേതാക്കന്മാരും സ്നേഹബന്ധങ്ങൾ സൃഷ്ടിക്കുന്നതിൽ വളരെ പിന്നോക്കം പോയിരിക്കുന്നു. തലസ്ഥാന നഗരിയിൽ ഒരു വൈദികനെ കണ്ടുമുട്ടി. വളരെ സന്തോഷപൂർവം ഞാൻ സ്വയം പരിചയപ്പെടുത്തി. എന്നോടുള്ള ചോദ്യങ്ങൾ ഏതാനും വാക്കുകളിലൊതുക്കി അദ്ദേഹം. വീണ്ടും ഒന്നുരണ്ടു തവണ അദ്ദേഹത്തെ കണ്ടുമുട്ടിയെങ്കിലും കാര്യമായി ഒന്നും സംസാരിച്ചില്ല. അവസാനം, ഒരു ഷോപ്പിംഗ് കോംപ്ലക്സിൽ ഈ വൈദികനെ കണ്ടു. സംസാരിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം കുപ്പായത്തിന്റെ പോക്കറ്റിൽ നിന്ന് ഫോട്ടോ പതിച്ച ഒരു വിസിറ്റിംഗ് കാർഡ് എനിക്കു തന്നിട്ട് സ്ഥലം വിട്ടു!

അത്തിമരത്തിലിരുന്ന സഖായിയെ പേരു വിളിച്ച് താഴെയിറക്കി അയാളുടെ വീട്ടിൽപോയി സ്നേഹബന്ധം സ്ഥാപിച്ച് അയാളെ മാറ്റിയെടുത്ത കർത്താവിന്റെ ഇന്നത്തെ ശിഷ്യർക്ക് മനുഷ്യബന്ധങ്ങളുടെ സൗഖ്യദായക മനഃശാസ്ത്രം തീർത്തും അന്യമാണ്. ഏതാണ്ട് മുപ്പതു വർഷം സൈന്യത്തിൽ സേവനം ചെയ്ത ഒരു റിട്ടയേർഡ് ലഫ്. കേണലിന്റെ വാക്കുകളാണിത്. പട്ടാളക്കാരും അവരുടെ ഓഫീസർമാരും തമ്മിലുള്ള ഒരു വലിയ ആത്മബന്ധം യുദ്ധമുഖത്ത് പ്രത്യക്ഷമായിട്ടറിയാം. ധീരതയോടെ മുന്നോട്ടുപോയി യുദ്ധം ചെയ്യാനുള്ള പ്രചോദനം ഈ മനുഷ്യബന്ധത്തിലൂടെ ലഭിക്കുന്നു. അതിന്റെ അഭാവത്തിൽ ശത്രുവിനെതിരെ നീട്ടുന്ന തോക്കു തിരിച്ച് സ്വന്തം മേലുദ്യോഗസ്ഥനെ വെടിവയ്ക്കാനുമുപയോഗിക്കാം!

പണം കൊടുത്തു വാങ്ങുന്ന വിദ്യാഭ്യാസത്തിന്റെ ദുർഭഗസന്തതിയാണ് ഇന്നത്തെ വികലമായ മനുഷ്യബന്ധം. ലക്ഷം കൊടുത്തു പഠിച്ച് ഡോക്ടറാകുന്നവർക്ക് സേവനം ഒരു തമാശയായിട്ടേ തോന്നൂ. മനഃശാസ്ത്രപരമായി, ഇവരെ നയിക്കുന്നത് മുടക്കുമുതലിന്റെ വിലയാണ്. നമ്മുടെ ക്രിസ്തീയസഭകൾ ഇതിനെ പ്രോൽസാഹിപ്പിക്കുന്നു. മനുഷ്യബന്ധങ്ങളുടെ ഊഷ്മളതയ്ക്കു മാത്രമേ സേവനത്തെ വളർത്താനാവൂ. ***ശക്തമായ മനുഷ്യബന്ധങ്ങൾ മനസ്സിനെ ബലപ്പെടുത്തും. സ്നേഹവും സന്തോഷവും പങ്കുവയ്ക്കുമ്പോൾ മാത്രമേ സമാധാനമുണ്ടാകയുള്ളൂ. ഏകാന്തതയെന്ന മാനസിക രോഗത്തിന്റെ പരിഹാരമാർഗം മനുഷ്യബന്ധം തന്നെ.*** ●

# ആധുനിക പാശ്ചാത്യസംസ്കാരത്തിന് ഇസ്ലാമിന്റെ സംഭാവന

ഡോ. മിസ്സസ് അന്നമ്മ ജോർജ്

ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിനുശേഷം ഇസ്ലാമിനെ പൈശാചികമായി ചിത്രീകരിക്കാൻ ലോകത്ത് പലയിടത്തും ശ്രമങ്ങൾ നടന്നു. ആഗോളസൗഹൃദസമൂഹം കെട്ടിപ്പടുക്കാൻ സഹായകമായ നിലപാടല്ലത്. ഇസ്ലാമിക രാജ്യങ്ങളിൽ മതമൗലികവാദം ഉരുത്തിരിഞ്ഞപ്പോൾ അവർ മതതീവ്രവാദികളും പഴഞ്ചനാചാരങ്ങൾ വച്ചുപുലർത്തുന്നവരുമായി. പ്രസ്തുത സാഹചര്യത്തിൽ ഇസ്ലാം ആധുനിക പാശ്ചാത്യസംസ്കാരത്തിനു നൽകിയ സംഭാവനകൾ വിലയിരുത്തുന്നതു നല്ലതായിരിക്കും. ഓരോ സംസ്കാരത്തിന്റെ പിന്നിലും ഓരോ ദാർശനികതയുണ്ട്. ഒരു സംസ്കാരദർശനം മറ്റൊന്നിൽ പിടിമുറുക്കാൻ ശ്രമിക്കുമ്പോഴാണ് പ്രശ്നങ്ങൾ ആവിർഭവിക്കുന്നത്. അല്ലെങ്കിൽ, ഒന്നിന്റെ താൽപര്യങ്ങൾ മറ്റൊന്നുമായി സംഘർഷത്തിലായി പ്രമാണങ്ങൾ തെറ്റിദ്ധരിക്കുമ്പോഴാണ് അതുണ്ടാകുക. അപ്രകാരമുള്ള സാഹചര്യങ്ങളിൽ സംവാദത്തിലേക്കു നയിക്കുന്നവരുടെ സംഭാവന മഹത്തരമായിരിക്കും. പരസ്പരബഹുമാനത്തോടെ ശ്രദ്ധിച്ചുൾക്കൊള്ളുന്നതിലൂടെ വളരെയധികം പ്രശ്നങ്ങൾ ഇല്ലാതാക്കാൻ കഴിയും.

ഇസ്ലാമും ക്രിസ്തുമതവും നൂറ്റാണ്ടുകളോളം അടുത്തടുത്ത് നിലകൊണ്ടിരുന്നു. അതിൽ കൂടുതൽ പുരോഗമിച്ചിരുന്നത് ഇസ്ലാമിക സംസ്കാരമായിരുന്നു. അവർ ശക്തരായിരുന്നതുകൊണ്ട് ഇതരജനതയെ പ്രോത്സാഹിപ്പിക്കുന്നതിനു മടികാണിച്ചില്ല. സ്പെയിനിലെ വിസിഗോദിക്ക് വംശജരേക്കാൾ അവർ മറ്റുള്ളവരോടു സഹകരിച്ചിരുന്നു. തങ്ങൾ സമ്പർക്കത്തിൽ വരുന്ന സംസ്കാരങ്ങളിൽ നിന്നു പഠിക്കുവാൻ അവർ തൽപരരായിരുന്നു. ഉദാഹരണമായി, വാനശാസ്ത്രവും കണക്കും അവർ ഹിന്ദുക്കളിൽ നിന്നും, തത്ത്വജ്ഞാനം ഗ്രീക്കുകാരിൽ നിന്നും പഠിച്ചെടുത്തു. ഈ സംസ്കാരങ്ങളുടെ പ്രധാന ക്ലാസിക്കുകൾ അറബിയിലേക്കു തർജ്ജമ ചെയ്തു. മാത്രമല്ല, സംവാദത്തിനും മുൻകൈയെടുത്ത് പരസ്പരസമ്പർക്കത്തിനു പ്രോത്സാഹനം നൽകി. അവർ മെസപ്പോത്തേമിയ, ഇറാൻ, ഈജിപ്ത്, മെഡിറ്ററേനിയൻ പ്രദേശങ്ങൾ, ഇന്ത്യ എന്നിവിടങ്ങളിലെ സംസ്കാരങ്ങളുമായി ഉദ്ഗ്രഥനം നടത്തി. ഇതൊന്നും ചെറിയ കാര്യങ്ങളായിരുന്നില്ല. ആ കാലങ്ങളുടെ ഓർമ, ഇന്നും അതു സാധിക്കാമെന്ന പ്രതീക്ഷ നൽകും.

ഇസ്ലാമിക നാഗരികതയുടെ പ്രധാന വിദ്യാകേന്ദ്രങ്ങൾ കൊർഡോവാ, പാർലേമൊ, കെയിറോ, ബഗ്ദാദ്, ദമാസ്കസ്, ബുക്കാറാ മുതലായവയായിരുന്നു. മെക്കയും മെഡിനായും ഏറ്റവും പ്രധാനപ്പെട്ട പുണ്യസ്ഥലങ്ങളും. ചരിത്രത്തിന്റെ ആ ഘട്ടത്തിൽ ക്രിസ്തുമതം സ്വീകരിച്ച യൂറോപ്പ് കേവലം അപരിഷ്കൃത ഗോത്രങ്ങളുടെ അവസ്ഥയിൽ നിന്നു കരേറുവാനുള്ള പ്രാഥമികനടപടികൾ ആവിഷ്കരിക്കുന്നതേയുള്ളായിരുന്നു. അഥവ, ക്രിസ്തീയ യൂറോപ്പ് രൂപം പ്രാപിക്കുന്നതേയുള്ളായിരുന്നു. സ്പെയിൻ, ഫ്രാൻസ്, ഇറ്റലി ഈ രാജ്യങ്ങളിന്മേൽ ഇസ്ലാമികസമ്മർദ്ദം ഒരു വശത്തും ഓസ്ട്രിയ, ഹംഗറി മറുവശത്തും അനുഭവപ്പെട്ടപ്പോഴാണ് ആധുനിക യൂറോപ്പ് രൂപം കൊണ്ടത്. അവർക്ക് പൊതുവായൊരു ആത്മബോധവും ഉരുത്തിരിഞ്ഞു. പടിഞ്ഞാറൻ യൂറോപ്യൻ ക്രിസ്തീയദേശം ശക്തിരഹിതമായിരുന്നതുകൊണ്ട് അവർ നിരന്തരം സ്വയരക്ഷയ്ക്കായി പോരാടേണ്ടിയിരുന്നു. ഭീഷണി നേരിട്ടതായി തോന്നിയതുകൊണ്ട് മറ്റുള്ളവരോട് അസഹിഷ്ണുതയായിരുന്നു. ആ കാലയളവിൽ പൗരസ്ത്യരും പാശ്ചാത്യരും കണ്ടുമുട്ടിയപ്പോൾ പാശ്ചാത്യർ പൗരസ്ത്യരിൽ നിന്ന് പലതും പഠിച്ചു. ഇസ്ലാമിക പാരമ്പര്യത്തിൽ നിന്നാണ് പാശ്ചാത്യർ വൈദ്യശാസ്ത്രം, ശിൽപശാസ്ത്രം, കണക്ക് മുതലായവയുടെ ബാലപാഠങ്ങൾ സ്വായത്തമാക്കിയത്. യവനതത്ത്വജ്ഞാനം വിജയകരമായി ഇസ്ലാമിക മണ്ണിൽ പറിച്ചുനട്ടതിന്റെ ഫലമാണ് ഇസ്ലാമികതത്ത്വജ്ഞാനം. ഇസ്ലാമികസംഭാവനയിൽക്കൂടിയാണ് അക്വിനാസും ന്യൂട്ടനും, റോക്കറ്റ് ശാസ്ത്രവും കംപ്യൂട്ടറും ആധുനികസംസ്കാരവും ഉരുത്തിരിഞ്ഞതെന്ന് ജോൺ എക്സ്പോസ്റ്റോ അഭിപ്രായപ്പെടു

(ശേഷം പേജ് 18)

## ഉൽപത്തിയിൽ

സി. എസ്. ജോർജ്, കോടുകുളഞ്ഞി

മണ്ണിന്റെ മോഹം പൂത്ത നാൾ
മണ്ണിന്റെ ദാഹം തീർന്ന നാൾ
മന്നിൽ ഒരു മന്നവൻ
ഏദനിൽ ജാതനായി.
കായ്കളും ഫലങ്ങളും
നിറഞ്ഞ തൊടികളിൽ
ചൂടിന്റെ നീറ്റലിൽ
മണ്ണിൽ വിയർപ്പുകണങ്ങൾ വീഴ്ത്തി.
ആ ഫലസാഫല്യത്തിൽ
ആ നിർവൃതിയിൽ എല്ലാം മറന്ന്
മയങ്ങിയ നേരം
സുന്ദരസ്വപ്നച്ചിറകിൽ പറന്ന നേരം.
വാരിയെല്ലിൽ നിന്നൊരു നാരിയെ
ആരോ തീർത്തവൻ ചാരേ കിടത്തി
സുന്ദരിയായവൾ, കാമപരവശയായവൾ
വീണ്ടും മണ്ണിന്റെ മോഹമായി തീർന്നവിടെ.
പാപത്തിൽ രമിച്ചവൾ
ഒരു നിത്യകർമം ചെയ്തവൾ
സാത്താനു ഭാര്യയാകാൻ കൊതിച്ചനേരം
പൂക്കളും കായ്കളും ആ തൊടിയിൽ വാടിക്കരിഞ്ഞു.
നിത്യവൃക്ഷം പോലും ഫലങ്ങൾ വീഴ്ത്തി
വൻകാറ്റിലും കോളിലും ഉലഞ്ഞും
നീലാംബരത്തിൽ കാർമേഘങ്ങൾ
വന്നു നിരന്നു അവ മിന്നലും ഇടിയുമായി
ഭൂമിയെ തുറിച്ചുനോക്കി
മന്നിലെ മന്നവർ നഗ്നരായി ഓടിയൊളിക്കാൻ
കൊതിച്ചനേരം - ആ ഉൽപത്തിയിൽ - എദനിൽ.

# കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ

ഡോ. കെ. വി. വർഗീസ്



## സ്വന്തം കാലിൽ നിൽക്കാനൊരു ശ്രമം

എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായപ്പോൾ എന്തു പഠിക്കണം. എവിടെ പഠിക്കണം എന്നീ ചോദ്യങ്ങളാണു മനസ്സിലുയർന്നത്. ഈ കാര്യങ്ങൾ ഞാൻ തന്നെ തീരുമാനിക്കണമെന്നായിരുന്നു മാതാപിതാക്കളുടെ നിലപാട്. കണക്ക് എനിയ്ക്കെന്നും ഒരു പേടിസ്വപ്നമായിരുന്നു. ഏറ്റവുമധികം പഠിച്ചത് കണക്കായിരുന്നെങ്കിലും ഏറ്റവും കുറഞ്ഞ മാർക്കു ലഭിച്ചതും ആ വിഷയത്തിനു തന്നെ. നൂറിൽ നൂറ് മാർക്കു വാങ്ങുന്ന വിദ്യാർത്ഥികളുടെയിടയിൽ ചിലപ്പോൾ ഇരുപതും മുപ്പതും മാർക്കു വാങ്ങിക്കൊണ്ടിരുന്ന ഞാൻ അപകർഷബോധത്തോടെയാണ് കൂട്ടുകാരെ നേരിട്ടത്. സ്കൂൾ ഫൈനൽ കടമ്പ കടന്നുകൂടിയാൽ ഈ മാരണം എങ്ങനെയെങ്കിലും വലിച്ചെറിയാമെന്ന ആശ്വാസമാണ് എനിക്കുണ്ടായിരുന്നത്. പരീക്ഷാഫലം വന്നപ്പോൾ കണക്കിന് 42%, ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾക്ക് 56%, മറ്റുള്ളവയ്ക്കെല്ലാം അറുപതിലധികവും അന്നത്തെ നിലവാരം വച്ചുനോക്കുമ്പോൾ അതു സാമാന്യം നല്ലൊരു വിജയമായിരുന്നു. കാരണം, അപൂർവമായി മാത്രമേ അന്ന് കുട്ടികൾക്കു ഫസ്റ്റ് ക്ലാസ് ലഭിച്ചിരുന്നുള്ളൂ.

എന്നേക്കാൾ കുറഞ്ഞ മാർക്കുകാർ ഒന്നും രണ്ടും ഗ്രൂപ്പുകൾ പഠിക്കാൻ വ്യഗ്രത കാട്ടിയപ്പോൾ എനിക്കുവേണ്ടത് തേർഡ് ഗ്രൂപ്പായിരുന്നു. കാരണം, സോഷ്യൽ സയൻസ് വിഷയങ്ങളിലായിരുന്നു എന്റെ അഭിരുചി. ഈ തീരുമാനം അദ്ധ്യാപകരായ എന്റെ മാതാപിതാക്കൾക്കു തികച്ചും സ്വീകാര്യമായിരുന്നു. എങ്കിലും കുറെ അഭ്യുദയകാംക്ഷികൾ എന്റെ തീരുമാനത്തിൽ ആശങ്കാകുലരായി. ഒരു വിദ്യാർത്ഥി എൻജിനീയറോ ഡോക്ടറോ ആകണം. ഇതിനപ്പുറം ഒന്നുമില്ലെന്നായിരുന്നു അവരുടെ ധാരണ. ഈ സമീപനത്തിൽ ഇന്നും കാര്യമായ മാറ്റം വന്നിട്ടില്ല. സോഷ്യൽ സയൻസ് പഠിക്കുവാൻ വാസനയുള്ള അനേകം കുട്ടികളെ മറ്റു വിഷയങ്ങളെടുക്കാൻ തള്ളിവിട്ട് ഭാവി തുലയ്ക്കുന്ന മാതാപിതാക്കളെ എവിടെയും കാണാം. ഒരു കുട്ടിക്ക് എല്ലാ വിഷയങ്ങളിലും ഒരുപോലെ താത്പര്യം ഉണ്ടാകണമെന്നില്ല. അവയെല്ലാം പഠിക്കുവാൻ കഴിവുണ്ടാകണമെന്നുമില്ല. ഹൈസ്കൂൾ പഠനകാലത്ത് എച്ച്. ജി. വെൽസിന്റെ കൃതികൾ വളരെയേറെ ഇഷ്ടപ്പെട്ടിരുന്ന ഒരു വ്യക്തിയാണു ഞാൻ. സയന്റിഫിക് ഫിക്ഷൻ എഴുതിക്കൊണ്ടിരുന്ന അദ്ദേഹത്തിനു കണക്ക് തെല്ലും താത്പര്യമില്ലായിരുന്നുപോലും. ഡോക്ടറോ എൻജിനീയറോ ആകാൻ സാധിക്കാത്തതുമൂലം അദ്ദേഹത്തിന്റെ ജീവിതം തകർന്നില്ല. ഈ ഗണത്തിൽപ്പെടുന്ന മറ്റനേകമാളുകളുടെ ജീവിതാനുഭവങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അതുകൊണ്ട്, സ്വന്തതീരുമാനപ്രകാരമാണ് പഠിക്കേണ്ട വിഷയം ഞാൻ തിരഞ്ഞെടുത്തത്. ഇങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ പിൽക്കാലത്തു ദുഃഖിക്കേണ്ടിവരുമായിരുന്നു.

ഏതു കോളജിൽ ചേരണമെന്നുള്ളതായിരുന്നു അടുത്ത പ്രശ്നം. എനിയ്ക്കിഷ്ടമുള്ള കോളജിൽ അഡ്മിഷനു ശ്രമിക്കാമെന്ന് പിതാവു വാക്കു നൽകിയിരുന്നു. അടുത്തുണ്ടായിരുന്നത് ചങ്ങനാശ്ശേരി എസ്. ബി. കോളജ് ആയിരുന്നു. നല്ല സ്ഥാപമെന്നതിലുപരി മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യവും അവിടെയുണ്ടായിരുന്നു. പക്ഷേ കത്തോലിക്കാ പുരോഹിതന്മാരുടെ കടുത്ത ശിക്ഷണത്തിനു വഴങ്ങിക്കൊടുക്കണമല്ലോ എന്നു ഭയന്ന് ഞാൻ ഇക്കാര്യത്തിൽ മൗനം പാലിച്ചു. ആൺകുട്ടികൾ മാത്രം പഠിക്കുന്ന ഒരു കോളജിൽ ചേരാൻ എനിയ്ക്കൊട്ടും ആഗ്രഹവുമില്ലായിരുന്നു. പിന്നെയുണ്ടായിരുന്നത് കോട്ടയം സി.എം.എസ്. കോളജാണ്. കേരളത്തിലെ ഏറ്റവും പഴക്കമുള്ള കോളജ് എന്ന ഖ്യാതി നേടിയ ഈ മിഷനറി സ്ഥാപനം അന്നൊരു സെക്കൻഡ് ഗ്രേഡ് കോളജ് മാത്രമായിരുന്നു. ഇതൊരു വിരോധാഭാസമായി പലർക്കും തോന്നിയേക്കാം. സങ്കുചിതചിന്തകൾ വളരെയുള്ള മധ്യതിരുവിതാംകൂറിലെ സുറിയാനി ക്രിസ്ത്യാനികൾ സംസ്ഥാനത്തിനു വെളിയിലെ വിശാലമായ അന്തരീക്ഷത്തിൽ ഉന്നതവിദ്യാഭ്യാസം നിർവഹിക്കട്ടെയെന്ന സദുദ്ദേശ്യമാണ് ഇതിനു പിന്നിലുണ്ടായിരുന്നത്. അതുകൊണ്ട് കോട്ടയത്തു ഡിഗ്രി കോഴ്സുകൾ തുടങ്ങുവാൻ മിഷനറിമാർ താത്പര്യമെടുത്തില്ല.

കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും അന്ന് വിദ്യാർത്ഥികൾ എത്തിക്കൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നു ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജ്. അവിടെ പഠിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്റെ കുടുംബത്തിൽപ്പെട്ട പല കുട്ടികളും അവിടെ പഠിക്കുന്നുണ്ടായിരുന്നു. അവരിൽ നിന്ന് കോളജിനെപ്പറ്റി ധാരാളം കാര്യങ്ങൾ ഞാൻ പല അവസരങ്ങളിൽ കേട്ടിരുന്നു. കൂടാതെ, എന്റെ സഹോദരൻ ഏതാനും മാസങ്ങൾ അവിടെ പഠിപ്പിച്ചിരുന്നുവെന്ന വസ്തുതയും ആലുവയിൽ ചേക്കേറുവാൻ എന്നെ പ്രേരിപ്പിച്ചു. എന്നാൽ അവിടുത്തെ ഹോസ്റ്റൽ ജീവിതവും അധ്യാപകരുടെ ജീവിതശൈലിയും കേട്ടറിഞ്ഞിടത്തോളം ആകർഷകമായി തോന്നിയതുകൊണ്ടാണ് യു.സി. കോളജിൽ തന്നെ ചേർന്നാൽ മതിയെന്നു ഞാൻ തീരുമാനിച്ചത്. കെട്ടിടങ്ങൾക്കും കോഴ്സുകൾക്കുമുപരി അവിടെയെന്തോ ഉണ്ടെന്നുള്ള ഒരു തോന്നൽ അവസാനമെന്ന ആലുവയിൽ എത്തിച്ചു. ന്യൂ ഹോസ്റ്റലിലാണ് താമസിക്കുവാനിടയായത്. ഒരു മുറിയിൽ നാലു പേർ. സി.എ. മാത്യു (പിൽക്കാലത്ത് കല്ലൂപ്പാറ എം.എൽ.എ.), അന്തരിച്ച ചാണ്ടപ്പിള്ള കുര്യാക്കോസ് (അധ്യാപകനും സ്കൗട്ട് പ്രസ്ഥാനത്തിന്റെ സമുന്നതനേതാവും), കെ. പി. ഗോപാലൻ നായർ (കേന്ദ്ര ഗവ. ഉദ്യോഗസ്ഥൻ) എന്നിവരാണ് എന്നോടൊപ്പമുണ്ടായിരുന്നത്. രണ്ടു നാളുകൾക്കുള്ളിൽ ഒരു സന്തുഷ്ടകുടുംബം പോലെയായി ഞങ്ങൾ. ●


## DR. M. V. PYLEE AWARD

The Kerala Higher Education Trust invites nominations for Dr. M. V. Pylee Award for the best Principal of Kerala. The award consists of Rs. 10,000/-, citation and plaque. Emeritus Prof. Dr. M. V. Pylee, former Vice-Chancellor, CUSAT has contributed Re. one lakh for instituting an endowment fund for the Award. Socially committed Principals who have made valuable contributions in the academic year 2002-03 can be nominated for the Award.

Nominations with bio-data and details should reach Prof. K. M. Mathew, Secretary, Kerala Higher Education Trust, South Kalamassery, Kochi-682 033, before 30 May 2003.

ആധുനിക പാശ്ചാത്യ... (പേജ് 16 തുടർച്ച)

ന്നു. 9 മുതൽ 12-ാം നൂറ്റാണ്ടുവരെ ഇസ്ലാം വളർന്നുവികസിച്ചു. മുസ്ലിം തത്വജ്ഞാനികൾ അരിസ്റ്റോട്ടിൽ, പ്ലേറ്റോ, പ്ലോട്ടീനസ് മുതലായവരുടെ തത്വചിന്തകൾ സ്വായത്തമാക്കി അവർ ഗ്രീക്കു തത്വജ്ഞാനത്തിന്റെ വിശാലമായ ഉപദേശങ്ങളും ഉൾക്കാഴ്ചകളും അടിസ്ഥാനമാക്കി വ്യാഖ്യാനങ്ങൾ എഴുതി. ഗ്രീക്കുതത്വചിന്തകൾ മദ്ധ്യകാലയൂറോപ്പിലേക്കു പ്രചരിക്കുന്നതിന് ഇസ്ലാമിക തത്വജ്ഞാനം പ്രാഥമികോപാധിയായിരുന്നു. പാശ്ചാത്യ പണ്ഡിതർ ഇസ്ലാമികപഠനകേന്ദ്രങ്ങളിലേക്കു സഞ്ചരിച്ചു. അവർ ഗ്രീക്കുതത്വചിന്തകരുടെ വിജ്ഞാനഗ്രന്ഥങ്ങൾ തർജ്ജമ ചെയ്തു പഠിച്ചു. അൽ-ഫറാസി എന്ന വിദ്വാൻ അരിസ്റ്റോട്ടിലിന്റെ പിൻഗാമിയായി വിശേഷിപ്പിക്കപ്പെട്ടു. ഇബിൻ-സിനായെ അരിസ്റ്റോട്ടിലിന്റെ പ്രധാന വ്യാഖ്യാതാവായി കരുതി. അങ്ങനെ മദ്ധ്യകാലയൂറോപ്പിലെ ക്രിസ്ത്യൻ തത്വജ്ഞാനികളും വേദശാസ്ത്രജ്ഞരും അവരുടെ മുസ്ലിം മുൻഗാമികളോടുള്ള കടപ്പാട് സമ്മതിച്ചിട്ടുണ്ട്. ഉദാഹരണമായി, മഹാനായ ആൽബർട്ട്, തോമസ് അകിനാസ്, ആബിലാർഡ്, ബേക്കൺ ഡൺസ്ക്കോട്ടസ് എന്നിവർ ഇസ്ലാമികചിന്തകളോടു കടപ്പെട്ടിരുന്നു.

പാശ്ചാത്യർ ചരിത്രത്തിൽ മേൽക്കോയ്മ നേടുവാനിടയായ സംഗതികൾ വിലയിരുത്തേണ്ടതാണ്. നിർഭാഗ്യകരമെന്നു വിശേഷിപ്പിക്കാവുന്ന സാഹചര്യങ്ങൾ നിലവിലുണ്ട്. പാശ്ചാത്യരുടെ കോളനിവാഴ്ചക്കാലത്ത് അപമാനിതരായവരുടെ അനുഭവങ്ങൾ ഇപ്പോഴും തെളിവായി മനസ്സിൽ കുടികൊള്ളുകയാണ്. ചരിത്രത്തെപ്പറ്റി വികൃതമായ കാഴ്ചപ്പാടാണവർക്കുള്ളത്. പാശ്ചാത്യർ അഹംഭാവവും അധികാരാവേശവും മേൽക്കോയ്മയും ഉള്ളവരാണെന്ന മുൻവിധിയോടാണവരെ വീക്ഷിക്കുക. അതുപോലെ, ആകമാന ഇസ്ലാമികസമൂഹം ഒരു ഏകയോഗഘടകമായ സാഹോദര്യമായാണ് നിലനിൽക്കുന്നതെന്നും പാശ്ചാത്യർ ഉൾപ്പെടെ അവിശ്വാസികളെ ആകമാനം നശിപ്പിക്കാനായി ഒരുങ്ങിനിൽക്കുന്നവരായും വീക്ഷിക്കുന്നു.

ഒരു സഹസ്രാബ്ദം മുഴുവനും പാശ്ചാത്യർ പൂർണ്ണമായും ഏഷ്യൻ ശക്തികളോട് അടിപറയുന്ന പോരാട്ടത്തിൽ ഏർപ്പെട്ടിരുന്നു. സ്വയരക്ഷയ്ക്കായവർ പോരാടി. പാശ്ചാത്യരുടെ നിയന്ത്രണത്തിലിരുന്ന പട്ടണങ്ങളും അവരുടെ പ്രശസ്തമായ വിദ്യാകേന്ദ്രങ്ങളും ബൗദ്ധികപ്രയത്നങ്ങളുടെ ഹൃദയസ്ഥാനങ്ങളും ആക്രമണകാരികളായ ഇസ്ലാമികശക്തികൾ ഒന്നിനു പുറകേ ഒന്നായി കൈവശമാക്കി. 636-നും 732-നും ഇടയ്ക്ക് ദമസ്കോസ്, യരുശലേം, കൈസര്യ, സുറിയ, ഈജിപ്ത്, ഉത്തരാഫ്രിക്ക, സ്പെയിൻ ഇവയെല്ലാം ഇസ്ലാമികശക്തികളോടു തോറ്റു. 732-ൽ ഫ്രാങ്കികളുടെ നായകൻ ചാറൻസ് മാട്ട്ൻ പോയിറ്റേർസിനും ടൂർസിനും മദ്ധ്യേ ഇസ്ലാമിന്റെ മുന്നേറ്റം നടന്നു. അയാൾ ആ യുദ്ധത്തിൽ തോറ്റിരുന്നെങ്കിൽ പാശ്ചാത്യലോകം ഒരു അറബി സാമ്രാജ്യമായിരുന്നേനെ എന്നാണ് ടോയൻബിയുടെ വിലയിരുത്തൽ. പടിഞ്ഞാറൻ യൂറോപ്പിനെ ഉണർത്തിയത് ഇസ്ലാമിന്റെ സമ്മർദ്ദം കൊണ്ടാണ്. അറബിയുടെ പോരിന് തക്ക പ്രതികരണം ഉണ്ടാക്കുവാൻ യൂറോപ്പ് തയാറായി. പേർഷ്യക്കാർ ഗ്രീസിനെ ആക്രമിച്ചപ്പോൾ അലക്സാണ്ടർ പ്രതികരിച്ചതിനു തുല്യമാണത്. അലക്സാണ്ടർ ഇന്ത്യയെ ആക്രമിച്ചപ്പോൾ മൗര്യസാമ്രാജ്യം ഉണർന്നു. കുഷാൻ ആക്രമണം ഗുപ്തന്മാർ ശക്തമാക്കാനിടയായി. ഹാനിബോൾ റോമാനഗരം ആക്രമിച്ചതിന്റെ ഫലമായാണ് റോം ശക്തമാകാൻ തുടങ്ങിയത്.

അറബികളോടു തിരിച്ചുയുദ്ധം ചെയ്യാനാവശ്യമായ ശക്തി സംഭരിക്കുന്നതിന് പടിഞ്ഞാറൻ യൂറോപ്പിന് നാലു നൂറ്റാണ്ടുകൾ വേണ്ടിവന്നു. അറബികളുടെ പോര് അവർക്ക് ഉത്തേജനം നൽകി. പശ്ചിമയൂറോപ്പിൽ ലക്ഷ്യം തെറ്റി നിലകൊണ്ട സമൂഹങ്ങളും പരസ്പരം പോരടിക്കുന്ന ഗോത്രങ്ങൾക്കും തങ്ങൾക്കു നഷ്ടമായതു തിരിച്ചുപിടിക്കുവാനുള്ള പ്രേരകശക്തി വീണ്ടെടുത്തു. ഇസ്ലാമിക ജിഹാദാണ് പടിഞ്ഞാറൻ യൂറോപ്പുകാർക്ക് ക്രൂശുയുദ്ധത്തിനുള്ള വീര്യം പകർന്നത്. ഇസ്ലാമിൽ നിന്നാണ് അടിമവ്യാപാരവും യൂറോപ്യന്മാർ പഠിച്ചത്. 1085-നും 1248-നും ഇടയ്ക്ക് റ്റൊളിടോ, ഹൂയസ്ക്കോ, സരഗോസ, കൊർഡോവാ വാലൻഡ്യ മുതലായ പ്രധാന കേന്ദ്രങ്ങളും പാശ്ചാത്യർ വീണ്ടെടുത്തു. പക്ഷേ, ഉത്തരാഫ്രിക്കയും പശ്ചിമേഷ്യയും അവർക്ക് എന്നേക്കുമായി നഷ്ടപ്പെട്ടു. ആ പ്രദേശങ്ങളിലായിരുന്നല്ലോ ക്രിസ്തീയ ദൈവശാസ്ത്രവും ആരാധനക്രമങ്ങളും വളർന്നുവന്നത്. മാത്രമല്ല, ഓട്ടോമാൻമാർ കോൺസ്റ്റാന്റിനോപ്പിളും ബോൾക്കൻ പ്രദേശവും വിയന്നയും ടിപ്പോളിയും മറ്റും പിടിച്ചടക്കി. 1571-ൽ ലിപ്പാന്റോയിലെ വിജയത്തിനു വഴിതെളിച്ചത് പാശ്ചാത്യശക്തികളുടെ കൂട്ടായ പ്രയത്നമായിരുന്നു. അത് പാശ്ചാത്യർക്കനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചു. പിന്നെ അവർ പിന്തിരിഞ്ഞില്ല. പക്ഷേ *ഓരോ കാലഘട്ടത്തിനും ഒരവസാനമുണ്ട്. പരസ്പരം ബഹുമാനിച്ചും സ്നേഹിച്ചും കഴിഞ്ഞാൽ മാനവജാതിക്ക് അതിമഹത്തായ പൈതൃകം പാലിക്കാനാകും.*

# ക്രിസ്ത്യൻ എഡിറ്റേഴ്സ് & റൈറ്റേഴ്സ് സൊസൈറ്റി

ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപന്മാർ ഒരുമിച്ചുകൂടി 'ക്രിസ്ത്യൻ എഡിറ്റേഴ്സ് & റൈറ്റേഴ്സ് സൊസൈറ്റി' എന്ന സംഘടനയ്ക്കു രൂപം നൽകി. സംഘടനയുടെ പ്രഥമ പൊതുയോഗം ജൂൺ 14-ന് തിരുവല്ല പുലാത്തീനിൽ ചേരുന്നതാണ്.

കത്തോലിക്കാ, കത്തോലിക്കേതര എപ്പിസ്കോപ്പൽ, പെന്തക്കോസ്തു സഭാവിഭാഗങ്ങളിൽ പെട്ടവർ വിശാല എക്യുമെനിക്കൽ കാഴ്ചപ്പാടോടെ ഒരു വേദിയുണ്ടാക്കുന്നത് ലോകസഭാചരിത്രത്തിൽ ഒരപൂർവസംഭവമാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ സഹകരിക്കാവുന്ന മേഖലകൾ കണ്ടെത്തി ഒരുമിച്ചു പ്രവർത്തിക്കുന്നതിലൂടെ ക്രൈസ്തവസാക്ഷ്യം കൂടുതൽ ഫലപ്രദവും പ്രസക്തവുമായി നിർവഹിക്കാനാവുമെന്ന് ഈ സംരംഭത്തിനു നേതൃത്വം കൊടുത്ത ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്ത അഭിപ്രായപ്പെടുകയുണ്ടായി.

## സംഘടനാ ഭാരവാഹികൾ

| | | |
|---|---|---|
| രക്ഷാധികാരി | : | ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്ത |
| പ്രസിഡന്റ് | : | ഫാ. ഡോ. പോൾ തലക്കാട് (സത്യദീപം) |
| വൈസ് പ്രസിഡന്റുമാർ | : | മി. വി. എം. മാത്യു (ഗുഡ് ന്യൂസ് വീക്ക്ലി) |
| | | ഫാ. ഡോ. ജോൺ പണിക്കർ (മലങ്കരസഭ) |
| | | പ്രൊഫ. എം. തോമസ് മാത്യു (കേരള യുവത) |
| ജനറൽ സെക്രട്ടറി | : | ഡോ. മാത്യു കോശി പുന്നയ്ക്കാട് (ന്യൂ വിഷൻ) |
| ജോയിന്റ് സെക്രട്ടറിമാർ | : | റവ. ജോയി മാത്യു (ഫെലോഷിപ്പ് ബേക്കൺ) |
| | | ശ്രീമതി കുസുമം തോമസ് (വനിതാബോധിനി), മേജർ എസ്. ഇമ്മാനുവൽ (വാർ ക്രൈ) |
| അംഗങ്ങൾ | : | ശ്രീ. കെ. ഐ. അലക്സാണ്ടർ, ശ്രീ. കെ. എ. മാത്യു (ധർമദീപ്തി) |

# വാർധക്യം കുതിപ്പും കിതപ്പും

പ്രൊഫ. സി. മാമച്ചൻ

കുടുംബസദസ്സുകളിൽ വയോജനങ്ങൾക്കു കിട്ടുന്ന പ്രാമാണ്യവും സ്വാധീനവും അവരുടെ ആത്മവിശ്വാസം വളർത്തുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിനും അത്യന്താപേക്ഷിതമാണെന്ന് യുവജനങ്ങൾ മനസ്സിലാക്കണം. "അപ്പനു വേണ്ടതെല്ലാം ഇവിടെയുണ്ടല്ലോ. എന്താണൊരു കുറവ്? എവിടെപ്പോകാനും ഡ്രൈവറും കാറുമുണ്ട്. സഹായിക്കാൻ വേലക്കാരും." ഇങ്ങനെ പറഞ്ഞ ഒരു മാന്യവ്യക്തിയുടെ പിതാവിനോടു സംസാരിക്കാനിടയായി. അദ്ദേഹം പറയുന്നു : "അവന്റെ സുഖസൗകര്യങ്ങളൊന്നും എനിക്കാവശ്യമില്ല. മകന്റെ കുടുംബത്തോടൊപ്പം ദിവസം കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും എനിക്കു ചെലവഴിക്കണം. പ്രാർത്ഥന, ഭക്ഷണം, സംഭാഷണവേള ഇതെല്ലാം ഉണ്ടായാൽത്തന്നെ ഞാൻ തൃപ്തനാണ്. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയോ? അവൻ രാത്രിയിൽ ഏതെങ്കിലുമൊരു നേരത്തു വന്നുകേറും. കൊച്ചുമക്കളെ കാണാൻ കിട്ടുകയില്ല. ഒരുമിച്ചിരുന്ന് ഭക്ഷണമോ പ്രാർത്ഥനയോ ഇല്ല." സാമാന്യം നല്ല സാമ്പത്തിക സുസ്ഥിരതയുള്ള വയോജനങ്ങളിൽ ഏറെപ്പേരുടെയും പരാതിയാണിത്.

മൂന്നാം തലമുറയുടെ (പേരക്കുട്ടികളുടെ) മൂല്യബോധത്തെ കഴിഞ്ഞ കാലങ്ങളിൽ സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നതിൽ നിർണായകമായ പങ്ക് ഒന്നാം തലമുറയ്ക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് പഠനകാര്യങ്ങളിൽ നിന്ന് ഒരു നിമിഷം പോലും കുട്ടികൾ മാറിനിൽക്കാൻ മാതാപിതാക്കൾ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് വയോജനങ്ങളുമായി കുഞ്ഞുങ്ങൾ ഇടപഴകാനുപയോഗിക്കുന്ന സമയം ഒരു നഷ്ടമായി യുവജനങ്ങൾ കാണുന്നു. പഴയ കാര്യങ്ങളും അനുഭവങ്ങളും ആരെയെങ്കിലും കേൾപ്പിക്കാൻ വെമ്പൽ കൊള്ളുന്ന വൃദ്ധജനങ്ങൾ ഇളംതലമുറയെ വഴിതെറ്റിക്കുന്നുവെന്നാണ് പരാതി. "പഴയകാലത്തെ ഇല്ലായ്മകളുടെയും ബന്ധങ്ങളുടെയും കഥകൾ എന്തിനാണവരെ അറിയിച്ച് അസ്വസ്ഥരാക്കുന്നത്. അങ്ങനെ ചെയ്യുന്നതിലൂടെ നമ്മളോടുള്ള അവരുടെ മതിപ്പു കുറയുകയേയുള്ളൂ. അതൊന്നും അവരറിയേണ്ടതില്ല." ചരിത്രബോധം നഷ്ടപ്പെട്ട ഒരു തലമുറയെ സൃഷ്ടിക്കാൻ മാത്രമേ ഇത്തരമൊരു മനോഭാവം സഹായിക്കൂ. കഴിഞ്ഞ കാലയനുഭവങ്ങൾ പാഠമായി ഉൾക്കൊള്ളാനില്ലാത്ത ഒരു തലമുറയുടെ നിലപാടുതറ ശൂന്യമാകയാൽ ഒര കുതിപ്പ് അസാധ്യമാണ്. വൃദ്ധജനങ്ങളുടെ അനുഭവങ്ങളിൽ നിന്നകറ്റപ്പെടുന്ന കുഞ്ഞുങ്ങളുടെ മൂല്യബോധത്തിൽ ശൂന്യത നിറയ്ക്കുന്നത് ഡ്രോയിംഗ് റൂമിൽ നിന്ന് ബെഡ് റൂമിലേക്കു ഒളിച്ചുകടക്കുന്ന നൂറു കണക്കിനു ചാനലുകളാണെന്നതാണ് മഹാകഷ്ടം. തങ്ങളുടെ കുഞ്ഞുങ്ങൾ വൃദ്ധജനങ്ങളോടിടപെടുന്നതിനേക്കാൾ ടിവി കണ്ടിരിക്കുന്നതാണ് നല്ലതെന്നുപോലും യുവാക്കൾ ചിന്തിക്കുന്നു. കുഞ്ഞുങ്ങളും വൃദ്ധജനങ്ങളും തമ്മിലുള്ള ബന്ധം ഊഷ്മളവും ഹൃദ്യവുമായാൽ തലമുറകളുടെ ആഹ്ലാദത്തിന് അതു കാരണമാകും.

കുടുംബവുമായി ബന്ധപ്പെട്ട വിവാഹനിശ്ചയം, വിവാഹം, ജന്മദിനം, മാമോദീസ തുടങ്ങിയ ചടങ്ങുകളിൽ വൃദ്ധജനങ്ങളുടെ സാന്നിധ്യം പണ്ടൊക്കെ ഒഴിവാക്കാനാവാത്ത ഘടകമായിരുന്നു. കാർന്നോന്മാരുടെ സാന്നിധ്യത്തിൽ മാത്രം നടന്നുവന്ന ഇത്തരം ചടങ്ങുകളിൽ നിന്ന് ഇന്നവർ അന്യമാക്കപ്പെട്ടിരിക്കുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദമാണിതിനു പ്രധാന കാരണം. വീട്ടുമുറ്റത്തെ കൊട്ടിലുകളിൽ നടത്തിയിരുന്ന ഇത്തരം പരിപാടികൾക്ക് അകലെയുള്ള ഓഡിറ്റോറിയങ്ങൾ വേദിയായതോടെ വൃദ്ധജനങ്ങളെ അവിടെയെത്തിക്കാനും പരിചരിക്കാനുമുള്ള അസൗകര്യവും, ജനക്കൂട്ടത്തിന്റെ മുമ്പിൽ സ്വന്തം അശക്തത പ്രദർശപ്പിക്കാനുള്ള മടിയും അവരെ അപ്രസക്തരാക്കിയിരിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ യുവജനങ്ങളുടെ നിർബന്ധപൂർവമായ ഇടപെടലും താൽപര്യവും കൊണ്ടു മാത്രമേ വൃദ്ധജനങ്ങളെ മുഖ്യധാരയിൽ നിലനിർത്താനാവൂ. പ്രധാന സന്ദർഭങ്ങളിൽ വൃദ്ധജനങ്ങളെ അംഗീകരിക്കാനുള്ള ശ്രമങ്ങൾ തലമുറകൾക്ക് അനുഗ്രഹദായകമായിരിക്കും.

വാർദ്ധക്യത്തിന്റെ കിതപ്പുകൾ അക്ഷരാർത്ഥത്തിൽ അങ്കനം ചെയ്തിട്ടുള്ള മലയാള നോവലാണ് ടി. വി. കൊച്ചുബാവയുടെ വൃദ്ധസദനം. ഒന്നാം അധ്യായത്തിന്റെ തലക്കെട്ടു തന്നെ "ഇറച്ചിക്കോഴികൾ വിൽപനയ്ക്ക്" എന്നാണ്. കോഴിയുടെ ദുരന്തം തന്നെയാണ് വൃദ്ധർക്കും. കൂട്ടുകുടുംബങ്ങൾ തകർന്നതോടെ വൃദ്ധപരിപാലനം ഒരു വ്യവസായമായും, വൃദ്ധജനങ്ങൾ ഒരു ചരക്കായും മാറിയിരിക്കുന്നു. ഇറച്ചിക്കോഴിയുടെ ബോർഡു പോലെ വൃദ്ധസദനങ്ങളുടെ ബോർഡും പെരുകിയിരിക്കുന്നു. ഹോർമോൺ ട്രീറ്റ്മെന്റിലൂടെ വളർത്തിയെടുത്ത ഇറച്ചിക്കോഴികൾ ആരോഗ്യത്തിനു ഹാനികരമാണെന്നതുപോലെ, വൃദ്ധജനങ്ങളുടെ ശാപവും ക്രോധവും പിൻതലമുറയുടെ ജീവിതവിജയത്തിനു തടസ്സമായി ഭവിക്കും. രണ്ടാൺമക്കൾ ചേർന്ന് കോണ്ടെസ കാറിൽ വൃദ്ധസദനത്തിൽ കൊണ്ടുവരുന്ന 'ഔതത്തന്ത'യുടെ കഥ അയാൾ തന്നെ വിവരിക്കുന്നതായി ഈ നോവലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മക്കളുടെ കൈകളിൽ സ്വത്തെല്ലാം ചെന്നെത്തുകയും, ഭാര്യ മരിച്ച് മരുമക്കൾ ശുശ്രൂഷിക്കുന്നതിൽ വിമുഖത കാട്ടുകയും ചെയ്യുമ്പോൾ പിതാവിന്റെ മനസ്സിൽ അവരോടുള്ള അരിശം നുരഞ്ഞുപൊങ്ങുന്നു. 'ബുദ്ധിപൂർവം മക്കളെ എങ്ങനെ നശിപ്പിക്കാം' എന്നായി ചിന്ത. കണ്ടെത്തിയ വഴിയാകട്ടെ, ഒരു മധുരപ്പതിനേഴുകാരിയെ വിവാഹം കഴിച്ച് ബാക്കി സ്വത്തെല്ലാം അവൾക്കെഴുതിക്കൊടുത്തിട്ട്, അവളെ കുടുംബത്തിലാക്കി ഒറ്റയ്ക്ക് വൃദ്ധസദനത്തിലേക്കു വരിക. സദനത്തിലെത്തിച്ചേർന്ന അദ്ദേഹത്തിന്റെ കണക്കുകൂട്ടലുകളെല്ലാം വളരെ കൃത്യമായിരുന്നു. ഒരാഴ്ചയ്ക്കുള്ളിൽ മൂത്തമകൻ അടികൊണ്ട് ആശുപത്രിയിലായി എന്ന വിവരം കിട്ടി. ഇരുട്ടിൽ ഔതയുടെ ഭാര്യയെ കടന്നുപിടിക്കാനുള്ള ശ്രമത്തിനിടയിലാണ് അതു സംഭവിച്ചത്. ഈ രംഗം ദർശിച്ച മകന്റെ ഭാര്യ തന്നെയായിരിക്കാം മകനെ അടിച്ചത്. ഇതൊക്കെപ്പറയുമ്പോൾ ഔത സന്തോഷംകൊണ്ട് തുള്ളിച്ചാടുന്നുണ്ടായിരുന്നു. അച്ഛനെന്നു വിളിക്കാൻ മടിക്കുന്ന, തന്തയെന്നു പരിഹാസത്തോടെ സംബോധന ചെയ്യുന്ന മക്കളെപ്പറ്റി ഒരു പിതാവ് ഇങ്ങനെയൊക്കെ ചിന്തിച്ചു പോയാൽ എങ്ങനെ അയാളെ കുറ്റപ്പെടുത്താനാവും. ●

**യുവജനങ്ങളുടെ നിർബന്ധപൂർവമായ ഇടപെടലും താൽപര്യവും കൊണ്ടു മാത്രമേ വൃദ്ധജനങ്ങളെ മുഖ്യധാരയിൽ നിലനിർത്താനാവൂ.**

TESTIMONY

# The testimony of my conversion

GEETA MONDOL

I am the eldest child of my parents. I grew up in a joint family where my grandmother would get all the children sit with her at dusk and hear stories of scripture, stories of the days of undivided India and the life of my family in the present Pakistan. The days of partition when people raised against each other, and neighbours suspected neighbours. The horrors of partition and the faith that sustained them. The togetherness that helped all of them stick to each other when they fled for their lives with just the clothes on their backs. This joint entity was what I grew up with.

So, when I first became a Christian, I was not familiar with the 'jargon' which now so easily slips off my mouth. I was part of a Bible study where most others were also first generation Christians and so, we all spoke the same language. That was normal English. My first direct contact with Christian 'jargon' was when I went to join the seminary. Or at least that was the time when I first felt Christian language was different from the rest of India. During admission time I was asked if I wanted to join the course on 'Eschatology' or "Ecclesiology". I could not understand what both words meant. Now, so as not to appear like an idiot, I said 'Yes' to Ecclesiology, but my brain kept thinking, "What is Theology"? Then came a host of other words, the most offensive to me, was 'convert'. Somehow for me, the word always meant 'you are not part of us'. I was not part of the Hindu community any longer and I was never fully part of the Christian community. I was never a Christian. Always a convert!

Along with that, came the baggage of testimony. Testimony was (and for the most part still is) curiosity garbed in holiness. Testimony that ended with the day I accepted Christ, testimony which meant that people wanted to hear the struggles I faced as a believer from the 'pagans' or 'heathens', namely my own parents or people of my own family. The worse my past, the better my testimony. The more atrocities my parents heaped on me the better it was. Somehow they would never understand that to say anything against my family would be to me a betrayal towards my family. I could never tell a bunch of strangers what I struggled with my family. They just bore the pain and repercussions of my deed. I could no more talk badly of them than I could talk of myself. They were and still are a part of me. And yet, the words that were reserved by the Christian community for these people who carried my cross was 'heathens' or 'pagans'. It hurts still to see that I never received anything but love from them and have had more support in my faith from these pagans than from some people in the Christian community.

Here I would like to share an example. I was at my parent's home for my confinement. My second child was to be born. My mother would take care of my elder son while I had my quiet time. One day while I was having my quiet time, a phone call came. It was from a Christian. My mother said, "She cannot talk to you now, she is praying". This person said, "Tell her it's an STD call". My mother was amazed. She said, "But she is talking to God." It is against such people that I was asked to share things that would make me part of the Christian community. But somehow it seemed like a requirement to be accepted as part of my initiation rite into the Christian club. It somehow never occurred that testimony is not how bad some people are and how good our Lord is. It is not about how many atrocities we suffered, but the faithfulness of God in the midst of it. On the whole, it is important for us to realize that labelling, be it in spiritual issues or social or physical, never does give complete pictures but rather, it places people into boxes that stunt our thinking towards them.

Here I would like to give the example of a foreign missionary whom I met quite recently. She works among Nepali people, speaks fluent Nepali, but what touched me was her heart for the Nepali people. She shared with us the lives of the Nepali people in the Indian sub-continent. You could hear her anger when she talked of atrocities in a certain country; of the struggles they faced in India. This is the kind of heart we need to have even before we begin to evangelise. How many times we come from our self-righteous pedestals to look down on these poor pagans who are so deluded and stuffed the gospel down their throats only to have them throw up right at our faces. Jesus, as we look at his life, offended mainly one group of people, namely the Sadducees and Pharisees. To the prostitute, the Samaritan, and the tax collector he was ever loving. Jesus never compromised his belief, but it was always with love and concern of the person. We as Christians are good at speaking the truth though rarely with love.

Another thing that really hurts is the way people speak. Some of the new evangelists, in their fervour to preach the gospel, forget the common language of respect to others and elders. ***No matter what people believe, they are worthy of respect and honour, because they are created in the image of God.*** It would do well for us to remember common courtesies. No matter what we believe of people, we need also to be careful in saying the right word. So, even if we believe that a person is blind, we need not call him, "You blind fool". Also, we should never speak disrespectfully about their scripture and gods. In Rishikesh, and even elsewhere, we hear Christians speak of 'the elephant god', 'the monkey god', and using the word Bandar for Hanuman. What harm is there in saying the name of the god and adding a 'ji' with it. You are not worshipping the god; you are just according respect, not to the god but to the person to whom you are speaking. What harm is there if we accept the Bhagwad Gita (if a Hindu gives it to us to read) with both hands? What is the harm in reading it?

If we keep small courtesies in mind, we will find that our neighbours and friends will meet us with more grace and friendship than ever before. And our friends from non-Christian backgrounds will not feel like Trishanku, but rather a part of the community. They would not have treaded the belongingness for a vacuum, but rather know themselves as part of God's family bonded in love and the Spirit. ●

# ദക്ഷിണേന്ത്യാസഭയും ബിലീവേഴ്സ് ചർച്ചും

ഡോ. കെ. പി. യോഹന്നാന്റെ ബിഷപ്പു സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട് എഡിറ്റോറിയലും ഏതാനും കത്തുകളും മാർച്ച് ലക്കം ന്യൂ വിഷനിൽ ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. വായനക്കാരുടെ പ്രതികരണങ്ങൾക്ക് വിശദീകരണമാവശ്യമാണെന്നതിനാലാണ് ഈ കുറിപ്പ്.

എപ്പിസ്കോപ്പൽ സഭകൾ തമ്മിൽ മാത്രമേ ഐക്യചർച്ചകൾ നടത്താവൂ എന്നു ഞങ്ങൾ പറഞ്ഞിട്ടില്ല. യേശുക്രിസ്തുവിലും വേദപുസ്തകത്തിലും വിശ്വസിക്കുന്ന ആരുമായും ചർച്ചകൾ നടത്തുന്നതിൽ യാതൊരപാകതയുമില്ല. സഹകരിക്കാവുന്ന മേഖലകൾ കണ്ടെത്തി ഒരുമിച്ചുപ്രവർത്തിക്കുന്നതാണ് പ്രസക്തമായ ക്രൈസ്തവസാക്ഷ്യം. ഐക്യത്തെക്കുറിച്ചും, സഹകരിക്കാവുന്ന മേഖലകൾ കണ്ടെത്തുന്നതിനെക്കുറിച്ചും ഓരോ സഭയ്ക്കും അതിന്റേതായ സംവിധാനങ്ങളും നടപടിക്രമങ്ങളുമുണ്ട്. ദക്ഷിണേന്ത്യാസഭയ്ക്കാണെങ്കിൽ ദൈവശാസ്ത്രകമ്മിഷൻ, ലിറ്റർജി കമ്മിഷൻ തുടങ്ങിയ സമിതികളുണ്ട്. ഇതരസഭകളുമായുള്ള ബന്ധം, വിവിധ വിഷയങ്ങളോടുള്ള ദൈവശാസ്ത്രസമീപനം, ആരാധനക്രമത്തിൽ വരുത്തേണ്ട മാറ്റങ്ങൾ തുടങ്ങിയവ ഈ കമ്മിറ്റികളിലാണ് ചർച്ച ചെയ്യുന്നത്. ഈ കമ്മിഷനുകളുടെ നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടത് സി.എസ്.ഐ. സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. ഇരുപത്തിയൊന്ന് മഹായിടവകകളിലെ പ്രതിനിധികളടങ്ങിയ പ്രസ്തുത കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ സുതാര്യമാണ്. ദക്ഷിണേന്ത്യയിലെ എപ്പിസ്കോപ്പൽ സഭകളിൽ ഏറ്റവും കൂടുതൽ ജനാധിപത്യസ്വഭാവമുള്ളത് സി.എസ്.ഐ. യിലാണ്. സി.എസ്.ഐ. സിനഡ് എക്സിക്യൂട്ടീവിൽ ബിഷപ്പുമാരെ കൂടാതെ വൈദികരുടെയും അൽമായരുടെയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഉൾപ്പെടുന്നു. സഭയിലെ എല്ലാ കാര്യങ്ങളിലും അവസാനതീരുമാനമെടുക്കുന്ന സമിതിയാണിത്. ഒരു സി.എസ്.ഐ. ബിഷപ്പ് സഭാഭരണഘടനയ്ക്കു വിധേയനായ ബിഷപ്പായിരിക്കണമെന്നു എടുത്തുപറയുന്നുണ്ട്. ഒരു വൈദികനെ ബിഷപ്പായി വാഴിക്കാനുള്ള അധികാരം സിനഡ് എക്സിക്യൂട്ടീവ് നൽകുമ്പോൾ മാത്രമേ മോഡറേറ്റർക്ക് അതു ലഭിക്കുന്നുള്ളൂ. മഹായിടവകകളിലാണെങ്കിൽ, ബന്ധപ്പെട്ട കമ്മിറ്റി പാസ്സാക്കിയതിനുശേഷം ഡയോസിസൻഎക്സിക്യൂട്ടീവ് അംഗീകാരം കൊടുക്കുമ്പോൾ മാത്രമേ ഒരാൾക്കു വൈദികപട്ടം നൽകുവാനുള്ള അധികാരം ബിഷപ്പിന് ലഭിക്കുന്നുള്ളൂ. ദക്ഷിണേന്ത്യാസഭയുടെ തിരുവത്താഴശുശ്രൂഷ അനുഭവിക്കുവാൻ സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമാ സഭാവിശ്വാസികൾക്കേ അനുവാദമുള്ളൂ. പെന്തക്കോസ്തുകാരുൾപ്പെടെയുള്ള സഭാവിഭാഗങ്ങൾക്ക് സി.എസ്.ഐ. ക്രമമനുസരിച്ച് തിരുവത്താഴമനുഷ്ഠിക്കുന്നത് സി.എസ്.ഐ.യുടെ അച്ചടക്കത്തിനു വിരുദ്ധമാണ്.

ബിലീവേഴ്സ് ചർച്ചിനെ സി.എസ്.ഐ. ഇതുവരെ അംഗീകരിച്ചിട്ടില്ല. അത്തരമൊരു സഭയുടെ നേതാവിനെ സി.എസ്.ഐ. സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദം കൂടാതെ രഹസ്യമായി ബിഷപ്പായി വാഴിച്ച നടപടിയാണ് വിവാദമായത്. മദ്ധ്യകേരളമഹായിടവകയുടെ പരിധിയിൽപ്പെട്ട തിരുവല്ലയിൽ വച്ച് ഡയോസിസൻ ബിഷപ്പോ ഭാരവാഹികളോ അറിയാതെ നടത്തിയ ഈ സ്ഥാനാഭിഷേകത്തിൽ നിഗൂഢതകളുണ്ടെന്നു വ്യക്തമാണ്. സി.എസ്.ഐ. തിരുവത്താഴ ശുശ്രൂഷയിൽ വിശ്വസിക്കാത്തവർക്ക് തിരുവത്താഴം നൽകിയത് അവഹേളനപരമായ നടപടിയല്ലേ? ഇവയ്ക്കെല്ലാമെതിരെ സി.എസ്.ഐ.സഭാവിശ്വാസികൾ പ്രതികരിച്ചതു ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിനാലത്രെ ന്യൂ വിഷനിൽ പ്രസിദ്ധീകരിച്ചത്.

ഡോ. കെ. പി. യോഹന്നാൻ മെത്രാപ്പോലീത്തയെയോ, അദ്ദേഹത്തിന്റെ ബിലീവേഴ്സ് ചർച്ചിനെയോ വിമർശിക്കുവാനോ ചെറുതാക്കി കാണിക്കുവാനോ ഞങ്ങൾക്കു യാതൊരുദ്ദേശ്യവുമില്ല. സഭാഭരണഘടനയനുസരിച്ചു പ്രവർത്തിക്കുന്നതിൽ സി.എസ്.ഐ. മോഡറേറ്റർ ഗുരുതരമായ വീഴ്ച വരുത്തി. അതു ചൂണ്ടിക്കാണിക്കണമെന്നു മാത്രമേ ഞങ്ങൾ ഉദ്ദേശിച്ചുള്ളൂ.

*ചീഫ് എഡിറ്റർ*

## കെ. സി. സി. വാർത്തകൾ

കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ വാർഷിക അസംബ്ലി മെയ് 29 മുതൽ 31 വരെ കുമളിയിൽ നടത്തപ്പെടുന്നതാണ്. "Christian witness in the emerging colonial context" എന്നതാണ് മുഖ്യചിന്താവിഷയം. 12 അംഗസഭകളിൽ നിന്നും 19 അംഗഎക്യുമെനിക്കൽ സംഘടനകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കും.

■■

കെ. സി. സി. യൂത്ത് അസംബ്ലി മെയ് 27 മുതൽ 20 വരെ കുമളിയിൽ നടത്തപ്പെടുന്നതാണ്. മുഖ്യചിന്താവിഷയം "അധിനിവേശത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തീയസാക്ഷ്യം" എന്നതാണ്. കേരളത്തിലെ വിവിധ യുവജനപ്രസ്ഥാനങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കും.

Registered with the Registrar of Newspapers for India
under No. KER BIL/2000/1543
Annual subscription: Rs. 75/-
Postal Regn. No KL/CR/KTM/362/2003-05







Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ▪ Printed at Learners' Offset Printers, C.M.S. College Road, Kottayam